# സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള
# ദേശീയ നയപരിപാടി

സാമ്പത്തിക ഉൾപ്പെടുത്തൽ 2019– 2024 നുള്ള ദേശീയ നയപരിപാടി, സാമ്പത്തിക മേഖലയിലെ എല്ലാ പങ്കാളികളെയും വിശാലമായി ഉൾപ്പെടുത്തി ഒന്നിച്ചുകൂട്ടുന്ന നടപടികളിലൂടെ ദേശീയ തലത്തിൽ സാമ്പത്തിക ഉൾപ്പെടുത്തൽ പ്രക്രിയ വികസിപ്പിക്കാനും സുസ്ഥിരമാക്കാനും സഹായിക്കുന്ന ഇന്ത്യയിലെ സാമ്പത്തിക ഉൾപ്പെടുത്തൽ നയപരിപാടിയുടെ കാഴ്ചപ്പാടുകളും സുപ്രധാന ലക്ഷ്യങ്ങളും പ്രതിപാദിയ്ക്കുന്നു.

ഈ നയപരിപാടി, താങ്ങാവുന്ന രീതിയിൽ ഔപചാരിക സാമ്പത്തിക സേവനം പ്രാപ്യമാക്കൽ, സാമ്പത്തിക ഉൾപ്പെടുത്തൽ വിശാലവും ആഴമുള്ളതുമാക്കൽ, സാമ്പത്തിക സാക്ഷരതയും ഉപഭോക്തൃ സംരക്ഷണവും പ്രോത്സാഹിപ്പിക്കൽ എന്നിവ ലക്ഷ്യം വെയ്ക്കുന്നു.

# സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള ദേശീയ നയപരിപാടി 2019 – 2024

സാമ്പത്തിക ക്ഷേമവും അഭിവൃദ്ധിയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുന്നതിനായി സാമ്പത്തിക ഉൾപ്പെടുത്തൽ ത്വരിതപ്പെടുത്തുന്നതിനുള്ള സമീപന രേഖ.

# കാഴ്ചപ്പാട്


സാമ്പത്തിക സേവനങ്ങൾ സാർവത്രികമായി പ്രാപ്യമാക്കൽ
അടിസ്ഥാന സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കൽ
ഫലപ്രദമായ ഏകോപനം
സമഗ്രവും മാറ്റങ്ങളെ ഉൾക്കൊണ്ട് അതിജീവിക്കുന്നതുമായ രീതിയിൽ വിവിധ പങ്കാളികളാൽ നയിക്കപ്പെടുന്ന വളർച്ചയെ പിന്തുണയ്ക്കുന്നതുവഴി സുരക്ഷിതവും സുതാര്യവുമായ രീതിയിൽ എല്ലാ പൗരന്മാർക്കും സാമ്പത്തിക സേവനങ്ങൾ ലഭ്യവും പ്രാപ്യവും താങ്ങാവുന്നതുമാക്കൽ.
ഉപജീവന മാർഗവും നൈപുണ്യ വികസനവും പ്രാപ്യമാക്കൽ
സാമ്പത്തിക സാക്ഷരതയും വിദ്യാഭ്യാസവും
ഉപഭോക്തൃ സംരക്ഷണവും പരാതി പരിഹരിക്കലും

# ഉള്ളടക്കം

**ചുരുക്കെഴുത്ത്**

**അദ്ധ്യായങ്ങൾ**

1. ആമുഖം 01
2. രാജ്യവ്യാപകമായ വിശകലനവും പാഠങ്ങളും 04
3. ഇന്ത്യയിലെ സാമ്പത്തിക ഉൾപ്പെടുത്തലിന്റെ സ്ഥിതി 08
4. തന്ത്രപ്രധാന ലക്ഷ്യങ്ങൾ 17
5. ശുപാർശകൾ 24
6. സാമ്പത്തിക ഉൾപ്പെടുത്തൽ പുരോഗതിയുടെ അളവ് 26
7. ഉപസംഹാരം 33

**ഗ്രന്ഥസൂചി**

# ചുരുക്കെഴുത്തുകൾ

| | |
|---|---|
| എപിബിഎസ് | ആധാർ പെയ്മെന്റ് ബ്രിഡ്ജ് സിസ്റ്റം |
| എഇപിഎസ് | ആധാർ എനേബ്ൾഡ് പെയ്മെന്റ് സിസ്റ്റം |
| എഎഫ്ഐ | അലിയൻസ് ഫോർ ഫിനാൻഷ്യൽ ഇൻക്ലൂഷൻ |
| എഎൻബിസി | അഡ്ജസ്റ്റഡ് നെറ്റ് ബാങ്ക് ക്രെഡിറ്റ് |
| എടിഎം | ആട്ടോമേറ്റഡ് ടെല്ലർ മെഷീൻ |
| എപിവൈ | അടൽ പെൻഷൻ യോജന |
| ബിസി | ബിസിനസ് കറസ്പോണ്ടന്റ് |
| ബിഎൽബിസി | ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി |
| ബിഎസ്ബിഡിഎ | ബേസിക് സേവിങ്സ് ബാങ്ക് ഡെപ്പോസിറ്റ് അക്കൗണ്ട്. |
| സിബിഎസ്ഇ | സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എജ്യൂക്കേഷൻ |
| സിബികെ | സെൻട്രൽ ബാങ്ക് ഓഫ് കെനിയ |
| സിസിസി | സർട്ടിഫൈഡ് ക്രെഡിറ്റ് കൗൺസിലേഴ്സ് |
| സിഡിഡി | കസ്റ്റമർ ഡ്യു ഡിലിജെൻസ് |
| സിഎഫ്എൽ | സെന്റർ ഫോർ ഫിനാൻഷ്യൽ ലിറ്ററസി. |
| സിജിഎപി | കൺസൾട്ടേറ്റീവ് ഗ്രൂപ്പ് ടു അസിസ്റ്റ് ദ പുവർ. |
| സികെവൈസി രജിസ്ട്രി | സെൻട്രൽ നോ യുവർ കസ്റ്റമർ രജിസ്ട്രി. |
| സിഎംപിഎഫ്ഐ | കമ്മിറ്റി ഓൺ മീഡിയം ടേം പാത്ത് ഓൺ ഫിനാൻഷ്യൽ ഇൻക്ലൂഷൻ. |
| സിഎൻ എഐഎഫ് | നാഷണൽ കൗൺസിൽ ഫോർ ഫിനാൻഷ്യൽ ഇൻക്ലൂഷൻ. |
| സിഎസ്സി | കോമൺ സർവീസ് സെന്റർ. |
| സിടിഎസ് | ചെക്ക് ട്രങ്കേഷൻ സിസ്റ്റം. |
| ഡിഎവൈ | ദീൻദയാൽ അന്ത്യോദയ യോജന. |
| ഡിഎവൈ-എൻയുഎൽഎം | ദീൻദയാൽ അന്ത്യോദയ യോജന നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ. |
| ഡിബിടി | ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ. |
| ഡിസിസി | ഡിസ്ട്രിക്റ്റ് കൺസൾട്ടേറ്റീവ് കമ്മിറ്റി. |
| ഡിസിസിബി | ഡിസ്ട്രിക്റ്റ് സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക്. |
| ഡിഡിയു-ജികെവൈ | പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന. |
| ഡിഎഫ്എസ് | ഡിപ്പാർട്ട്മെന്റ് ഓഫ് ഫിനാൻഷ്യൽ സർവീസസ്. |
| ഡിഎൽആർസി | ഡിസ്ട്രിക്റ്റ് ലെവൽ റിവ്യൂ കമ്മിറ്റി. |
| എഫ്എഎംഇ | ഫിനാൻഷ്യൽ അവെയർനെസ് മെസേജ്. |
| എഫ്എൽസി | ഫിനാൻഷ്യൽ ലിറ്ററസി സെന്റർ. |
| എഫ്ഐഎസി | ഫിനാൻഷ്യൽ ഇൻക്ലൂഷൻ അഡ്വൈസറി കമ്മിറ്റി. |
| എഫ്ഐഎഫ് | ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഫണ്ട്. |
| എഫ്ഐപി | ഫിനാൻഷ്യൽ ഇൻക്ലൂഷൻ പ്ലാൻ. |
| എഫ്എസ്ഡിസി | ഫിനാൻഷ്യൽ സ്റ്റെബിലിറ്റി ആൻഡ് ഡവലപ്പ്മെന്റ് കൗൺസിൽ. |
| ജിസിസി | ജനറൽ ക്രെഡിറ്റ് കാർഡ്. |
| ജിപിഎഫ്ഐ | ഗ്ലോബൽ പാർട്ട്ണർഷിപ്പ് ഫോർ ഫിനാൻഷ്യൽ ഇൻക്ലൂഷൻ. |
| ജി2പി | ഗവൺമെന്റ് ടു പേർസൺ. |
| ഐബിഎ | ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ. |
| ഐഎഫ്ഐ | ഇൻഡെക്സ് ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ. |
| ഐഐബിഎഫ് | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിങ് ആൻഡ് ഫിനാൻസ്. |
| ഐഎംഎഫ് | ഇന്റർനാഷണൽ മൊണിറ്ററി ഫണ്ട്/ ഇൻഷുറൻസ് മാർക്കറ്റിങ് ഫേംസ്. |
| ഐഎംപിഎസ് | ഇമ്മീഡിയറ്റ് പെയ്മെന്റ് സർവീസ്. |
| ഐഎൻഎഫ്ഇ | ഇന്റർനാഷണൽ നെറ്റ് വർക്ക് ഫോർ ഫിനാൻഷ്യൽ എജ്യൂക്കേഷൻ. |
| ഐപിപിബി | ഇന്ത്യ പോസ്റ്റ് പെയ്മെന്റ്സ് ബാങ്ക്. |
| ഐഎസ്പി | ഇൻഷുറൻസ് സർവീസ് പ്രൊവൈഡർ. |
| ഐആർ | ഇൻഷുറൻസ് റെപോസിറ്ററി. |
| ഐജിഎൻഒഎപിഎസ് | ഇന്ദിരാ ഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം. |
| ഐസിടി | ഇൻഫോർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി. |
| ഐആർഡിഎഐ | ഇൻഷുറൻസ് റഗുലേറ്ററി ആൻഡ് ഡവലപ്പ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ. |
| ജെഎഎം | ജൻ ധൻ - ആധാർ - മൊബൈൽ. |
| കെവൈസി | നോ യുവർ കസ്റ്റമർ. |
| എൽഡിഒ | ലീഡ് ഡിസ്ട്രിക്റ്റ് ഓഫീസർ. |
| എൽഡബ്ല്യൂഇ | ലെഫ്റ്റ് വിങ് എക്സ്ട്രീമിറ്റ്സ് |
| എംഐഎസ് | മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം. |
| എംജിഎൻആർഇജിഎ- | മഹാത്മ ഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗാരന്റി ആക്ട്. |
| എംഒഎഫ് | മിനിസ്ട്രി ഓഫ് ഫിനാൻസ്. |
| എംഎസ്എംഇ | മൈക്രോ, സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ്. |

| | |
|---|---|
| എൻഎസിഎച്ച് | നാഷണൽ ആട്ടോമേറ്റഡ് ക്ലിയറിങ് ഹൗസ്. |
| എൻഎംസിഎബിഎസ് | നാഷണൽ മിഷൻ ഫോർ കപ്പാസിറ്റി ബിൽഡിങ് ഓഫ് ബാങ്കേഴ്സ് ഫോർ ഫിനാൻസിങ് എംഎസ്എംഇ സെക്ടർ. |
| എൻഎബിഎആർഡി | നാഷണൽ ബാങ്ക് ഫോർ അഗ്രി കൾച്ചർ ആൻഡ് റൂറൽ ഡവല പ്പ്മെന്റ്. |
| എൻഇഎഫ്ടി | നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ. |
| എൻഇആർ | നോർത്ത് ഈസ്റ്റേൺ റീജിയൺ. |
| എൻസിഎഫ്ഇ | നാഷണൽ സെന്റർ ഫോർ ഫിനാൻഷ്യൽ എജ്യൂക്കേഷൻ. |
| എൻഎഫ്ഐഎസ് | നാഷണൽ ഫിനാൻഷ്യൽ ഇൻക്ലൂഷൻ സ്ട്രാറ്റജി. |
| എൻപിസിഐ | നാഷണൽ പെയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ. |
| എൻജിഒ | നോൺ ഗവൺമെന്റ് ഓർഗനൈ സേഷൻ. |
| എൻപിഎസ് | നാഷണൽ പെൻഷൻ സിസ്റ്റം. |
| എൻആർഎൽഎം | നാഷണൽ റൂറൽ ലൈവ്ലി ഹുഡസ് മിഷൻ. |
| എൻഎസ്എഫ്ഐ | നാഷണൽ സ്ട്രാറ്റജി ഫോർ ഫിനാൻഷ്യൽ ഇൻക്ലൂഷൻ. |
| എൻയുഎൽഎം | നാഷണൽ അർബൻ ലൈവ്ലി ഹുഡ്സ് മിഷൻ. |
| എൻഡബ്ല്യുആർ | നെഗോഷ്യബ്ൾ വെയർഹൗസ് റെസിപ്റ്റ്സ്. |
| ഒഇസിഡി | ഓർഗനൈസേഷൻ ഫോർ എക്കണോമിക് കോപ്പറേഷൻ ആൻഡ് ഡവലപ്പ്മെന്റ്. |
| പിഎസിഎസ് | പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. |
| പി2ബി | പേഴ്സൺ ടു ബിസിനസ്. |
| പി2പി | പേഴ്സൺ ടു പേഴ്സൺ/ പീർ ടു പീർ |
| പി2ജി | പേഴ്സൺ ടു ഗവൺമെന്റ്. |
| പിസിആർ | പബ്ലിക് ക്രെഡിറ്റ് രജിസ്ട്രി. |
| പിഎംഇജിപി | പ്രധാൻ മന്ത്രി എപ്ലോയ്മെന്റ് ഗാരന്റി പ്രോഗ്രാം. |
| പിഎംകെവിവൈ | പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന. |
| പിഎംജെഡിവൈ | പ്രധാൻ മന്ത്രി ജൻ ധൻ യോജന. |
| പിപിഎഫ് | പബ്ലിക് പ്രൊവിഡന്റ് ഫണ്ട്. |
| പിബി | പെയ്മെന്റ്സ് ബാങ്ക്. |
| പിഎംജെജെബിവൈ | പ്രധാൻ മന്ത്രി ജീവൻ ജ്യോതി ഭീമ യോജന. |
| പിഎംഎംവൈ | പ്രധാൻ മന്ത്രി മുദ്ര യോജന. |
| പിഎംഎസ്ബിവൈ | പ്രധാൻ മന്ത്രി സുരക്ഷ ഭീമ യോജന. |
| പിഎഫ്ആർഡിഎ | പെൻഷൻ ഫണ്ട് റഗുലേറ്ററി ആൻഡ് ഡവലപ്പ്മെന്റ് അതോറിറ്റി. |
| പിഎസ്ജിഐസി | പബ്ലിക് സെക്ടർ ജനറൽ ഇൻഷു റൻസ് കമ്പനീസ്. |
| ആർഒസി | രജിസ്ട്രാർ ഒഫ് കമ്പനീസ്. |
| ആർടിജിഎസ് | റിയൽ ടൈം ഗ്രോസ് സെറ്റിൽമെന്റ്. |
| ആർഎക്സ്ഐഎൽ | റിസീവബ്ൾസ് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ. |
| ആർബിഐ | റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. |
| എസ് സി | ഷെഡ്യൂൾഡ് ട്രൈബ്. |
| എസ്ഇബിഐ | സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ. |
| എസ്എഫ്ബി | സ്മോൾ ഫിനാൻസ് ബാങ്ക്സ്. |
| എസ്ഐഡിബിഐ | സ്മോൾ ഇൻഡസ്ട്രീസ് ഡവല പ്പ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ. |
| എസ്എൽബിസി | സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി. |
| എസ്എംഇ | സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ്. |
| എസ്പിവി | സ്പെഷ്യൽ പർപ്പസ് വെഹ്ക്കിൾ. |
| എസ്ആർഎൽഎം | സ്റ്റേറ്റ് റൂറൽ ലൈവ്ലിഹുഡ് മിഷൻ. |
| ടിജിഎഫ്ഐഎഫ്എൽ | ടെക്നിക്കൽ ഗ്രൂപ്പ് ഓൺ ഫിനാൻഷ്യൽ ഇൻക്ലൂഷൻ ആൻഡ് ഫിനാൻഷ്യൽ ലിറ്ററസി. |
| ടിആർഇഡിഎസ് | ട്രേഡ് റിസീവബ്ൾസ് ഡിസ്കൗ ണ്ടിങ് സിസ്റ്റം. |
| യുഎഫ്എ | യൂണിവേഴ്സൽ ഫിനാൻഷ്യൽ ആക്സസ്. |
| യുഐഡിഎഐ | യുനീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ. |
| യുഎൻഎസ്ഡിജി | യുണൈറ്റഡ് നേഷൻസ് സസ്റ്റൈ നബിൾ ഡവലപ്പ്മെന്റ് ഗോൾസ്. |
| യുപിഐ | യൂണിഫൈഡ് പെയ്മെന്റ് ഇന്റർഫെയ്സ്. |
| യുഎസ്എസ്ഡി | അൺസ്ട്രെക്ച്ചേഡ് സപ്ലിമെന്ററി സർവീസ് ഡാറ്റ. |
| ഡബ്ല്യുഡിആർഎ | വെയർഹൗസ് ഡവലപ്പ്മെന്റ് ആൻഡ് റഗുലേറ്ററി അതോറിറ്റി. |

# സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള ദേശീയ നയപരിപാടി

# I ആമുഖം

**1.1** സാമ്പത്തിക ഉൾപ്പെടുത്തൽ ദാരിദ്ര്യ ലഘൂകരണത്തിനും സാമ്പത്തിക വളർച്ചയ്ക്കുമുള്ള സുപ്രധാന ചാലക ശക്തിയാണ് എന്ന കാര്യം ലോകത്താകമാനം കൂടുതൽകൂടുതൽ അംഗീകരിക്കപ്പെട്ടുകൊണ്ടിരിയ്ക്കുകയാണ്. ഔപചാരിക സാമ്പത്തിക സേവനങ്ങൾ പ്രാപ്യമാകുന്നത് തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സാമ്പത്തിക ആഘാതങ്ങൾക്ക് വഴിപ്പെടാനുള്ള സാധ്യത കുറയ്ക്കൽ, മനുഷ്യ മൂലധനത്തിലുള്ള നിക്ഷേപം വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രക്രിയകളെ ഉത്തേജിപ്പിക്കും. ഔപചാരിക സാമ്പത്തിക സേവനങ്ങൾ വേണ്ടത്ര ലഭ്യമല്ലാതായാൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേരിടുന്നതിനും വളർച്ചാ സാധ്യതകൾ പിന്തുടരുന്നതിനും അവരുടെ പരിമിതമായ വിഭവങ്ങളെ അഥവാ സാമ്പത്തിക സ്രോതസുകളെ അല്ലെങ്കിൽ ചെലവേറിയ, അനൗപചാരിക സാമ്പത്തിക സ്രോതസുകളെ ആശ്രയിക്കേണ്ടി വരുന്നു. വിശാലമായ ഒരു തലത്തിൽ, ബൃഹത്തായ സാമ്പത്തിക ഉൾപ്പെടുത്തലിന് സുസ്ഥിരവും സമഗ്രവും സാർവത്രികവുമായ സാമൂഹ്യസാമ്പത്തിക വളർച്ചയെ പിന്തുണയ്ക്കാനാകും.

**1.2** സാമ്പത്തിക ഉൾപ്പെടുത്തൽ ദേശീയ തലത്തിൽ, മൊത്തത്തിലുള്ള സാമ്പത്തിക വരുമാനം അഭിവൃദ്ധിപ്പെടുത്തൽ, ദാരിദ്ര്യവും സാമ്പത്തിക അസമത്വവും ലഘൂകരിയ്ക്കൽ എന്നിവയിൽ വിവിധ തലങ്ങളിൽ സ്വാധീനം ചെലുത്തുന്നതിന് നിരവധി തെളിവുകളുണ്ട്. പ്രത്യേകിച്ച് വനിതാ സാമ്പത്തിക ഉൾപ്പെടുത്തൽ ലിംഗസമത്വത്തിനും സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനും സുപ്രധാനമാണ്. അവരുടെ സാമ്പത്തിക ജീവിതത്തിന്മേൽ വലിയ നിയന്ത്രണം കൈവരുന്നതോടെ സ്ത്രീകൾക്ക് അവരവരെയും തങ്ങളുടെ കുടുംബങ്ങളേയും ദാരിദ്ര്യത്തിൽ നിന്ന് പുറത്തുകടക്കുന്നതിന് സഹായിക്കാൻ കഴിയും. ദാരിദ്ര്യത്തിലേക്ക് വീണുപോകുന്ന അവസ്ഥയ്ക്ക് കുറവ് വരുത്താനും അസംഘടിത മേഖലയിൽ നിന്ന് നേരിടുന്ന ചൂഷണം ഇല്ലാതാക്കാനും അവർക്ക് കഴിയും. അതോടൊപ്പം അവർക്ക് അളക്കാവുന്നതും പൂർണമായും ഉൽപാദനപരവുമായ സാമ്പത്തിക പ്രവർത്തനങ്ങളിൽ പൂർണമായും ഏർപ്പെടാനുള്ള ശേഷി വർദ്ധിപ്പിക്കുകയും ചെയ്യും. സമഗ്രമായൊരു സാമ്പത്തിക സംവിധാനം സുസ്ഥിരതയേയും സത്യസന്ധതയേയും നീതിപൂർവമായ വളർച്ചയേയും പിന്തുണയ്ക്കുന്നു. അതിനാൽ, സാമ്പത്തിക ഉൾപ്പെടുത്തലിന് ശാരീരികവും സാമൂഹിക - സാംസ്കാരികവും മാനസികവും മറ്റുമായ നിരവധി പ്രതിബന്ധങ്ങൾ ഉള്ളതുകൊണ്ട്, നയരൂപീകരണം നടത്തുന്നവരുടെ പ്രത്യേക ശ്രദ്ധ ഇതിൽ പതിയേണ്ടതുണ്ട്. മനഃപൂർവ്വമല്ലാത്ത സാമ്പത്തിക ഒഴിവാക്കലിനുള്ള ചില പ്രധാന കാരണങ്ങൾ താഴെ പറയുന്നു:

**ചിത്രം 1.1. സാമ്പത്തിക ഒഴിവാക്കലിനുള്ള കാരണങ്ങൾ**



### സാമ്പത്തിക ഉൾപ്പെടുത്തലും ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളും

**1.3** ഐക്യരാഷ്ട്ര സഭയുടെ പതിനേഴ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്ഡിജി) 2030ലെ ഏഴാമത്തേത്,[1] സാമ്പത്തിക ഉൾപ്പെടുത്തലിനെ ലോകത്താകമാനം സമൂഹത്തിലെ ദരിദ്രരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും ജീവിത നിലവാരം ഉയർത്തിക്കൊണ്ട് സുസ്ഥിര വികസനം കൈവരിയ്ക്കുന്നതിനുള്ള സുപ്രധാന ഘടകമായി കാണുന്നു എന്നത് ഇവിടെ പ്രസ്താവയോഗ്യമായ സംഗതിയാണ്. (ഹോം- സുസ്ഥിര വികസന ലക്ഷ്യങ്ങൾ, 2018 (Home - Sustainable Development Goals, 2018)

### സാമ്പത്തിക ഉൾപ്പെടുത്തലിനെ ഇന്ത്യൻ സാഹചര്യത്തിൽ നിർവചിക്കൽ

**1.4** "സമൂഹത്തിലെ ദുർബല വിഭാഗങ്ങളേയും താഴ്ന്ന വരുമാനക്കാരേയും പോലുള്ളവർക്ക് സാമ്പത്തിക സേവനങ്ങൾ പ്രാപ്യമാക്കുകയും തക്കസമയത്തുള്ളതും പര്യാപ്തവുമായ വായ്പ താങ്ങാവുന്ന ചിലവിൽ ഉറപ്പാക്കുകയും ചെയ്യുന്ന പ്രക്രിയ" എന്ന് സാമ്പത്തിക ഉൾപ്പെടുത്തൽ നിർവചിക്കപ്പെട്ടിരിക്കുന്നു. (സാമ്പത്തിക ഉൾപ്പെടുത്തൽ സമിതി - അദ്ധ്യക്ഷകൻ: ഡോ. സി രംഗരാജൻ, ആർബിഐ, 2008). സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള ഇടക്കാല മാർഗ സമിതി (അദ്ധ്യക്ഷകൻ: ശ്രീ. ദീപക് മൊഹന്തി, ആർബിഐ, 2015) സാമ്പത്തിക ഉൾപ്പെടുത്തലിനെക്കുറിച്ചുള്ള കാഴ്ചപ്പാട് "ചെറുകിട, നാമമാത്ര കർഷകർക്കും താഴ്ന്ന വരുമാനമുള്ള കുടുംബങ്ങൾക്കും സമ്പാദ്യം, പണമടയ്ക്കൽ, വായ്പ, സർക്കാർ പിന്തുണയുള്ള ഇൻഷുറൻസ്, പെൻഷൻ എന്നിവ ഉൾപ്പെടെയുള്ള ഒരുകൂട്ടം അടിസ്ഥാന ഔപചാരിക സാമ്പത്തിക ഉൽപന്നങ്ങളിലേക്കും സേവനങ്ങളിലേക്കും മിതമായ ചെലവിലുള്ളതും സാമൂഹികമായ പണം കൈമാറ്റം മൂലം ഉത്തരോത്തരം പോഷിപ്പിക്കപ്പെടുന്ന മതിയായ പരിരക്ഷയോട് കൂടിയതും, കൂടാതെ ചിലവ് കുറയ്ക്കുന്നതിനും സേവന വിതരണം മെച്ചപ്പെടുത്തുന്നതിനും സാങ്കേതിക വിദ്യയെ വൻതോതിൽ ആശ്രയിച്ചുകൊണ്ടും ചെറുകിട, നാമമാത്ര സംരംഭകർക്കും ഔപചാരിക സാമ്പത്തിക സേവനങ്ങളുടെ പ്രാപ്യത വർദ്ധിപ്പിക്കുന്ന..." എന്നിങ്ങനെ വിശദമാക്കിയിരിക്കുന്നു.

### സാമ്പത്തിക ഉൾപ്പെടുത്തൽ നയം - അടിസ്ഥാന യുക്തി

**1.5** രാജ്യത്ത് സാമ്പത്തിക ഉൾപ്പെടുത്തൽ വർദ്ധിപ്പിക്കുന്നതിന് ധാരാളം ശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും (അദ്ധ്യായം 3, ഇന്ത്യയിലെ സാമ്പത്തിക ഉൾപ്പെടുത്തലിന്റെ സ്ഥിതി- കാണുക) ഇന്ത്യൻ ജനസംഖ്യയിലെ, നാളിതുവരെയായി സേവനാനുകൂല്യങ്ങൾ പരിമിതമായി മാത്രം ലഭിയ്ക്കുന്നതും ശ്രദ്ധിക്കപ്പെടാതെ പോകുന്നതുമായ വിവിധ വിഭാഗങ്ങൾക്ക് സാമ്പത്തിക സേവനങ്ങളുടെ പ്രാപ്യതയും ഈ സേവനങ്ങളുടെ ഉപയോഗപ്പെടുത്തലും ഉറപ്പാക്കാൻ ഇനിയും ധാരാളം നടപടികൾ ആവശ്യമാണ്. രാജ്യത്തിന്റെ വികസന മുൻഗണനകളിൽ നങ്കൂരമിട്ടിരിയ്ക്കുന്ന എൻഎസ്എഫ്ഐ 2019– 2024, സാമ്പത്തിക ഉൽപന്നങ്ങളും സേവനങ്ങളും പൂർണ വ്യാപ്തിയിൽ പ്രാപ്യമാക്കുന്നതിലുള്ള സ്വാഭാവിക പ്രതിബന്ധങ്ങളെ നേരിടാൻ ശ്രമിയ്ക്കുന്നു. ഒരു സമഗ്ര സാമ്പത്തിക സംവിധാനം (ശക്തമായ സാമ്പത്തിക ഉൾപ്പെടുത്തൽ നയങ്ങൾ, സാമ്പത്തിക വിദ്യാഭ്യാസം, ഉപഭോക്തൃ സംരക്ഷണം എന്നിവയിലൂടെ നിപുണതയോടെ പിന്തുണയ്ക്കപ്പെടുന്നത്) വളർച്ചയ്ക്ക് അനുകൂലം മാത്രമല്ല, വരുമാന അസമത്വവും ദാരിദ്ര്യവും കുറയ്ക്കുന്നതിനും സാമൂഹ്യ ഐക്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തിക വികസനം പങ്കുവെയ്ക്കുന്നതിനുമുള്ള സാധ്യതയോട് കൂടി, ദരിദ്രർക്ക് അനുകൂലവുമാണ്. സാമ്പത്തിക ഒഴിവാക്കൽ, സമൂഹത്തിലെ പിന്നാക്കം നിൽക്കുന്നതും താഴ്ന്ന വരുമാനമുള്ളവരുമായ വിഭാഗങ്ങളെ അനൗപചാരിക സാമ്പത്തിക സ്രോതസുകളല്ലാതെ മറ്റൊരു വഴിയുമില്ലാത്ത അവസ്ഥയിലേക്ക് തള്ളിവിടുന്നു. ഇതവരെ സാമ്പത്തിക ക്ലേശത്തിനും കടത്തിനും, ദാരിദ്ര്യത്തിനും ഇരയാക്കുന്നു.

---

*1. കടുത്ത ദാരിദ്ര്യം ഇല്ലാതാക്കൽ; വിശപ്പ് കുറയ്ക്കുകയും ഭക്ഷ്യ സുരക്ഷയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യൽ; നല്ല ആരോഗ്യവും ക്ഷേമവും കൈവരിയ്ക്കൽ, ലിംഗസമത്വം പ്രോത്സാഹിപ്പിക്കൽ; സുസ്ഥിരവും സമഗ്രവുമായ സാമ്പത്തിക വളർച്ച, സമ്പൂർണവും ഉത്പാദനപരവുമായ തൊഴിൽ, മാന്യമായ ജോലി എന്നിവ പ്രോത്സാഹിപ്പിക്കൽ; മികച്ച അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കൽ, സമഗ്രവും സുസ്ഥിരവുമായ വ്യവസായവത്ക്കരണത്തെ പ്രോത്സാഹിപ്പിക്കുകയും നവീകരണത്തെ പരിപോഷിപ്പിക്കുകയും ചെയ്യുക; രാജ്യങ്ങൾക്കുള്ളിലും രാജ്യങ്ങൾക്കിടയിലും വരുമാന അസമത്വം കുറയ്ക്കുക. കാണുക - https://www.un.org/sustainabledevelopment/sustainable-development-goals/*

**ചിത്രം 1.2 ഉൾപ്പെടുത്തൽ, സാക്ഷരത, പരാതി പരിഹരിക്കൽ**




**1.6** ഇന്ത്യയിലെ സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള ദേശീയ നയപരിപാടി 2019– 2024 സാമ്പത്തിക ഉൾപ്പെടുത്തൽ ഉപദേശക സമിതിയുടെ ആഭിമുഖ്യത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ(ആർബിഐ) തയ്യാറാക്കിയതാണ്. ഇത് ഭാരത സർക്കാർ, സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ(സെബി), ഇൻഷുറൻസ് റഗുലേറ്ററി ആൻഡ് ഡവലപ്പ്മെന്റ് അതോറിറ്റി (ഐആർഡിഎ), പെൻഷൻ ഫണ്ട് റഗുലേറ്ററി ആൻഡ് ഡവലപ്പ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ(പിഎഫ്ആർഡിഎ) എന്നീ മറ്റ് സാമ്പത്തിക മേഖലാ നിയന്ത്രണ അതോറിറ്റികൾ ലഭ്യമാക്കിയ വിവരങ്ങളുടെയും അവരുടെ നിർദ്ദേശങ്ങളുടെയും കൂടി അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ രേഖ ദേശീയ കാർഷിക, ഗ്രാമീണ വികസന ബാങ്ക് (നബാർഡ്), നാഷണൽ പെയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ(എൻപിസിഐ), വാണിജ്യ ബാങ്കുകൾ, കോർപ്പറേറ്റ് ബിസിനസ് കറസ്പോണ്ടന്റ്സ് മുതലായവ ഉൾപ്പെടെയുള്ള വിവിധ സാമ്പത്തിക മേഖലാ പങ്കാളികളുമായി നടത്തിയ വിശാലമായ കൂടിയാലോചനകളുടെ ഫലങ്ങളേയും പ്രതിഫലിപ്പിക്കുന്നതാണ്. ഇതിൽ ഇന്ത്യയിലെ സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ഇപ്പോഴത്തെ സ്ഥിതിയുടെയും സാമ്പത്തിക ഉൾപ്പെടുത്തലിന്റെ പരിമിതികളുടെയും വിശകലനം, പ്രത്യേക സാമ്പത്തിക ഉൾപ്പെടുത്തൽ ലക്ഷ്യങ്ങൾ, ലക്ഷ്യത്തിലെത്തുന്നതിനുള്ള തന്ത്രം, പുരോഗതി അളക്കുന്നതിനുള്ള സംവിധാനം എന്നിവയും ഉൾപ്പെടുന്നു.

# II രാജ്യവ്യാപകമായ വിശകലനവും പാഠങ്ങളും

II. 1 ആഗോളതലത്തിൽ വർദ്ധിച്ചിരിയ്ക്കുന്ന അംഗീകാരവും ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളും (എസ്ഡിജി) ലോകവ്യാപകമായി സുസ്ഥിര വികസനം കൈവരിയ്ക്കുന്നതിനുള്ള മുഖ്യ ഉപാധിയായി സാമ്പത്തിക ഉൾപ്പെടുത്തലിന് ഊന്നൽ നൽകുന്നു. ലോകത്തെമ്പാടുമുള്ള രാജ്യങ്ങൾ ഔപചാരിക സാമ്പത്തിക സേവനങ്ങളുടെ പ്രാപ്യതയും അവയുടെ ഉപയോഗപ്പെടുത്തലും വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ തന്ത്രങ്ങളും നയങ്ങളും വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 2020ൽ സാർവത്രിക സാമ്പത്തിക പ്രാപ്യത(യുഎഫ്എ 2020) കൈവരിയ്ക്കുക എന്നത് ലോക ബാങ്കിന്റെ മുഖ്യ വികസന കാര്യപരിപാടികളിലൊന്നാണ്. ഇത്, നിലവിൽ ഔപചാരിക സാമ്പത്തിക സംവിധാനത്തിന്റെ ഭാഗമല്ലാത്ത പ്രായപൂർത്തിയായ വ്യക്തികൾക്ക് അവരുടെ സാമ്പത്തിക ജീവിതം പരിപാലിക്കുന്നതിന് പണം സൂക്ഷിച്ച് വെയ്ക്കാനും പണം അയയ്ക്കാനും സ്വീകരിക്കാനും കഴിയുന്ന പണമിടപാട് അക്കൗണ്ട് ലഭ്യമാക്കൽ ലക്ഷ്യമിടുന്നു. (സാർവത്രിക സാമ്പത്തിക പ്രാപ്യത, 2020, 2018). ഉത്കർഷേച്ഛ നിറഞ്ഞ ഈ ലക്ഷ്യം കൈവരിയ്ക്കുന്നതിനായി, ലോക ബാങ്ക് ഗ്രൂപ്പ് ഗുണഭോക്തൃ വിഭാഗങ്ങളെ കൃത്യമായി ഉറപ്പിച്ചുകൊണ്ടുള്ള ഇടപെടലുകളിലൂടെ നൂറുകോടി ആളുകൾക്ക് ഒരു പണമിടപാട് അക്കൗണ്ട് പ്രാപ്യമാക്കാൻ പ്രതിജ്ഞാബദ്ധമായിരിക്കുന്നു. അതോടൊപ്പം പൊതു, സ്വകാര്യ മേഖലാ പ്രതിബദ്ധത, നിയമപരവും നിയന്ത്രകവുമായ ചട്ടക്കൂടുകൾ പ്രാപ്തമാക്കൽ, ആഗോളതലത്തിൽ, മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന സംവിധാനങ്ങളുമായി ഒത്തുചേർന്ന് പണമിടപാട് അക്കൗണ്ടുകൾ പ്രാപ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും മാർഗരേഖകളും മുന്നോട്ട് വെച്ചുകൊണ്ട്, സാമ്പത്തിക, ഐസിടി അടിസ്ഥാനസൗകര്യങ്ങളെ താങ്ങിനിർത്തൽ എന്നീ പ്രധാനപ്പെട്ട അടിസ്ഥാന നിർമാണ ശിലകൾ ശക്തിപ്പെടുത്തുന്നതിന് രാജ്യങ്ങളുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നു.

II.2 സർക്കാരിന്റെ മുൻഗണനകളിലുള്ള സാരവത്തായ വ്യത്യാസങ്ങൾ, പരിഷ്ക്കാരങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിനുള്ള സ്ഥാപനപരമായ ശേഷി, സാമ്പത്തിക വിപണിയുടെ വികാസം, പണമിടപാട് നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജനങ്ങളുടെ സാമ്പത്തിക ശേഷി, സാമ്പത്തിക വ്യവഹാരങ്ങളെ നിയന്ത്രിക്കുന്ന സാംസ്കാരിക വിശ്വാസങ്ങൾ എന്നിവ മൂലം ഓരോ രാജ്യത്തിന്റെയും സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള തന്ത്രവും പുരോഗതിയും അനന്യമായതായിരിക്കും. അതിനാൽ നമ്മുടെ സ്വന്തം സാമ്പത്തിക ഉൾപ്പെടുത്തൽ തന്ത്രം രൂപപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള ഉൾക്കാഴ്ച രൂപപ്പെടുത്തുന്നതിന് ഒരു രാജ്യത്തിന്റെ സാമൂഹിക- സാമ്പത്തിക പശ്ചാത്തലം, രാഷ്ട്രീയ വ്യവസ്ഥിതി, സംസ്കാരം, വിശ്വാസങ്ങൾ എന്നിവ മനസ്സിലാക്കാതെയുള്ള, വിവിധ രാജ്യങ്ങളുടെ സാമ്പത്തിക ഉൾപ്പെടുത്തലിന്റെ കേവല നിരൂപണം മതിയാകുകയില്ല. എന്നിരുന്നാലും, മറ്റു രാജ്യങ്ങളിലെ സാമ്പത്തിക ഉൾപ്പെടുത്തലിന്റെ അനുഭവങ്ങളും പ്രതികരണങ്ങളും ശ്രദ്ധിയ്ക്കുന്നതും അവയുടെ അടിസ്ഥാനത്തിൽ അനുമാനങ്ങൾ രൂപപ്പെടുത്തുന്നതും അപ്പോഴും അർത്ഥവത്തായിരിക്കും. വിവിധ രാജ്യങ്ങൾ നടപ്പിലാക്കിയ ദേശീയ തിരിച്ചറിയൽ സംവിധാനത്തിന് സമാനമായി, 2009ൽ ഇന്ത്യ ആധാർ അവതരിപ്പിച്ചു. സാമ്പത്തിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസിലാക്കി, മറ്റ് രാജ്യങ്ങൾ വിഭാവനം ചെയ്തതുപോലെ, നിലവിലെ നയപരിപാടി സാമ്പത്തിക വിദ്യാഭ്യാസത്തെ എൻഎസ്എഫ്ഐയുടെ പ്രധാന തൂണുകളിൽ ഒന്നായി പരിഗണിക്കുന്നു.

II.3 കഴിഞ്ഞ ദശകത്തിൽ, ആഗോളവ്യാപകമായി ഒരു ഔപചാരിക ദേശീയ സാമ്പത്തിക ഉൾപ്പെടുത്തൽ തന്ത്രം (എൻഎഫ്ഐഎസ്) സ്വീകരിയ്ക്കുന്നത് ത്വരിതപ്പെടുത്തി. 2018ന്റെ മധ്യത്തിൽ ബ്രസീൽ, ചൈന, ഇന്തോനേഷ്യ, പെറു, നൈജീരിയ എന്നിവയടക്കമുള്ള 35ൽ അധികം രാജ്യങ്ങൾ എൻഎഫ്ഐഎസ് ആരംഭിച്ചു. 25 രാജ്യങ്ങൾ ഒരു തന്ത്രം വികസിപ്പിക്കുന്നതിനുള്ള നടപടികളിലുമാണ്. കൂടാതെ, നിരവധി രാജ്യങ്ങൾ അവരുടെ പ്രാഥമിക എൻഎഫ്ഐഎസ് നവീകരിയ്ക്കുകയും ചെയ്തു (ലോക ബാങ്ക് ഗ്രൂപ്പ്, 2018). ഏതാനും രാജ്യങ്ങളുടെ തന്ത്രങ്ങളിൽ നിരീക്ഷിക്കപ്പെട്ട ചില പ്രധാന പൊതുകാര്യങ്ങൾ അവലോകനം ചെയ്യപ്പെട്ടത് ചുവടെ സംഗ്രഹിച്ചിരിയ്ക്കുന്നു.

**നേതൃത്വം**

II.4 സാമ്പത്തിക ഉൾപ്പെടുത്തൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് (ദീർഘവീക്ഷണം പുലർത്തുന്ന, അല്ലെങ്കിൽ സ്വാധീന ശക്തിയുള്ള) ശക്തമായ ഒരു നേതൃത്വം പ്രധാനമാണ്. സാമ്പത്തിക ഉൾപ്പെടുത്തൽ നയങ്ങൾക്ക് അവയുടെ പൂർണമായ സാധ്യത യാഥാർത്ഥ്യമാക്കുന്നതിന് സമയം ആവശ്യമാണ്. അതിനാൽ, ഒരു ദീർഘകാല വീക്ഷണവും സുസമന്വിതമായ സമീപനവും അത്യന്താപേക്ഷിതമാണ്.

**ലക്ഷ്യാധിഷ്ഠിത സമീപനം**

II.5 സാമ്പത്തിക ഉൾപ്പെടുത്തൽ നയങ്ങൾ പൊതുവിൽ, എംഎസ്എംഇ, കൃഷി എന്നിവ പോലുള്ള സവിശേഷ മേഖലകളെ, അല്ലെങ്കിൽ (ദുർബലമായ സാമൂഹ്യ-സാമ്പത്തിക സൂചകങ്ങളുള്ള) അഭിലഷിത ജില്ലകൾ പോലുള്ള സവിശേഷ പ്രദേശങ്ങളെയാണ് ലക്ഷ്യമിടുന്നത്. ഓരോ മേഖലയ്ക്കും സവിശേഷമായ പ്രവർത്തന പദ്ധതി വികസിപ്പിക്കുക, ലക്ഷ്യങ്ങൾ നിരീക്ഷിക്കുക, പുരോഗതി അവലോകനം ചെയ്യുക എന്നത് വളരെ പ്രധാനമാണ്.

**നിയന്ത്രണ ചട്ടങ്ങൾ**

II.6 ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ന്യായവും നീതിയുക്തവുമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വിപണിയിലെ കൃത്രിമത്വങ്ങളും തട്ടിപ്പുകളും തടയുന്നതിനും ശക്തമായൊരു നിയന്ത്രണ സംവിധാനവും നിയമസാധുതയുള്ള ചട്ടക്കൂടും ഉണ്ടായിരിക്കണം. കൂടാതെ, പുതുമകൾക്കായി ഉദാരതയും തുറന്ന മനസ്ഥിതിയും അനുവദിയ്ക്കുന്നതിന് ഈ നിയന്ത്രണങ്ങളിൽ മതിയായ ഇടം ഉണ്ടായിരിക്കണം. ഇത്, പ്രാരംഭ പദ്ധതികളെ ദീർഘകാല പ്രവർത്തനക്ഷമത കൈവരിയ്ക്കുന്നതിനും നഷ്ടം ലഘൂകരിയ്ക്കുന്നതിനും നിലവിലുള്ള നിയന്ത്രണ ചട്ടങ്ങൾക്ക് ഉപരിയായുള്ള റഗുലേറ്ററി സാൻഡ്ബോക്സുകളുടെ രൂപത്തിൽ “പരീക്ഷിക്കുക പഠിയ്ക്കുക” എന്ന ഒരു സമീപനം ആവശ്യപ്പെടുന്നു.

**വിപണി വികസനം**

II.7 ലക്ഷ്യം വെച്ചിട്ടുള്ള വിഭാഗങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി, വിവിധ നിയന്ത്രണ സംവിധാനങ്ങളിലൂടെയുള്ള വിപണി വികസനവും ശക്തിപ്പെടുത്തലും പ്രധാനമാണ്. നിലവിലുള്ള ഇടപാടുകാർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഒരു സാർവത്രിക ബാങ്കിങ് സംവിധാനം തുടരാനാകുമ്പോൾതന്നെ, ചെലവ് കുറഞ്ഞതും ഉയർന്ന അളവിലുള്ളതുമായ സേവനം ലഭ്യമാക്കുന്നതിന് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്ന വ്യത്യസ്തമായ സംവിധാനങ്ങളെ അനുവദിയ്ക്കാവുന്നതുമാണ്. വിപണി വികസന പ്രക്രിയ, ഗ്രാമീണ ശൃംഖലകളുടെയും സേവന സംവിധാനങ്ങളുടെയും വിപുലീകരണം; ഗ്രാമീണ മേഖലയ്ക്ക് വായ്പ നൽകുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രാമപ്രദേശങ്ങളിൽ പ്രത്യേക ഉപബ്രാഞ്ചുകൾ സ്ഥാപിക്കുന്നതിനും മുൻഗണനാപരവും വിവേകപൂർവവുമായ നിയമങ്ങൾ അനുവദിക്കൽ; പെൻഷൻ, ഇൻഷുറൻസ്, ഗ്രാമീണ കുടുംബങ്ങൾക്കുള്ള സബ്സിഡികൾ തുടങ്ങിയ വലിയ തോതിലുള്ള പണമിടപാടുകൾ ഡിജിറ്റൽവത്ക്കരിക്കൽ; പുതിയ സ്ഥാപനങ്ങൾ, ഉൽപ്പന്നങ്ങൾ, സേവനങ്ങൾ എന്നിവയുടെ വ്യാപനം തുടങ്ങിയ രൂപങ്ങളിലാകാം.

**അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ**

II. 8 സാമ്പത്തിക സേവനങ്ങളും സാമ്പത്തിക സ്ഥിരതയും സാമൂഹിക ഉത്തരവാദിത്വത്തോടുകൂടിയ സാമ്പത്തിക വളർച്ചയും സാധ്യമാക്കുന്നതിനുള്ള വായ്പാ അടിസ്ഥാന സൗകര്യങ്ങൾ, പണം അടയ്ക്കുകയും സ്വീകരിയ്ക്കുകയും ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഒരു ആവാസവ്യവസ്ഥ വികസിപ്പിക്കുക എന്നത് അത്യന്താപേക്ഷിതമാണ്. ദേശീയതലത്തിലുള്ള തിരിച്ചറിയൽ സംവിധാനം ലഭ്യമാക്കൽ, നിലവിലുള്ള വായ്പാക്കാരുടെയും പുതിയ വായ്പാക്കാരുടെയും സാമ്പത്തിക വിവരങ്ങൾ ശേഖരിച്ച് സംഭരിച്ച് വെയ്ക്കുന്ന ഒരു ക്രെഡിറ്റ് രജിസ്ട്രി ഡാറ്റാ ശേഖരം സജ്ജീകരിക്കൽ, തുറന്നതും സമഗ്രവുമായ ഒരു പണമിടപാട് സംവിധാനം രൂപപ്പെടുത്തൽ എന്നിവ ഈ ദിശയിലുള്ള ചില സുപ്രധാന ചുടവുവെയ്പുകളാണ്. പണരഹിത, കടലാസ് രഹിത സാമ്പത്തിക ഇടപാടിനായി ഉപഭോ

ക്താവിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ ദേശീയ തലത്തിലുള്ള തിരിച്ചറിയൽ അക്കം (നമ്പർ) ഉപയോഗപ്പെടുത്തുന്നതിന് അനുയോജ്യമായ ഒരു ചട്ടക്കൂട് രൂപീകരിക്കുന്നത് ഉപഭോക്താവിനെ മനസിലാക്കിയുള്ള ഉൾപ്പെടുത്തൽ ലളിതമാക്കുകയും പ്രവർത്തനങ്ങൾ എളുപ്പമാക്കുകയും ചെയ്യും. കൂടാതെ, ഇത് സർക്കാരിൽ നിന്നും വ്യക്തിയിലേക്കും (ജി2പി) തിരിച്ചും (പി2ജി) നേരിട്ട് ബാങ്ക് അക്കൗണ്ടുകളിലൂടെ, വൻതോതിലുള്ള പണമിടപാടുകൾ സുഗമമാക്കുകയും ചെയ്യും. നിയന്ത്രണങ്ങളുമായി കൂട്ടിയിണക്കിയ ശക്തമായ പണമടവ് സംവിധാനം വികസിപ്പിക്കുന്നത് കൂടുതൽ ഉപഭോക്തൃ കേന്ദ്രീകൃതമായ ഉൽപന്നങ്ങൾക്കും വർദ്ധിച്ച തിരഞ്ഞെടുപ്പ് സാധ്യതകൾക്കും സൗകര്യങ്ങൾക്കും കാരണമാകുന്ന മത്സരവും ചിട്ടയായ വളർച്ചയും പരിപോഷിപ്പിക്കും. ശക്തമായൊരു വായ്പാ വിവര ശേഖരം, വായ്പ നൽകുന്നവരെ വായ്പാ അപേക്ഷകളിൽ കാര്യവിവരത്തോടെ തീരുമാനങ്ങളെടുക്കാൻ സഹായിക്കും.

**ഉപഭോക്താവ് എന്ന ലക്ഷ്യത്തിലേക്കുള്ള ദൂരം**

II. 9 ഇംഗ്ലീഷിൽ ലാസ്റ്റ് മൈൽ ഡെലിവറി എന്നറിയപ്പെടുന്ന, യഥാർത്ഥ ഉപഭോക്താവ് എന്ന ലക്ഷ്യത്തിലേക്കുള്ള ദൂരത്തിൽ ശ്രദ്ധ കേന്ദ്രീകരിയ്ക്കുക എന്നത് വിവിധ രാജ്യങ്ങളിൽ പ്രധാന ഊന്നൽ കൊടുക്കുന്ന മേഖലയാണ്. ഒരു സാധാരണ ഗ്രാമീണ ഉപഭോക്താവ് ഒരു സാമ്പത്തിക സേവന ദാതാവിനെ സന്ദർശിക്കുന്നതിനായി അവന്റെ/അവളുടെ ഒരു ദിവസത്തെ വേതനം ഉപേക്ഷിക്കാൻ തയ്യാറാവില്ല എന്നതിനാൽ, സേവന ദാതാവിനെ സന്ദർശിക്കുന്നതിനുള്ള ദൂരവും അതിന്റെ ഫലമായി സേവനദാതാവിനെ സന്ദർശിക്കാൻ വേണ്ടി വരുന്ന സമയവും ഒരു തടസമാകാതിരിക്കണം. ഇത് സാധ്യമാക്കുന്നതിന് വിവിധ രാജ്യങ്ങൾ, ഏജന്റുമാരുടെയും ബിസിനസ് കറസ്പോണ്ടന്റ്(ബി സി)മാരുടെയും സേവനങ്ങൾ ഉപയോഗപ്പെടുത്താൻ ഔപചാരിക സാമ്പത്തിക സ്ഥാപനങ്ങളെ അനുവദിയ്ക്കൽ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിയ്ക്കുന്നതിനുള്ള നയങ്ങളുമായി മുന്നോട്ട് വന്നിട്ടുണ്ട്. ബിസിനസ് കറസ്പോണ്ടന്റുമാർ ഉപഭോക്താവിലേക്ക് എത്താൻ പ്രാപ്തരായിരിക്കുമ്പോൾ തന്നെ, ഉപഭോക്തൃ സംരക്ഷണത്തിന്റെ പ്രശ്നം, അനുയോജ്യമായ ഉൽപന്നം ലഭ്യമാക്കൽ, സാമ്പത്തിക അവബോധം വർദ്ധിപ്പിക്കൽ, ഏജന്റുമാരുടെ പ്രവർത്തനങ്ങളിൽ പ്രത്യേക താൽപര്യമെടുത്തുള്ള നിരീക്ഷണം ഉണ്ടായിരിക്കൽ, ഏജന്റ്/ബി സി ശൃംഖലയുടെ സുസ്ഥിരത തുടങ്ങിയ മേഖലകളിൽ ഇപ്പോൾ നയപരമായ ഇടപെടൽ ആവശ്യവുമാണ്.

**നവീകരണവും സാങ്കേതികവിദ്യയും**

II.10 സമഗ്രമായി വീക്ഷിക്കുമ്പോൾ, സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കാൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്ന ഫിൻ-ടെക് കമ്പനികളുടെ ഉയർച്ചയ്ക്ക് നവീകരണവും സാങ്കേതിക വിദ്യയും കാരണമായി. ഈ സ്ഥാപനങ്ങൾക്ക് മത്സരം വർദ്ധിപ്പിക്കാനും ഉപഭോക്താക്കൾക്ക് അനുയോജ്യമായ ഉൽപന്നങ്ങളിലൂടെയും ലളിതമായ നടപടിക്രമങ്ങളിലൂടെയും സേവനങ്ങൾ തെരഞ്ഞെടുക്കാൻ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാനും ശേഷിയുള്ളപ്പോൾ തന്നെ അവ, ഇന്റർനെറ്റ്, സ്മാർട്ട്ഫോൺ തുടങ്ങിയ അടിസ്ഥാന സാങ്കേതിക സംവിധാനങ്ങളില്ലാത്ത ഉപഭോക്താക്കളെ ഒഴിവാക്കുകയും ചെയ്തേക്കും. അതിനാൽ, ഉപഭോക്താക്കൾക്ക് മതിയായ കൈത്താങ്ങ് ലഭ്യമാക്കുന്നതിന് സാങ്കേതികവിദ്യയും ഏജന്റുമാരും തമ്മിൽ ഒരു സന്തുലനം ഉണ്ടാക്കേണ്ടതാണ്. സാങ്കേതികവിദ്യ വളരെ വേഗത്തിൽ വികസിക്കുന്നതിനാൽ, സാങ്കേതികവിദ്യയാൽ നയിക്കപ്പെടുന്ന സ്ഥാപനങ്ങളുടെ മേൽനോട്ടം വളരെ പ്രധാനമാണ്. അവയുടെ നിയന്ത്രണത്തിന് നിരന്തരമായ നവീകരണവും ആവശ്യമാണ്.

**സാമ്പത്തിക സാക്ഷരതയും അവബോധവും**

II.11 കാര്യവിവരമുള്ള ഉപഭോക്താവിന് മാത്രമെ ശരിയായ സാമ്പത്തിക തീരുമാനങ്ങൾ എടുക്കാൻ ശേഷിയുണ്ടാകൂ എന്നത് വലിയതോതിൽ തിരിച്ചറിയപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ സാമ്പത്തിക സാക്ഷരത ആഗോള ശ്രദ്ധ നേടുന്നത് തുടർന്നുകൊണ്ടിരിക്കുന്നു. സാമ്പത്തിക സാക്ഷരത ഉപഭോക്താവിനെ ലഭ്യമായ ഉത്പന്നങ്ങളെക്കുറിച്ചും ശരിയായ ഉത്പന്നം തെരഞ്ഞെടുക്കുന്നതിനുള്ള കഴിവ്, പരാതി പരിഹാരത്തിന് ലഭ്യമായിട്ടുള്ള സംവിധാനം തുടങ്ങിയവയെക്കുറിച്ചും അവബോധം പുലർത്താൻ പ്രാപ്തനാക്കുന്നു. സമൂഹത്തിൽ കൈത്താങ്ങ് ആവശ്യമുള്ള സ്ത്രീകൾ, ചെറുപ്പക്കാർ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ചെറുകിട

സംരംഭകർ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്കിടയിൽ സാമ്പത്തിക അവബോധം വർദ്ധിപ്പിക്കലിന് ഇപ്പോൾ പ്രത്യേക പ്രാധാന്യം നൽകുന്നു. ധാരണാ സാക്ഷരതയും പ്രക്രിയാ സാക്ഷരതയും സംയോജിപ്പിക്കുന്ന വിവിധ ശാസ്ത്രീയ ഉപകരണങ്ങളും രൂപരേഖാ സമീപനങ്ങളും വികസിപ്പിക്കുന്നതിൽ ശ്രദ്ധയൂന്നുന്നു. ഡിജിറ്റൽ സാമ്പത്തിക ഇടപാടുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, ഡിജിറ്റൽ സാമ്പത്തിക സേവനങ്ങളുടെ വ്യവഹാര മണ്ഡലത്തിൽ സാമ്പത്തിക സാക്ഷരതയ്ക്ക് കൂടുതൽ പ്രധാന്യം ലഭിച്ചിരിക്കുന്നു.

**ഉപഭോക്തൃ സംരക്ഷണം**

II.12 സാമ്പത്തിക വ്യവസ്ഥയിലേക്ക് പുതിയതായി പ്രവേശിക്കുന്നവർ താരതമ്യേന കൂടുതൽ ദുർബലരാകാൻ സാധ്യതയുണ്ട് എന്നത് കണക്കിലെടുക്കുമ്പോൾ, ഉപഭോക്തൃ സംരക്ഷണവും പരാതി പരിഹാരവും സുസ്ഥിര സാമ്പത്തിക ഉൾപ്പെടുത്തൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രധാന നെടുംതൂണായി മാറുന്നു. ഡിജിറ്റൽ സാമ്പത്തിക സേവനങ്ങളിലേക്കുള്ള കടന്നുവരവ് കുത്തനെ കൂടിയിട്ടുണ്ട് എന്ന വസ്തുതയും ശക്തമായ ഉപഭോക്തൃ സംരക്ഷണ ചട്ടങ്ങളുടെ ആവശ്യകത കൂടുതൽ വ്യക്തമാക്കുന്നു. ഇതിനകമെടുത്തിട്ടുള്ള ചില നടപടികളിൽ കൂടുതൽ ജാഗ്രതയോടെയുള്ള വിപണി നിരീക്ഷണം, ഉപഭോക്താക്കളുടെ പരാതികൾ പരിഹരിയ്ക്കുന്നതിന് ശക്തമായ നിർവ്വഹണ സംവിധാനം, സാമ്പത്തിക മേഖലയിലെ സൂപ്പർവൈസർമാർ തമ്മിലുള്ള, പ്രത്യേകിച്ച് ക്രോസ്-പ്രോഡക്റ്റ്, ക്രോസ്- മാർക്കറ്റ് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ, ഏകോപനം മെച്ചപ്പെടുത്തൽ എന്നിവയും ഉൾപ്പെടുന്നു.

**നിരീക്ഷണവും മൂല്യനിർണയവും**

II.13 സാമ്പത്തിക ഉൾപ്പെടുത്തൽ മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതിയുടെ ആനുകാലികമായ നിരീക്ഷണവും മൂല്യനിർണയവും തടസ്സങ്ങൾ തിരിച്ചറിയുന്നതിനും തിരുത്തൽ നടപടികൾ സ്വീകരിയ്ക്കുന്നതിനും സഹായിക്കും. ലഭ്യമാക്കിയ സാമ്പത്തിക സേവനങ്ങളുടെ ഗുണനിലവാരം, ഉപയോഗം, പ്രാപ്യത തുടങ്ങിയവയുടെ അവലോകനത്തിന് വിശ്വാസ്യയോഗ്യമായ സാമ്പത്തിക ഉൾപ്പെടുത്തൽ വിവരങ്ങളുടെ ആവശ്യകത വിവിധ രാജ്യങ്ങളും സ്ഥാപനങ്ങളും മനസിലാക്കുന്നു.

II.14 സാമ്പത്തിക ഉൾപ്പെടുത്തൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം വളരെയധികം പരിപോഷിപ്പിക്കപ്പെടുന്ന നയ പരിപാടിയാണ്. ഇന്ത്യയുടെ സാമ്പത്തിക നയം എല്ലായ്പ്പോഴും നയിക്കപ്പെടുന്നത് സുസ്ഥിരവും സമഗ്രവുമായ വളർച്ച അന്തർലീനമായിരിക്കുന്ന ലക്ഷ്യബോധത്തോടെയാണ്. മേൽപ്പറഞ്ഞ പഠനങ്ങളുടെ വെളിച്ചത്തിൽ, ഇന്ത്യയിലെ സാമ്പത്തിക ഉൾപ്പെടുത്തൽ മേഖലയിൽ സ്വീകരിച്ചിട്ടുള്ള നടപടികളും നമ്മുടെ നേട്ടങ്ങളും അടുത്ത അധ്യായത്തിൽ സംഗ്രഹിച്ചിരിയ്ക്കുന്നു. അതോടൊപ്പം സാമ്പത്തിക ഉൾപ്പെടുത്തലിന് തടസ്സമായി നിൽക്കുന്ന ചില നിർണായക വെല്ലുവിളികൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

# III ഇന്ത്യയിലെ സാമ്പത്തിക ഉൾപ്പെടുത്തലിന്റെ സ്ഥിതി

III.1 ഇന്ത്യയിലെ നയ നിർമാതാക്കൾക്ക് ദാരിദ്ര്യം മൂലം സാമ്പത്തിക സുസ്ഥിരതയ്ക്ക് ഉണ്ടാകന്ന കുഴപ്പങ്ങളെക്കുറിച്ച് അവബോധമുണ്ട്. ദാരിദ്ര്യത്തിന്റെ എല്ലാ വകഭേദങ്ങളും കൈകാര്യം ചെയ്യപ്പെടുന്നു എന്നും അതിലൂടെ സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങൾ ദരിദ്രരിലും സമൂഹത്തിലെ അവഗണിക്കപ്പെട്ട വിഭാഗങ്ങളിലും എത്തുന്നുവെന്നും ഉറപ്പുവരുത്തുന്നതിനായി അവർ നിരന്തരം പ്രയത്നിക്കുകയും ചെയ്യുന്നു.

III.2 ഇന്ത്യ അതിന്റെ സാമ്പത്തിക ഉൾപ്പെടുത്തൽ യാത്ര 1956 ൽ ലൈഫ് ഇൻഷുറൻസ് കമ്പനികളുടെ ദേശസാത്കരണത്തോടെ ആരംഭിച്ചു. അതിനെ തുടർന്ന് 1969 ലും 1980 ലും ബാങ്കുകൾ ദേശസാത്ക്കരിക്കപ്പെട്ടു. ജനറൽ ഇൻഷുറൻസ് കമ്പനികൾ 1972 ൽ ദേശസാത്ക്കരിക്കപ്പെട്ടു. ഇന്ത്യയിലെ സാമ്പത്തിക ഉൾപ്പെടുത്തലിന്റെ സ്ഥിതിയെക്കുറിച്ചുള്ള ഒരവലോകനം നിരവധി വർഷങ്ങളായി സാമ്പത്തിക ഉൾപ്പെടുത്തൽ മേഖലയിൽ വിവിധ സംരംഭങ്ങൾ ആരംഭിച്ചതായി ചൂണ്ടിക്കാണിക്കുന്നു.

III.3 ഇന്ത്യ മറ്റ് രാജ്യങ്ങളുമായും സാമ്പത്തിക ഉൾപ്പെടുത്തലിന് വേണ്ടിയുള്ള ആഗോള പങ്കാളിത്തം (ജിപിഎഫ്ഐ), സാമ്പത്തിക സഹകരണത്തിനും വികസനത്തിനുമുള്ള സംഘടന (ഒഇസിഡി) എന്നിവ പോലുള്ള ബഹുമുഖ സംഘങ്ങളുമായും സജീവമായി ഒത്തുചേർന്ന് പ്രവർത്തിക്കുന്നുമുണ്ട്. നിയന്ത്രണങ്ങളും മാനദണ്ഡങ്ങളും തയ്യാറാക്കുന്നതിനുള്ള സമിതികളുടെ ജിപിഎഫ്ഐ ഉപസംഘങ്ങളിൽ ഇന്ത്യോനേഷ്യയ്ക്കും യുകെയ്ക്കുമൊപ്പം ഇന്ത്യയും വേദി പങ്കിടുന്നു. ഡിജിറ്റൽവത്ക്കരണം, നിയന്ത്രണങ്ങൾ, സാമ്പത്തിക ഉൾപ്പെടുത്തൽ എന്നിവയിൽ, ജിപിഎഫ്ഐ കാലാകാലങ്ങളിൽ പ്രസിദ്ധീകരിയ്ക്കുന്ന പ്രസക്തമായ ഗവേഷണങ്ങളും നയ മാർഗരേഖകളും തയ്യാറാക്കുന്നതിൽ ഇന്ത്യ സജീവമായി പങ്കെടുക്കുന്നു. കൂടാതെ, ഒഇസിഡിയ്ക്ക് കീഴിൽ സ്ഥാപിച്ചിരിയ്ക്കുന്ന, സാമ്പത്തിക വിദ്യാഭ്യാസത്തിനുള്ള അന്താരാഷ്ട്ര ശൃംഖല (ഐഎൻഎഫ്ഇ)യ്ക്ക് കീഴിലുള്ള നാല് പ്രവർത്തക സമിതികളിൽ, അതായത്, മാനദണ്ഡങ്ങളും നിർവ്വഹണവും മൂല്യനിർണയവും, ഡിജിറ്റൽ സാമ്പത്തിക സാക്ഷരത, എംഎസ്എംഇകൾക്കുള്ള സാമ്പത്തിക വിദ്യാഭ്യാസം, സാമ്പത്തിക സാക്ഷരതയ്ക്കുള്ള കാതലായ ശേഷി എന്നിവയ്ക്കുള്ള നാല് സമിതികളിൽ ഭാരതീയ റിസർവ് ബാങ്ക് നിലവിൽ അംഗമാണ്. ആഗോളതലത്തിലെ വിവിധ സംഭവവികാസങ്ങൾ കണക്കിലെടുത്ത്, ഇന്ത്യ സാമ്പത്തിക ഉൾപ്പെടുത്തൽ ഉപദേശക സമിതി (എഫ്ഐഎസി)യുടെ ആഭിമുഖ്യത്തിന് കീഴിൽ 2017 ജൂണിൽ സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള ദേശീയ നയപരിപാടി (തന്ത്രം) തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. വിവിധ സേവന പങ്കാളികളിൽ നിന്നുള്ള, അതായത്, സാമ്പത്തിക സേവന വകുപ്പ് (ഡിഎഫ്എസ്), സാമ്പത്തികകാര്യ വകുപ്പ്(ഡിഇഎ), ധനകാര്യ മന്ത്രാലയം (എംഒഎഫ്), ഭാരത് സർക്കാർ, ആർബിഐ, സെബി, ഐആർഡിഎഐ, പിഎഫ്ആർഡിഎ, നബാർഡ്, എൻപിസിഐ എന്നിവയിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആ നയരേഖ തയ്യാറാക്കപ്പെട്ടു.

**നേതൃത്വം**

III.4 സാമ്പത്തിക ഉൾപ്പെടുത്തൽ ഒരു ദൗത്യമായി മുന്നോട്ട് കൊണ്ടുപോകാൻ ദീർഘവീക്ഷണമോ സ്വാധീനശക്തിയോ ഉള്ള ശക്തമായ ഒരു നേതൃത്വം അനിവാര്യമാണ്. ഇന്ത്യയിലെ നയരൂപീകരണം സമഗ്രമായ വളർച്ചയ്ക്കായുള്ള അചഞ്ചലമായ ഒരു നിശ്ചയദാർഢ്യം കാണിച്ചിട്ടുണ്ട്. ഇത് സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള ദേശീയ നിയുക്തസംഘത്തിൽ, അതായത് പ്രധാനമന്ത്രി ജൻ ധൻ യോജന (പിഎംജെഡിവൈ)യിൽ എത്തിച്ചേരുകയും ചെയ്തു. 2014 ആഗസ്റ്റിൽ ആരംഭിച്ച ഇത് രാജ്യത്തെ സാമ്പത്തിക ഉൾപ്പെടുത്തൽ പ്രസ്ഥാനത്തിന്റെ നീർത്തടമായി മാറുകയും ചെയ്തു. ഈ പരിപാടി ഓരോ കുടുംബത്തിനും അടിസ്ഥാന സാമ്പത്തിക സേവനം ലഭ്യമാക്കുന്നതിന് നിലവിലുള്ള വൻ ബാങ്കിങ് ശൃംഖലയും സാങ്കേതിക നവീകരണങ്ങളും പരമാവധി ഉപയോഗപ്പെടുത്തുകയും അതിലൂടെ ബാങ്കിങ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ സമൂഹത്തിൽ നിലനിൽക്കുന്ന വിടവ് നികത്തുകയും ചെയ്യുന്നു.

III.5 പിഎംജെഡിവൈയ്ക്ക് കീഴിൽ, 2019 ജനുവരി 30 വരെ, അതായത് അഞ്ചുവർഷം എന്ന കുറഞ്ഞ കാലയളവിനുള്ളിൽ, 89,257 കോടി രൂപയുടെ നിക്ഷേപത്തോടെ 34.01 കോടി[2] അക്കൗണ്ടുകൾ തുറക്കപ്പെട്ടു. പിഎംജെഡിവൈയ്ക്ക് കീഴിൽ ഒരാഴ്ചയിൽ 1,80,96,130 അക്കൗണ്ടുകൾ തുറക്കപ്പെട്ടത് ലോക റെക്കോഡുകളുടെ ഗിന്നസ് ബുക്കിൽ ഇടം നേടുകയും ചെയ്തു. പിഎംജെഡിവൈയ്ക്ക് കീഴിൽ അക്കൗണ്ട് ഉടമകൾക്ക് 10,000 രൂപയുടെ ഓവർഡ്രാഫ്റ്റ്, അപകടമരണ, വൈകല്യ ഇൻഷുറൻസ് പരിരക്ഷ, ടേംലൈഫ് പരിരക്ഷ, വാർദ്ധക്യ പെൻഷൻ തുടങ്ങിയ ഒരു കൂട്ടം സാമ്പത്തിക ഉൽപന്നങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ കുടുംബത്തിനും അക്കൗണ്ട് തുറക്കുക എന്നതിൽനിന്നും ഓരോ മുതിർന്നയാൾക്കും അക്കൗണ്ട് തുറക്കുക എന്നതിലേക്ക് ശ്രദ്ധകേന്ദ്രീകരിയ്ക്കൽ മാറ്റുകയും ചെയ്തു.

III.6 പ്രധാനമന്ത്രി സുരക്ഷ ഭീമ യോജനയ്ക്ക് (പിഎംഎസ്ബിവൈ) കീഴിൽ 18 വയസ് മുതൽ 70 വയസ് വരെയുള്ള വരിക്കാരാകുന്ന എല്ലാ ബാങ്ക് അക്കൗണ്ട് ഉടമകൾക്കും പ്രതിവർഷം 12 രൂപ എന്ന കുറഞ്ഞ പ്രീമിയത്തിൽ രണ്ട് ലക്ഷം രൂപയുടെ പുതുക്കാവുന്ന ഒരു വർഷ അപകട മരണ, അംഗവൈകല്യ പരിരക്ഷയും ലഭ്യമാക്കുന്നുണ്ട്. പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജനയ്ക്ക് (പിഎംജെജെബിവൈ) കീഴിൽ ഒരുവർഷ കാലാവധിയിൽ രണ്ട് ലക്ഷം രൂപയുടെ ടേംലൈഫ് പരിരക്ഷ നൽകുന്ന മറ്റൊരു ഇൻഷുറൻസ് ഉൽപന്നം ലഭ്യമാക്കുന്നുമുണ്ട്. പ്രതിവർഷം 330 രൂപയാണ് പ്രീമിയം. 18 വയസ് മുതൽ 50വയസ് വരെയുള്ള വരിക്കാരാകുന്ന എല്ലാ ബാങ്ക് അക്കൗണ്ട് ഉടമകൾക്കും ഇത് ലഭ്യമാകും.

III.7 വാർദ്ധക്യത്തിലെ സാമ്പത്തിക ആവശ്യങ്ങൾ പരിഗണിച്ച്, പുതിയതായി ഉൾപ്പെടുത്തപ്പെട്ട ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് അടൽ പെൻഷൻ യോജന (എപിവൈ) എന്ന പേരിൽ ഭാരത സർക്കാർ ഉറപ്പ് നൽകുന്ന ഒരു പെൻഷൻ ഉത്പന്നവും ലഭ്യമാക്കുന്നുണ്ട്. എപിവൈയ്ക്ക് കീഴിൽ, 18 നും 40 നും ഇടയിൽ പ്രായമുള്ള ഓരോ വരിക്കാരനും 60 വയസിന് ശേഷം, അവരുടെ വരിസംഖ്യയുടെ അടിസ്ഥാനത്തിൽ, 1,000 രൂപ മുതൽ 5,000 രൂപവരെ സ്ഥിര പ്രതിമാസ പെൻഷൻ ലഭ്യമാകും.

## പ്രത്യേക മേഖലകൾക്കുള്ള/ പ്രദേശങ്ങൾക്കുള്ള ലക്ഷ്യാധിഷ്ഠിത സമീപനം

### എ. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ)

III.8 എംഎസ്എംഇകൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥാ വളർച്ചയ്ക്ക് ശക്തിപകരുന്ന യന്ത്രങ്ങളായി പരിഗണിക്കപ്പെടുന്നു. ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ (ജിഡിപി) 31 ശതമാനവും കയറ്റുമതിയുടെ 45 ശതമാനവും എംഎസ്എംഇകളുടെ സംഭാവനയാണ്. അവ 11.1 കോടിയിലധികം വിദഗ്ധ, അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. രാജ്യത്ത് ഏകദേശം 6.33 കോടി എംഎസ്എംഇകൾ ഉണ്ട്. ഈ മേഖലയ്ക്ക് വായ്പ ലഭ്യമാക്കുന്നതിന് വിവിധ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. എംഎസ്എംഇ വിഭാഗത്തിൽ നിന്നുള്ള സംരംഭകരുമായി ഇടപെടുമ്പോളുള്ള ബാങ്കുകളുടെ സമീപനത്തിൽ മാറ്റം വരുത്തുന്നതിന് 'എംഎസ്എംഇകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനു വേണ്ടി ബാങ്കുകളുടെ പ്രാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള ദേശീയ ദൗത്യസംഘം' (എൻഎംസിഎബിഎസ്) എന്ന പേരിൽ പ്രത്യേക പ്രാപ്തി വർദ്ധിപ്പിക്കൽ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. എംഎസ്എംഇ മേഖലയുടെ വായ്പയുമായി ബന്ധപ്പെട്ട മുഴുവൻ പ്രശ്നങ്ങളുടേയും വ്യാപ്തി ബാങ്കുകൾക്ക് പരിചിതമാക്കുക എന്നതുകൂടിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

III.9 സംരംഭകരെ പ്രൊഷണൽ രീതിയിൽ സാമ്പത്തിക പദ്ധതികളും പദ്ധതി റിപ്പോർട്ടുകളും തയ്യാറാക്കുന്നതിന് സഹായിക്കുന്നതിനായി അംഗീകൃത വായ്പാ ഉപദേശക (സർട്ടിഫൈഡ് ക്രെഡിറ്റ് കൗൺസിലേഴ്സ് (സിസിസി) സ്കീം ആരംഭിച്ചു. ഇത് വായ്പ ആവശ്യപ്പെടുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ

---

*2. കാണുക, https://www.pmjdy.gov.in/ : 2019 ഡിസംബറിലെ കണക്ക് പ്രകാരം 37.70 കോടി പിഎംജെഡിവൈ അക്കൗണ്ടുകൾ തുറക്കപ്പെട്ടു.*

കൃത്യമായി അറിഞ്ഞ് വായ്പാ തീരുമാനങ്ങളെടുക്കാൻ ബാങ്കുകൾക്ക് സൗകര്യമൊരുക്കുന്നു. അനായാസം വായ്പ ലഭ്യമാക്കുന്നതിനായി ഉദ്യമി മിത്ര, പിഎസ്ബി ലോൺസ് ഇൻ 59 മിനിറ്റ്സ് (psbloansin59minutes) എന്നിവ പോലുള്ള വെബ് പോർട്ടലുകളും തുടങ്ങി. എംഎസ്എംഇകൾക്ക് ലഭിക്കേണ്ട പണം വൈകുന്നത് സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി ട്രേഡ് റിസീവബ്ൾസ് ഡിസ്കൗണ്ടിങ് സിസ്റ്റം (ടിആർഇഡിഎസ്) പ്ലാറ്റ്ഫോമുകൾ സജ്ജമാക്കി. ചെറുകിട ബിസിനസ് സംരംഭകർക്ക് ധനസഹായം നൽകുന്നതിനായി 2015 ഏപ്രിൽ മാസത്തിൽ പ്രധാനമന്ത്രി മുദ്ര യോജന (പിഎംഎംവൈ)[3] എന്ന സ്കീം ആരംഭിച്ചു. ഇതിലൂടെ സൂക്ഷ്മ സംരംഭകർക്ക് 10 ലക്ഷം രൂപവരെ ധനസഹായം നൽകാൻ വായ്പാ സ്ഥാപനങ്ങൾക്ക് കഴിയും. എംഎസ്എംഇകളുടെ വായ്പാ ചിലവ് കുറയ്ക്കുന്നതിനായി പലിശാ ധനസഹായ പദ്ധതികൾ ആരംഭിച്ചു.

### ബി. കൃഷി

III.10 ഇന്ത്യയിലെ കാർഷിക സമ്പദ് വ്യവസ്ഥ ജിഡിപിയുടെ ഏതാണ്ട് 15 ശതമാനത്തിന്റെയും കയറ്റുമതിയുടെ 11 ശതമാനത്തിന്റെയും സ്രോതസാണ്. കാർഷിക മേഖല ഇന്ത്യൻ ജനസംഖ്യയിലെ പകുതിയോളം പേർക്ക് ഉപജീവനമാർഗം ലഭ്യമാക്കുകയും ചെയ്യുന്നു. കൃഷിയിലേക്കും ഈ സമ്പദ്ഘടനയുമായി ബന്ധപ്പെട്ട മറ്റ് മേഖലകളിലെ അനുബന്ധ പ്രവർത്തികളിലേക്കുമുള്ള ബാങ്ക് വായ്പകളുടെ ശക്തമായ ഒഴുക്കിൽ ഒരു ബൃഹത്ത് സാമ്പത്തികശാസ്ത്ര കാഴ്ചപ്പാടിൽ നിന്നുള്ള ഈ മേഖലയുടെ പ്രാധാന്യവും പ്രതിഫലിക്കപ്പെടുന്നു.

III.11 ഔപചാരിക വിഭാഗത്തിൽ നിന്ന് കാർഷിക മേഖലയ്ക്കുള്ള ധനസഹായത്തിലേക്ക് ഒരു ഊന്നൽ കൊടുക്കുന്നതിന് വേണ്ടി, മുൻഗണനാ വിഭാഗ സ്കീമുകൾക്ക് കീഴിൽ ബാങ്കുകൾക്ക് നിർബന്ധമായ പ്രത്യേക ലക്ഷ്യം (ടാർഗെറ്റ്) നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എല്ലാ ആഭ്യന്തര ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്കും 20ൽ അധികം ശാഖകളുള്ള വിദേശ ബാങ്കുകൾക്കും നിലവിൽ നിശ്ചയിച്ചിട്ടുള്ള ടാർഗെറ്റ് അഡ്ജസ്റ്റഡ് നെറ്റ് ബാങ്ക് ക്രെഡിറ്റിന്റെ (എഎൻബിസി) അല്ലെങ്കിൽ സിഇഎഒബിഇ (ക്രെഡിറ്റ് ഇക്വിവലന്റ് എമൗണ്ട് ഓഫ് ഓഫ് ബാലൻസ് ഷീറ്റ് എക്സ്പോഷർ)യുടെ 18 ശതമാനം, ഏതാണോ കൂടുതൽ അതാണ്. ഈ 18 ശതമാനത്തിൽ, ഒരു ഉപലക്ഷ്യം (സബ്- ടാർഗെറ്റ്) കൂടി ഉൾപ്പെടുന്നു. അതുപ്രകാരം, എഎൻബിസിയുടെ അല്ലെങ്കിൽ സിഇഎഒബിഇയുടെ എട്ട് ശതമാനം, ഏതാണോ കൂടുതൽ അത് ചെറുകിട, നാമമാത്ര കർഷ കർക്കായി നീക്കിവെയ്ക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ചെറുകിട, നാമമാത്ര കർഷകർക്ക് 1.6 ലക്ഷം രൂപ വരെ ഈട് രഹിത വായ്പ നൽകാനും നിർദ്ദേശിക്കപ്പെട്ടിരിയ്ക്കുന്നു. കർഷകർക്ക് അവരുടെ കൃഷിയ്ക്കും മറ്റ് ആവശ്യങ്ങൾക്കുമായി ബാങ്കിങ് സംവിധാനത്തിൽ നിന്നും ഒരു ഏക ജാലകത്തിൻ കീഴിൽ മതിയാ യതും തക്കസമയത്ത് ഉള്ളതുമായ വായ്പാ സഹായം ലഭ്യമാക്കുന്നതിന് 1998 ആഗസ്റ്റിൽ ഒരു നൂതന ഉൽപന്നം, അതായത് കിസാൻ ക്രെഡിറ്റ് കാർഡ് (കെസിസി) അവതരിപ്പിച്ചു. ഇതിന്റെ പ്രാപ്യതയും വിത രണവും എളുപ്പമുള്ളതാക്കാൻ ഇത് റിവോൾവിങ് ക്യാഷ് ക്രെഡിറ്റായാണ് ലഭ്യമാക്കിയിരിക്കുന്നത്. ഈ സ്കീമിൽ പാട്ട കൃഷിക്കാർ, കുടികിടപ്പ് കർഷകർ, പങ്കാളിത്ത കൃഷിക്കാർ എന്നിവർ ഉൾപ്പെടുത്തപ്പെട്ടിരി ക്കുന്നു. ഇപ്പോൾ ഈ സ്കീം മൃഗപരിപാലനം, മത്സ്യകൃഷി എന്നിവയ്ക്കും ബാധകമായിരിക്കുന്നു. അഞ്ചു വർഷ കാലാവധിയ്ക്കാണ് ഈ സ്കീം അനുവദിയ്ക്കപ്പെടുന്നത്. ഓരോ വർഷവും (വളരെ ലളിതമായി) ഇത് പുതുക്കാവുന്നതുമാണ്.

### സി. അഭിലഷിത ജില്ലകൾ

III.12 വികസനത്തിലെ അന്തർ സംസ്ഥാന, അന്തർ ജില്ലാ വ്യതിയാനങ്ങളിലെ പ്രാദേശിക അസമത്വം പരിഹരിയ്ക്കുന്നതിന് 2018 ജനുവരിയിൽ 'അഭിലഷിത ജില്ലകളുടെ പരിവർത്തനം' എന്ന പരിപാടി ആരംഭിച്ചു. ഈ സംരംഭം ഓരോ അഭിലഷിത ജില്ലയുടെയും ശേഷികളിൽ ശ്രദ്ധ കേന്ദ്രീകരിയ്ക്കുന്നു. ഉയർന്ന സർക്കാർ ഓഫീസർമാരുടെ ഒരു സംഘം, സാമൂഹിക സാമ്പത്തിക ജാതി സെൻസസ്, പ്രധാന ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ പ്രകടനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സുപ്രധാന വിവരങ്ങളുടെ സംയോജിത സൂചികയിലെ ജില്ലയുടെ പ്രകടനം വിശകലനം ചെയ്താണ് ഇത് കണ്ടെത്തുന്നത്. ഈ പരിപാടിയ്ക്ക് കീഴിൽ, പുരോഗതി കണക്കാക്കുമ്പോഴും തെരഞ്ഞെടുക്കപ്പെട്ട ജില്ലകളെ അവയുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ റാങ്ക്ചെയ്യുമ്പോഴും പെട്ടെന്നുള്ള മെച്ചപ്പെടുത്തലിന് വേണ്ടി ഒരു കൂട്ടം

---

3. കാണുക: https://www.mudra.org.in/

കൈവരിയ്ക്കാവുന്ന ഫലങ്ങൾ കൂടി തിരിച്ചറിഞ്ഞു. ഈ പരിപാടി രാജ്യത്തെ 28 സംസ്ഥാനങ്ങളിലായി 117 തിരിച്ചറിയപ്പെട്ട ജില്ലകളെ അതിവേഗം പരിവർത്തനപ്പെടുത്തുന്നതിൽ ശ്രദ്ധ വയ്ക്കുന്നു. ഇത് പ്രധാനമായും സംസ്ഥാന സർക്കാരുകളാണ് നിയന്ത്രിക്കുന്നത്. ഈ സംരംഭം അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയിൽ പൂർണമായും പങ്കാളികളാകാനുള്ള ജനങ്ങളുടെ കഴിവ് മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധിയ്ക്കുന്നു. അഭിലഷിത ജില്ലകളുടെ അടിസ്ഥാന റാങ്കിങ് അഞ്ച് മേഖലകളിലായുള്ള 49 സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് നടക്കുന്നത്. അവയിൽ, ആരോഗ്യവും പോഷണവും(13 സൂചകം 30% വെയിറ്റേജ്), വിദ്യാഭ്യാസം (8 സൂചകം, 30%), കൃഷിയും ജലസമ്പത്തും (10 സൂചകം, 20%), സാമ്പത്തിക ഉൾപ്പെടുത്തലും നൈപുണ്യ വികസനവും (10 സൂചകം, 10%), അടിസ്ഥാന സൗകര്യങ്ങൾ (7 സൂചകം, 10%) എന്നിവയാണ് ഉൾപ്പെട്ടിരിയ്ക്കുന്നത്.

**നിയന്ത്രണ ചട്ടങ്ങൾ**

(i) **ബാങ്കിങ്**

III.13 ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും, ന്യായമായ ബിസിനസ് പ്രക്രിയകൾ പ്രോത്സാഹിപ്പിക്കുന്നതിനും വിപണിയിലുള്ളവരുടെ അനാരോഗ്യകരമായ പ്രവൃത്തികൾ തടയുന്നതിനും സഹായകമായ നിയന്ത്രണ, നിയമാനുസൃത ചട്ടങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

III.14 ആർബിഐ, സാമ്പത്തിക ഉൾപ്പെടുത്തൽ ശക്തിപ്പെടുത്താൻ ബാങ്കുകൾ നേതൃത്വം നൽകുന്ന ഒരു സേവന മാതൃക സ്വീകരിച്ചു. ബാങ്കുകൾ നിർബന്ധമായും രാജ്യവ്യാപകമായി, പ്രത്യേകിച്ച് ബാങ്കിങ്സേവനങ്ങൾ മതിയായത്ര ലഭ്യമല്ലാത്ത മേഖലകളിൽ, ശാഖകൾ തുറക്കണമെന്ന് നിബന്ധനവെച്ചു. ഇത് 1990 കളിലും 2000ന്റെ തുടക്കത്തിലും ബാങ്ക് ശാഖകളുടെയും പിന്നീട് ആട്ടോമാറ്റഡ് ടെല്ലർ മെഷീനുകളുടെയും(എടിഎം) എണ്ണത്തിൽ ഗണ്യമായ വർദ്ധന കൊണ്ടുവരുകയും ചെയ്തു. ജനസംഖ്യ 2000ൽ കൂടുതലും (2009ൽ) 2000ൽ കുറവുമുള്ള (2012ൽ) ഗ്രാമങ്ങളിൽ ബാങ്കിങ് വിപണനകേന്ദ്രങ്ങൾ അഥവാ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി (റോഡ്മാപ്പ്) തയ്യാറാക്കാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകി. അതിനെത്തുടർന്ന്, 5000ൽ അധികം ജനസംഖ്യയുള്ള ഗ്രാമങ്ങളിൽ, ഉപഭോക്താക്കൾക്ക് നേരിട്ട് ചെന്ന് സാമ്പത്തിക ഇടപാടുകൾ നടത്താവുന്ന, ബ്രിക് ആൻഡ് മോർട്ടാർ ശാഖകൾ തുറക്കാൻ ബാങ്കുകളോട് നിർദ്ദേശിച്ചു. കൂടാതെ സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്ന രീതികൾ, അടിസ്ഥാന സേവിങ് ബാങ്ക് നിക്ഷേപ അക്കൗണ്ടുകൾ (ബിഎസ്ബിഡിഎ) പ്രാപ്യമാകൽ, ബി സി (ബാങ്കിങ് കറസ്പോണ്ടന്റ്) വഴിയുള്ള പണമിടപാടുകൾ എന്നീ സുപ്രധാന ഘടകങ്ങൾ ഉൾക്കൊള്ളുന്ന, മൂന്നു വർഷത്തേക്കുള്ള, ഒരു സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതി തയ്യാറാക്കാനും ആവശ്യപ്പെട്ടു.

III.15 സാമ്പത്തിക ഉൾപ്പെടുത്തൽ ശക്തിപ്പെടുത്താൻ, 2017ൽ ആർബിഐ ബാങ്ക് ശാഖകളുടെ അംഗീകാരത്തിനുള്ള മാർഗനിർദ്ദേശങ്ങളിൽ ഇളവ് വരുത്തിയിരുന്നു. അതുപ്രകാരം പ്രതിദിനം നാല് മണിക്കൂറിലധികവും ആഴ്ചയിൽ അഞ്ചു ദിവസവും സേവനം ലഭ്യമാക്കുന്ന, ബിസിനസ് കറസ്പോണ്ടന്റുകൾ കൈകാര്യം ചെയ്യുന്ന ഗ്രാമീണ ശാഖകൾ (ഫിക്സഡ്പോയിന്റ് ബിസിനസ് കറസ്പോണ്ടന്റ് ഔട്ട് ലെറ്റ്) സാധാരണ ഭൗതികരൂപത്തിലുള്ള ബ്രിക്ക് ആൻഡ് മോർട്ടാർ ശാഖകൾക്ക് തുല്യമായി കണക്കാക്കപ്പെട്ടു. സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനെ പിന്തുണയ്ക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി 2000 കോടി രൂപ പ്രാരംഭ ധനവുമായി സാമ്പത്തിക ഉൾപ്പെടുത്തൽ ഫണ്ട് (എഫ്ഐഎഫ്) എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കപ്പെട്ടു.

III.16 സാമ്പത്തിക ഉൾപ്പെടുത്തൽ വിസ്തൃതമാക്കാൻ, ആർബിഐ 2015ൽ സ്മോൾ ഫിനാൻസ് ബാങ്കുകൾ (എസ്എഫ്ബി), പെയ്മെന്റ്സ് ബാങ്കുകൾ എന്നീ വ്യതിരിക്തമായ ബാങ്കിങ് ലൈസൻസുകൾ നൽകി. ചെറുകിട ബിസിനസ് യൂണിറ്റുകൾ, ചെറുകിട, നാമമാത്ര കർഷകർ, സൂക്ഷ്മ, ചെറുകിട വ്യവസായങ്ങൾ, അസംഘടിത മേഖലയിലെ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉയർന്ന സാങ്കേതിക വിദ്യയിൽ, കുറഞ്ഞ പ്രവർത്തന ചെലവിൽ സമ്പാദ്യ ഉപാധിയും വായ്പാ വിതരണത്തിനുള്ള മാർഗവും തുറന്ന് കൂടുതൽ സാമ്പത്തിക ഉൾപ്പെടുത്തൽ സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് എസ്എഫ്ബികൾ കൊണ്ടുവന്നത്. കുടിയേറ്റ തൊഴിലാളികൾ, കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങൾ, ചെറുകിട ബിസിനസ്സുകൾ, മറ്റ് അസംഘടിത മേഖലാ സ്ഥാപനങ്ങൾ, മറ്റ് ഉപയോക്താക്കൾ എന്നിവർക്ക് ചെറിയ സേവിങ്സ് അക്കൗണ്ടുകളും പണമടയ്ക്കൽ/ റെമിറ്റൻസ് സേവനങ്ങളും ലഭ്യമാക്കുന്നതിനാണ് പെയ്മെന്റ്സ് ബാങ്കുകൾ സ്ഥാപിച്ചത്.

III.17 ബി സി മോഡൽ സാമ്പത്തിക സേവനം ശക്തിപ്പെടുത്തുന്നതിനും മികച്ച സേവന പാരമ്പര്യമുള്ള ബി സി യെ കണ്ടെത്താൻ ഉപഭോക്താക്കളാകാൻ ആഗ്രഹിക്കുന്നവരെ സഹായിക്കുന്നതിനുമായി ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ (ഐബിഎ) ആഭിമുഖ്യത്തിൽ ബി സി രജിസ്ട്രി ആരംഭിച്ചു. ബി സി കൾ നൽകുന്ന സേവനത്തിന് മിനിമം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനുമായി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിങ് ആൻഡ് ഫിനാൻസി(ഐഐബിഎഫ്)ലൂടെ ഒരു ബി സി സർട്ടിഫിക്കേഷൻ കോഴ്സും അവതരിപ്പിച്ചു.

(ii) **ഇൻഷുറൻസ്**

III.18 മുകളിൽ പറഞ്ഞ സംരംഭങ്ങളും ഇൻഷുറൻസ് ഉൽപന്നങ്ങളും കൂടാതെ, ഇൻഷുറൻസിന്റെ പ്രയോജനങ്ങളെയും ഉപയുക്തതയെയും കുറിച്ച് ആളുകൾക്കിടയിൽ അവബോധം വർദ്ധിപ്പിക്കൽ, കോർപ്പറേറ്റ് ഏജന്റുമാർ, പൊതു സേവന കേന്ദ്രങ്ങൾ എന്നിവ അടക്കമുള്ള വിതരണ മാർഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ മൈക്രോ ഇൻഷൂറൻസ് അടക്കമുള്ള ഇൻഷുറൻസ് ഉൽപന്നങ്ങളുടെ ലഭ്യത വൻതോതിൽ വർദ്ധിപ്പിക്കൽ ഉൾപ്പെടെയുള്ള മറ്റു ചില സുപ്രധാന സംരംഭങ്ങളും ഇൻഷുറൻസ് മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്.[4]

III.19 കൂടാതെ, സാങ്കേതികവിദ്യയുടെ പിൻബലത്തിൽ വെബ് അഗ്രഗേറ്റർമാരും ഇൻഷുറൻസ് റെപ്പോസിറ്ററികളും സജ്ജമാക്കി. ഇവ ഇൻഷുറൻസ് പോളിസി വിശദാംശങ്ങളുടെ സംഭരണവും പ്രാപ്യതയും സുഗമമാക്കുകയും ഇലക്ട്രോണിക് രൂപത്തിൽ ഇൻഷുറൻസ് പോളിസി നൽകൽ സാധ്യമാക്കുകയും ചെയ്യുന്നു.

III.20 പോളിസി ഉടമകളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും അവർക്ക് ഈ സംവിധാനത്തിലുള്ള വിശ്വാസം ശക്തിപ്പെടുത്തുന്നതിനുമായി ഇൻഷുറൻസ് ഓംബുഡ്സ്മാൻ എന്ന സ്ഥാപനം രൂപീകരിച്ചു. ഇത് ഇൻഷർ ചെയ്യപ്പെട്ടിട്ടുള്ള ഉപഭോക്താക്കളുടെ പരാതികൾ വേഗത്തിൽ തീർപ്പാക്കൽ ഉറപ്പുവരുത്തുകയും അവരുടെ പരാതി പരിഹരിയ്ക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ലഘൂകരിയ്ക്കുകയും ചെയ്യുന്നു. പോളിസി ഉടമകളുടെയും ഉപഭോക്താക്കളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ആരോഗ്യ ഇൻഷുറൻസ് വിഭാഗത്തിന് കീഴിലുള്ള ഇൻഷുറൻസ് കമ്പനികൾക്ക് / ഇടനിലക്കാർക്ക് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(iii) **പെൻഷൻ**

III.21 ദേശീയ പെൻഷൻ സിസ്റ്റവും (എൻപിഎസ്) ഏതെങ്കിലും വ്യവസ്ഥയിലൂടെ അല്ലെങ്കിൽ നിയമനിർമാണം മൂലം നിയന്ത്രിക്കപ്പെട്ടിട്ടില്ലാത്ത മറ്റേതൊരു പെൻഷൻ പദ്ധതിയും നിയന്ത്രിക്കുന്നതിനായി പിഎഫ്ആർഡിഎ ആക്ട്, 2013 ന് കീഴിൽ പെൻഷൻ ഫണ്ട് നിയന്ത്രണ, വികസന അതോറിറ്റി (പിഎഫ്ആർഡിഎ)[5] രൂപീകരിച്ചു. മേൽപറഞ്ഞ സംരംഭങ്ങൾ/ പെൻഷൻ ഉൽപന്നങ്ങൾ കൂടാതെ, വിതരണ മാർഗങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ എൻപിഎസിന്റെ വിപുലീകരണം, അതിന്റെ മധ്യസ്ഥ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ ശേഷി വികസനം, വാർദ്ധക്യകാല വരുമാന സുരക്ഷയിലും വിരമിയ്ക്കൽ ആസൂത്രണത്തിലുമുള്ള അവബോധം വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടെയുള്ള മറ്റു ചില സുപ്രധാന നടപടികളും സ്വീകരിച്ചിട്ടുണ്ട്. അത്, വരിക്കാർക്കും സേവന ദാതാക്കൾക്കും എൻപിഎസ് പ്രാപ്യമാക്കൽ കൂടുതൽ എളുപ്പമാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുകയും ചെയ്തു.

4 കൂടുതൽ വിവരങ്ങൾക്ക് കാണുക: https://www.irdai.gov.in/
5 കാണുക: https://www.pfrda.org.in/

## വിപണി വികസനം

III.22 നിലവിലുള്ള ഇടപാടുകാർക്ക് സാമ്പത്തിക സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് ഇപ്പോഴത്തെ സാർവത്രിക ബാങ്കിങ് മാതൃക തുടരുമ്പോൾ തന്നെ വിവിധ സവിശേഷ വിഭാഗങ്ങൾക്കായി വ്യതിരിക്തമായ ബാങ്കിങ്ങിന്റെ ആവശ്യവുമുണ്ട്. അതിൻപ്രകാരം, ആർബിഐ 2015ൽ സ്മോൾ ഫിനാൻസ് ബാങ്കുകൾക്കും (എസ്എഫ്ബി) പെയ്മെന്റ്സ് ബാങ്കുകൾക്കും വ്യതിരിക്ത ബാങ്കിങ് ലൈസൻസ് നൽകി. സാമ്പത്തിക സേവന സംവിധാനങ്ങളും ഗ്രാമീണ ശൃംഖലയും വർദ്ധിപ്പിക്കുന്നതിനായി ആർബിഐ 2017 ൽ ശാഖാ അംഗീകാരത്തിനുള്ള മാർഗരേഖകൾ കൂടുതൽ യുക്തിസഹമാക്കി. ഗുണഭോക്താക്കളെ കൃത്യമായി ലക്ഷ്യംവെയ്ക്കൽ, ഇരട്ടിക്കൽ ഇല്ലാതാക്കൽ, വെട്ടിപ്പും ചോർച്ചയും കുറയ്ക്കൽ തുടങ്ങിയ കാര്യങ്ങൾ ഉറപ്പാക്കുന്നതിനായി 2013 ജനുവരി ഒന്നിന് ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ(ഡിബിടി)[6] ആരംഭിച്ചു. ഡിബിടിയുടെ ഒന്നാം ഘട്ടം സ്കോളർഷിപ്പ്, വനിതകൾ, കുട്ടികൾ, തൊഴിലാളി ക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട 27 പദ്ധതികൾക്ക് കീഴിൽ ആദ്യം 43 ജില്ലകളിൽ അവതരിപ്പിക്കുകയും പിന്നീട് 78 ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുകയും ചെയ്തു. 2014 ഡിസംബർ മുതൽ ഡിബിടി രാജ്യത്തെമ്പാടുമായി വിപുലമാക്കി. ഏഴ് പുതിയ സ്കോളർഷിപ്പ് പദ്ധതികളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് ആക്ടും(എംജിഎൻആർഇജിഎ) തിരിച്ചറിയപ്പെട്ട 300 ജില്ലകളിൽ ആധാർ അംഗത്വത്തോടെ ഡിബിടിയ്ക്ക് കീഴിൽ കൊണ്ടുവന്നു.

III.23 ജൻ ധൻ അക്കൗണ്ട്, ആധാർ ബയോമെട്രിക് ഐഡി, മൊബൈൽ (ജെഎഎം) എന്നിവ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഉൾപ്പെടെ രാജ്യമെമ്പാടും എല്ലാ ക്ഷേമപദ്ധതികളും നടപ്പാക്കുന്നതിനുള്ള അനന്യമായ അവസരം പ്രദാനം ചെയ്യുന്ന നിർവ്വഹണ ഉപാധികളാണ്. ഡിബിടി, സർക്കാരിൽ നിന്നും ജനങ്ങളിലേക്കുള്ള (ജി2പി) എല്ലാ പണമിടപാടുകൾക്കും കാര്യക്ഷമതയും സാഫല്യവും സുതാര്യതയും ഉത്തരവാദിത്വവും കൊണ്ടുവന്നു.

## അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ

III.24 പണമിടപാടുമായി ബന്ധപ്പെട്ട ഏതൊരു സ്ഥാപനവും/ ഉൽപന്നവും അവതരിപ്പിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആർബിഐയുടെ പെയ്മെന്റ് ആൻഡ് സെറ്റിൽമെന്റ് സിസ്റ്റം ആക്ട് 2007 പ്രകാരമുള്ള അനുമതി അനിവാര്യമാണ്. ആർബിഐ വൻ മൂല്യമുള്ള പണമിടപാട് സംവിധാനവും (ആർടിജിഎസ്) റീട്ടെയ്ൽ പെയ്മെന്റ് സംവിധാനവും (എൻഇഎഫ്ടി) പ്രവർത്തിപ്പിക്കുമ്പോൾ റീട്ടെയ്ൽ പണമിടപാട് സംവിധാനത്തിലെ മറ്റ് ഉൽപന്നങ്ങൾ (സിടിഎസ്, എഇപിഎസ്, എൻഎസിഎച്ച്, യുപിഐ, ഐഎംപിഎസ്) പ്രവർത്തിപ്പിക്കുന്നത് നാഷണൽ പെയ്മെന്റ് കോർപ്പറേഷനാണ് (എൻപിസിഐ). ഈ റീട്ടെയ്ൽ പെയ്മെന്റ് ഉൽപന്നങ്ങൾ ജനപ്രിയമായപ്പോൾ ഡിജിറ്റൽ പണമിടപാട് പലമടങ്ങ് വർദ്ധിച്ചു.

III.25 യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ(യുഐഡിഎഐ)[7] രൂപീകരിച്ചത്, ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ ഇരട്ടിക്കലും വ്യാജ വ്യക്തിത്വങ്ങളും ഇല്ലാതാക്കുന്നതിനായി ഇന്ത്യയിലെ എല്ലാ താമസക്കാർക്കും ബയോമെട്രിക് തിരിച്ചറിയൽ സംവിധാനവുമായി ബന്ധപ്പെടുത്തിയിട്ടുള്ള, "ആധാർ" എന്ന് വിളിക്കപ്പെടുന്ന യുണീക് ഐഡന്റിഫിക്കേഷൻ നമ്പറുകൾ(യുഐഡി) വിതരണം ചെയ്യുന്നതിന് വേണ്ടിയാണ്. യുഐഡിഎഐ ഇതുവരെ ഇന്ത്യയിലെ താമസക്കാരായ 120 കോടിയിലധികം പേർക്ക് ആധാർ നമ്പറുകൾ നൽകുകയും ഇന്ത്യയിലെ ദരിദ്ര ഗുണഭോക്താക്കളുടെ സാമ്പത്തിക ജീവിതം മെച്ചപ്പെടുത്തുന്നതിനായി തത്സമയം വൻതോതിൽ സാമ്പത്തിക ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ(ഡിബിടി) നടപ്പാക്കുന്നതിന് സാങ്കേതികവിദ്യയുടെ ഉപയോഗം സാധ്യമാക്കുകയും ചെയ്തു.

------------------------------

6 കാണുക : https://dbtbharat.gov.in/

7 കാണുക: https://uidai.gov.in/

III.26 ഒരു പൊതു വായ്പാ രജിസ്ട്രി അഥവാ പബ്ലിക് ക്രെഡിറ്റ് രജിസ്ട്രി (പിസിആർ) ബാങ്കുകൾക്ക് വായ്പാ വിലയിരുത്തലിനും വില നിർണയത്തിനും ബാങ്കുകളിൽ മെച്ചപ്പെട്ടതും വേഗമേറിയതുമായ ജാമ്യ വ്യവസ്ഥകൾ രൂപപ്പെടുത്തുന്നതിനും റിസ്ക് അധിഷ്ഠിതവും, ചലനാത്മകവും പ്രതിചാക്രികവുമായ കരുതൽ നടപടികൾ സ്വീകരിക്കലിനും നിയന്ത്രണാധികാര സമിതികളുടെ (റഗുലേറ്റർ) മേൽനോട്ടവും നേരത്തേയുള്ള ഇടപെടലും സാധ്യമാക്കുകയും പീഡിത ആസ്തികളുടെ ഫലപ്രദമായ പുനർക്രമീകരണത്തിന് സഹായിക്കുകയും ചെയ്യുന്നു.

III.27 എംഎസ്എംഇകൾക്കുള്ള പണമടവിലെ കാലതാമസം മൂലമുള്ള പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിനായി ആർബിഐ ട്രേഡ് റിസീവബ്ൾസ് ഡിസ്കൗണ്ടിങ് സിസ്റ്റം(ടിആർഇഡിഎസ്) പ്രവർത്തനോന്മുഖമാക്കുന്നതിനായി മാർഗനിർദ്ദേശങ്ങൾ കൊണ്ടുവന്നു.[8] ഇലക്ട്രോണിക് ബിൽ ഫാക്ടറിങ് എക്സ്ചേഞ്ചുകൾ സുഗമമാക്കുന്നതിനാണ് ടിആർഇഡിഎസ് സ്ഥാപിച്ചത്. ഇത് എംഎസ്എംഇ ബില്ലുകൾ ഇലക്ട്രോണിക്ക് രൂപത്തിൽ സ്വീകരിക്കലും ലേലം ചെയ്യലും സാധ്യമാക്കുന്നു. അതിലൂടെ എംഎസ്എംഇകൾക്ക് കിട്ടാനുള്ള തുക കാലതാമസം കൂടാതെ കൈവരിയ്ക്കാനാകും. 500 കോടി രൂപയിലധികം വിറ്റുവരവുള്ള എല്ലാ കമ്പനികളും നിർബന്ധമായും ടിആർഇഡിഎസിൽ രജിസ്റ്റർ ചെയ്യണമെന്ന് ഭാരത് സർക്കാർ ഉത്തരവുണ്ട്.

### ഉപഭോക്താവ് എന്ന ലക്ഷ്യത്തിലേക്കുള്ള ദൂരം

III.28 ബാങ്കിനും ഉപഭോക്താവിനും ഇടയിലുള്ള വിടവ് അഥവാ ഉപഭോക്താവിലേക്കുള്ള ദൂരം മറികടക്കുന്നതിനായി, ആർബിഐ ബിസിനസ് കറസ്പോണ്ടന്റുമാരെ/ ബിസിനസ് ഫെസിലിറ്റേറ്റർമാരെ ഏർപ്പാടാക്കാൻ അനുമതി നൽകിയിട്ടുണ്ട് (2006). ഇത് ഐസിടി അധിഷ്ഠിത സംവിധാനങ്ങളിലൂടെയുള്ള ലാഭകരമായ സേവന വിതരണത്തിന് വഴി തുറന്നു. 2018 സെപ്റ്റംബറിൽ ഇന്ത്യ പോസ്റ്റ് പെയ്മെന്റ്സ് ബാങ്ക്(ഐപിപിബി) ആരംഭിച്ചതാണ് സാമ്പത്തിക ഉൾപ്പെടുത്തൽ ശക്തിപ്പെടുത്തുന്നതിന്വെച്ച മറ്റൊരു ചുവട്.[9] രാജ്യത്തെ സാമ്പത്തിക ഉൾപ്പെടുത്തൽ സംരംഭങ്ങളെ കൂടുതൽ ഉയർത്തുന്നതിനായി ഐപിപിബി 1.55 ലക്ഷം പോസ്റ്റ് ഓഫീസുകളും മൂന്ന് ലക്ഷത്തിലധികം പോസ്റ്റ്മാന്മാരും ഗ്രാമീൺ ഡാക് സേവകരുമുള്ള തപാൽ വകുപ്പിന്റെ വിശാലമായ ശൃംഖല പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

### സാമ്പത്തിക സാക്ഷരതയും അവബോധവും

III.29 രാജ്യത്തെ സാമാന്യ ജനങ്ങൾക്കിടയിൽ സാമ്പത്തിക വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനായി, ആർബിഐ, സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങളിലൂടെയും (എഫ്എൽസി) ബാങ്കുകളുടെ ഗ്രാമീണ ശാഖകളിലൂടെയുമുള്ള സാമ്പത്തിക സാക്ഷരതാ പരിപാടിയ്ക്കായി മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. കൂടാതെ എല്ലാ വർഷവും രാജ്യത്ത് എല്ലായിടത്തും ഒരേസമയത്ത് "സാമ്പത്തിക സാക്ഷരതാ വാരം" ആചരിക്കാൻ ബാങ്കുകളോട് നിർദ്ദേശിയ്ക്കുകയും ചെയ്തു. സാമ്പത്തിക സാക്ഷരത വ്യാപിപ്പിക്കുന്നതിന് സാമൂഹ്യ പങ്കാളിത്തം കൊണ്ടുവരാൻ ബാങ്കുകളുമായി ചേർന്ന് ബ്ലോക്ക് തലത്തിൽ സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ (എഫ്എൽസി) സ്ഥാപിച്ചു. ദേശീയ വിദ്യാഭ്യാസ ഗവേഷണ, പരിശീലന കൗൺസിലുമായും(എൻസിഇആർടി) സംസ്ഥാന സർക്കാരുകളുമായും ഒത്തുചേർന്ന് സ്കൂൾ പാഠ്യപദ്ധതിയിൽ സാമ്പത്തിക വിദ്യാഭ്യാസം കൂടി ഉൾപ്പെടുത്തുന്നിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ, സാമ്പത്തിക മേഖലയിലെ നിയന്ത്രണ അതോറിറ്റികൾ, അതായത്, ആർബിഐ, സെബി, ഐആർഡിഎഐ, പിഎഫ്ആർഡിഎ എന്നിവർ ചേർന്ന് അടിസ്ഥാന സാമ്പത്തിക സാക്ഷരത പ്രചരിപ്പിക്കുന്നതിന് ഏകോപിത ശ്രമം നടത്തുന്നതിനായി കമ്പനി നിയമം 2013ന്റെ സെക്ഷൻ (8) പ്രകാരം സാമ്പത്തിക വിദ്യാഭ്യാസത്തിനുള്ള ദേശീയ കേന്ദ്രം (നാഷണൽ സെന്റർ ഫോർ ഫിനാൻഷ്യൻ എജ്യൂക്കേഷൻ - എൻസിഎഫ്ഇ) സ്ഥാപിക്കുകയും ചെയ്തു.

---

8 കാണുക: https://www.rbi.org.in/Scripts/bs_viewcontent.aspx?Id=3504 and https://www.rbi.org.in/scripts/FS_PressRelease.aspx?prid=48405&fn=9

9 കാണുക: See https://www.ippbonline.com/

**ഉപഭോക്തൃ സംരക്ഷണം**
III.30 പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിനായി, മറ്റ് നടപടികൾക്കൊപ്പം, ആർബിഐ, ഐആർഡിഎഐ, പിഎഫ്ആർഡിഎ എന്നിവ ഓംബുഡ്സ്മാൻ സ്കീമിന്റെ രൂപത്തിൽ അനുയോജ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തി. കൂടാതെ, സെബി ഒരു 'സെബി പരാതി പരിഹാര സംവിധാനം' (സ്കോർസ്) ആരംഭിക്കുകയും ചെയ്തു.

**വെല്ലുവിളികൾ**

III.31 സാമ്പത്തിക മേഖലയിലെ വിവിധ പങ്കാളികൾ രാജ്യത്തെ സാമ്പത്തിക ഉൾപ്പെടുത്തൽ ശക്തിപ്പെടുത്തുന്നതിന് വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിലും സാമ്പത്തിക സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ഇപ്പോഴും നിർണായകമായ വിടവ് നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ ഏകോപനത്തിലൂടെയും ഫലപ്രദമായ നിരീക്ഷണത്തിലൂടെയും നയരൂപീകരണക്കാരുടെ ശ്രദ്ധ പതിയേണ്ടതുണ്ട്.

**1. അപര്യാപ്തമായ അടിസ്ഥാനസൗകര്യം:** പരിമിതമായ ഭൗതിക അടിസ്ഥാന സൗകര്യം, പരിമിതമായ ഗതാഗത സൗകര്യം, അപര്യാപ്തമാംവിധം പരിശീലിപ്പിക്കപ്പെട്ട ജീവനക്കാർ മുതലായവ, ഉൾനാടൻ ഗ്രാമങ്ങളിലും ഹിമാലയൻ, വടക്കുകിഴക്കൻ പ്രദേശങ്ങളിലും ഉപഭോക്താക്കൾക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാകുന്നതിന് തടസം സൃഷ്ടിക്കുന്നു.

**2. മോശം കണക്റ്റിവിറ്റി:** സാമ്പത്തിക സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ സാങ്കേതികവിദ്യ ഒരു പ്രധാന ഘടകമായി മാറിയതോടെ, സാമ്പത്തിക സേവനം ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുന്ന കാര്യത്തിൽ രാജ്യത്തെ മോശം കണക്റ്റിവിറ്റിയുള്ള ചില മേഖലകൾ പുറകിൽ ഉപേക്ഷിക്കപ്പെടുന്ന സ്ഥിതിയുണ്ടായി. അത് ഒരു ഡിജിറ്റൽ വിഭജനം സൃഷ്ടിക്കുകയും ചെയ്തു. സാമ്പത്തിക സേവന ദാതാവിനും ഉപഭോക്താവ് എന്ന ലക്ഷ്യത്തിലേക്കുള്ള ദൂരത്തിനും ഇടയിലെ ഏറ്റവും മികച്ച പാലമായിരിക്കും സാങ്കേതികവിദ്യ. ഫിൻടെക് (ഫിനാൻഷ്യൽ ടെക്നോളജി) അഥവാ സാങ്കേതികവിദ്യാധിഷ്ഠിത സാമ്പത്തിക സേവന കമ്പനികളായിരിക്കും ഈ പ്രശ്നത്തെ നേരിടുന്നതിനുള്ള ഏറ്റവും മികച്ച പ്രതിവിധി. അതിനായി പരിഹരിക്കപ്പെടേണ്ട ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി ഗ്രാമങ്ങളിലെ ഉൾപ്രദേശങ്ങളിൽ ടെലി, ഇന്റർനെറ്റ് ബന്ധം മെച്ചപ്പെടുത്തുകയും രാജ്യത്തെമ്പാടും കണക്റ്റിവിറ്റി കൈവരിയ്ക്കുകയും ചെയ്യുക എന്നതാണ്.

**3. സൗകര്യവും പ്രസക്തിയും:** ഉപഭോക്താക്കളെ ഉൾപ്പെടുത്തുന്ന വേളയിൽ ദീർഘവും സങ്കീർണവുമായ നടപടിക്രമങ്ങൾ പ്രതിബന്ധമായി വരുന്നു. ഉൽപന്നങ്ങൾ മനസിലാക്കാൻ എളുപ്പമല്ലാത്തതും സങ്കീർണമായതുമാകുമ്പോൾ, ഉപഭോക്താക്കൾക്ക് അവരുടെ തൊഴിലിൽ നിന്നുള്ള വരുമാനം അസ്ഥിരവും അനിശ്ചിതവുമാകുക പോലുള്ള സാഹചര്യങ്ങളിൽ അവരുടെ ആവശ്യങ്ങൾ നിറവേറ്റാതെ വരുമ്പോൾ ഈ ബുദ്ധിമുട്ട് കൂടുതൽ വർദ്ധിക്കുകയും ചെയ്യുന്നു.

**4 സാമൂഹിക സാംസ്കാരിക പ്രതിബന്ധങ്ങൾ:** സമൂഹത്തിലെ ചില വിഭാഗങ്ങൾക്കുള്ളിൽ പ്രചാരത്തിലുള്ള സവിശേഷമായ മൂല്യവ്യവസ്ഥകളും വിശ്വാസങ്ങളും ഔപചാരിക സാമ്പത്തിക സേവനങ്ങളോടുള്ള അനുകൂലമായ സമീപനത്തിൽ കുറവ് വരുന്നതിന് കാരണമാകുന്നു. സാംസ്കാരികമായ പ്രതിബന്ധങ്ങൾമൂലം സ്ത്രീകൾക്ക് സാമ്പത്തിക സേവനങ്ങൾ ഉപയോഗപ്പെടുത്താൻ സ്വാതന്ത്ര്യമില്ലാത്ത ചില പ്രദേശങ്ങൾ ഇപ്പോഴുമുണ്ട്.

**5 ഉൽപന്ന ഉപയോഗം:** സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള ദൗത്യാധിഷ്ഠിതമായ സമീപനം മൈക്രോ ഇൻഷുറൻസ്, പെൻഷൻ എന്നിവ അടക്കമുള്ള അടിസ്ഥാന സാമ്പത്തിക സേവനങ്ങളുടെ പ്രാപ്യത വർദ്ധിപ്പിച്ചെങ്കിലും പ്രസക്തമായ സാമ്പത്തിക സേവനങ്ങളുടെ നേട്ടങ്ങൾ കൈവരിയ്ക്കുന്നതിന് ഉപഭോക്താക്കളെയും ആവശ്യമായ അളവും സുസ്ഥിരതയും കൈവരിയ്ക്കാൻ സേവനദാതാക്കളെയും സഹായിക്കാൻ ഈ അക്കൗണ്ടുകളുടെ ഉപയോഗം വർദ്ധിപ്പിക്കേണ്ട ആവശ്യമുണ്ട്. നൈപുണ്യ വികസനവും ജീവനോപാധി സൃഷ്ടിക്കലും, ഡിജിറ്റൽ പണമിടപാടുകളുടെ ആവാസവ്യവസ്ഥ ശക്തിപ്പെടുത്തിക്കൊണ്ടുള്ള

സർക്കാർ പണമിടപാടുകളുടെ ഡിജിറ്റൽവത്ക്കരണം, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, സാമ്പത്തിക സാക്ഷരത വർദ്ധിപ്പിക്കൽ, ശക്തമായ ഉപഭോക്തൃ സംരക്ഷണ ചട്ടങ്ങൾ രൂപീകരിക്കൽ എന്നിവ പോലുള്ള സാമ്പത്തിക പ്രവർത്തനങ്ങളിലൂടെ ഇത് നിർവ്വഹിക്കാം.

**6 പണമടവിനുള്ള അടിസ്ഥാന സൗകര്യം:** നിലവിൽ റീട്ടെയ്ൽ പണമടവ് (പെയ്മെൻറ്) ഉൽപന്നങ്ങളും, അതായത്, സിടിഎസ്, എഇപിഎസ്, എൻഎസിഎച്ച്, യുപിഐ, ഐഎംപിഎസ് മുതലായവ, പ്രവർത്തിപ്പിക്കുന്നത് നാഷണൽ പെയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ)യാണ്. ഇത് ഒരുകൂട്ടം പൊതു, സ്വകാര്യ, വിദേശ ബാങ്കുകൾ പിന്തുണയ്ക്കുന്ന സെക്ഷൻ (8) കമ്പനിയാണ്. സാമ്പത്തിക സ്ഥിരതാ കാഴ്ചപ്പാടിൽ നിന്ന് റീട്ടെയ്ൽ പെയ്മെന്റ് സംവിധാനത്തിൽ പുതുമയും മത്സരവും പ്രോത്സാഹിപ്പിക്കുന്നതിനും ഏതെങ്കിലും ഒരൊറ്റ വിഭാഗത്തിൽ മാത്രം ശ്രദ്ധവെയ്ക്കുന്നതുകൊണ്ടുള്ള റിസ്ക് കുറയ്ക്കുന്നതിനും വിപണിയിൽ കൂടുതൽ സേവന ദാതാക്കൾ ഉണ്ടാകേണ്ട ആവശ്യമുണ്ട്.

# IV തന്ത്രപരമായ ലക്ഷ്യങ്ങൾ

**ചിത്രം IV. 1 സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള ദേശീയ നയപരിപാടിയുടെ തന്ത്രപ്രധാനമായ നെടുംതൂണുകൾ**




അടിസ്ഥാന ഔപചാരിക സാമ്പത്തിക സേവനങ്ങളുടെ പ്രാപ്യത ഉറപ്പാക്കുന്ന കാഴ്ചപ്പാട് കൈവരിയ്ക്കുന്നതിനായി, ഇന്ത്യൻ സാഹചര്യത്തിലുള്ള സവിശേഷ പ്രസക്തിയോടെ ഒരു കൂട്ടം മാർഗനിർദ്ദേശക ലക്ഷ്യങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. ഈ അദ്ധ്യായം ആ ലക്ഷ്യങ്ങൾ ഓരോന്നും വിശദമാക്കുകയും കർമ്മപദ്ധതികളും നാഴികക്കല്ലുകളും നിശ്ചയിക്കുകയും ഇത് കൈവരിയ്ക്കുന്നതിനായി വിശാലമായ ശുപാർശകൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

**IV. 1 സാമ്പത്തിക സേവനങ്ങളുടെ സാർവത്രികമായ പ്രാപ്യത**

ഓരോ ഗ്രാമത്തിലും 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ എന്ന സൗകര്യപ്രദമായ ദൂരത്തിൽ ഔപചാരിക സാമ്പത്തിക സേവനദാതാവിലേക്ക് എത്താനാകണം. എളുപ്പവും സങ്കീർണതകളില്ലാത്തതുമായ ഡിജിറ്റൽ പ്രക്രിയയിലൂടെ ഉപഭോക്താക്കൾ സാമ്പത്തിക സേവനത്തിൽ ഉൾപ്പെടുത്തപ്പെടണം. ഈ പ്രക്രിയകൾ കടലാസ് വളരെക്കുറച്ചുമാത്രം ഉപയോഗിക്കുന്ന സംവിധാനത്തിലേക്ക് നയിക്കുന്നതുമായിരിക്കണം.

സാമ്പത്തിക സേവനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിച്ചുകൊണ്ട് അവയുടെ സാർവത്രികമായ പ്രാപ്യത സാധ്യമാക്കുക എന്നതാണ് വിജയകരമായ സാമ്പത്തിക ഉൾപ്പെടുത്തൽ തന്ത്രത്തിന്റെ പ്രധാന അടിത്തറ. കഴിഞ്ഞ അഞ്ചുവർഷം കൊണ്ട്, പ്രത്യേകിച്ച് 2014ൽ പിഎംജെഡിവൈ ആരംഭിച്ചതോടെ രാജ്യത്തെ സാമ്പത്തിക സേവന ലഭ്യതാ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും, രാജ്യത്തെ വടക്ക് കിഴക്കൽ മേഖലയിലെ എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള ഭൂപ്രദേശങ്ങൾ, ഇടതുപക്ഷ തീവ്രവാദം ബാധിച്ചിട്ടുള്ള ജില്ലകൾ, അഭിലഷിത ജില്ലകൾ എന്നിവ ഉൾപ്പെടെയുള്ള ചില പ്രദേശങ്ങളിൽ സാമ്പത്തിക സേവനം മെച്ചപ്പെടുത്തുന്നതിനായി സേവന ലഭ്യതാ കേന്ദ്രങ്ങളുടെ (ആക്സസ് പോയിന്റ്) എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്.

**ശുപാർശകൾ**

**സാമ്പത്തിക സേവനങ്ങളുടെ സാർവത്രികമായ പ്രാപ്യത പ്രദാനം ചെയ്യുക എന്ന ലക്ഷ്യം കൈവരിയ്ക്കുന്നതിന്, സാമ്പത്തിക സേവനങ്ങളുടെ തടസ്സമില്ലാത്ത വിതരണത്തിനായി എല്ലാ സാമ്പത്തിക സേവന കേന്ദ്രങ്ങളിലും/ ടച്ച് പോയിന്റുകളിലും ശക്തവും കാര്യക്ഷമവുമായ ഡിജിറ്റൽ ശൃംഖല ലഭ്യമാക്കുക എന്നത് പ്രധാനമാണ്. അതോടൊപ്പം, ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യപ്പെടുന്ന സേവനങ്ങളിൽ കാര്യക്ഷമതയും സുതാര്യതയും പ്രോത്സാഹിപ്പിക്കുന്നതിനായി ഡിജിറ്റൽ സാമ്പത്തിക സേവന സൗകര്യങ്ങൾ സഹകരണ ബാങ്കുകൾ മറ്റ് സവിശേഷ ബാങ്കുകൾ (പെയ്മെന്റ്സ് ബാങ്കുകൾ, സ്മോൾ ഫിനാൻസ് ബാങ്കുകൾ) എന്നിവയിലേക്കും കൂടാതെ, വളം വിൽപന ശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകൾ/ പഞ്ചായത്തുകൾ, ന്യായവില കടകൾ, പൊതു സേവന കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായ മറ്റ് ബാങ്ക് ഇതര സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കണമെന്നും ശുപാർശ ചെയ്യപ്പെടുന്നു. ബി സി ശൃംഖല ശക്തിപ്പെടുത്തുന്നതിനായി പ്രതിഫലം, പണാധിഷ്ഠിത ഈടുകൾ നൽകൽ, പണം കൈവശം വെയ്ക്കുന്നതിലെ പരിധികൾ തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിയ്ക്കാൻ ബാങ്കുകൾക്ക് പരിശ്രമിക്കാവുന്നതാണ്.**

**കർമ്മപദ്ധതികളും നാഴികക്കല്ലുകളും**

- ☐ രാജ്യത്തെ ഓരോ ഗ്രാമത്തിലും 5 കിലോമിറ്റർ ചുറ്റളവിനുള്ളിൽ/ മലമ്പ്രദേശങ്ങളിൽ 500 കുടുംബങ്ങളുള്ള ചെറുഗ്രാമപ്രദേശത്ത് ബാങ്കിങ് സേവനം ലഭ്യമാക്കുന്നതിനായി ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ/ പെയ്മെന്റ്സ് ബാങ്കുകളുടെ/സ്മോൾ ഫിനാൻസ് ബാങ്കുകളുടെ ശാഖകളുടെ/സേവന കേന്ദ്രങ്ങളുടെ വ്യാപ്തി **2020 മാർച്ച്** മാസത്തോടെ വർദ്ധിപ്പിക്കൽ.
- ☐ നേരിട്ടുള്ള പണ ഉപയോഗം കുറഞ്ഞ (ലെസ് ക്യാഷ്) ഒരു സമൂഹത്തിലേക്ക് മുന്നേറുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കാൻ **2022 മാർച്ച്** മാസത്തോടെ എല്ലാ ടിയർ II മുതൽ ടിയർ VI വരെയുള്ള കേന്ദ്രങ്ങളിലും വിവിധ തരം ഡിജിറ്റൽ സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ.
- ☐ മൊബൈൽ ആപ്പുകൾ ഉൾപ്പെടെയുള്ള കൽപിത (വെർചൽ) സംവിധാനങ്ങളിലൂടെ സാമ്പത്തിക സേവന വ്യാപ്തി ശക്തിപ്പെടുത്തുന്നതിനായി എല്ലാ സേവന ദാതാക്കളെയും നൂതനമായ സമീപനങ്ങൾ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സാങ്കേതികവിദ്യാ (ഫിൻടെക്) മേഖലയിലുണ്ടാകുന്ന വികാസങ്ങൾ ഉപയോഗപ്പെടുത്തുക. അങ്ങനെ, **2024 മാർച്ച്** മാസം ആകുമ്പോഴേയ്ക്കും പ്രായപൂർത്തിയായ എല്ലാ വ്യക്തികൾക്കും മൊബൈൽ ഉപകരണത്തിലൂടെ ഒരു സാമ്പത്തിക സേവന ദാതാവിലേക്ക് എത്തിച്ചേരാനാകും.
- ☐ ഉപഭോക്താവിനെ മനസിലാക്കിയുള്ള ഉൾപ്പെടുത്തലിനായി (ഓൺ ബോർഡിങ്) **2024 മാർച്ച്** മാസത്തോടെ, വർദ്ധിച്ചതോതിൽ ഡിജിറ്റലും അനുമതി അധിഷ്ഠിതവുമായ സംവിധാനത്തിലേക്ക് മാറുക.

**IV. 2 അടിസ്ഥാന സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കൽ**

താൽപര്യവും അർഹതയുമുള്ള എല്ലാ പ്രായപൂർത്തിയായവർക്കും അടിസ്ഥാന സേവിങ്സ് ബാങ്ക് അക്കൗണ്ട്, വായ്പ, മൈക്രോ ലൈഫ്, ലൈഫ് ഇതര ഇൻഷുറൻസ് ഉൽപന്നം, ഒരു പെൻഷൻ ഉൽപന്നം, അനുയോജ്യമായ ഒരു നിക്ഷേപ ഉൽപന്നം എന്നിവ ഉൾപ്പെട്ട അടിസ്ഥാന സാമ്പത്തിക സേവനങ്ങളുടെ നിര ലഭ്യമാക്കേണ്ട ആവശ്യമുണ്ട്.

പിഎംജെഡിവൈ എന്ന പേരിൽ അറിയപ്പെടുന്ന, സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള ദേശീയ മിഷൻ പ്രായപൂർത്തിയായ എല്ലാവർക്കും അടിസ്ഥാന സാമ്പത്തിക സേവനങ്ങൾ പ്രാപ്യമാക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എന്നിരുന്നാലും, പിഎംജെഡിവൈ അക്കൗണ്ട് ഉടമകൾക്ക് ഇൻഷുറൻസ്, പെൻഷൻ, വായ്പ എന്നിവ പ്രാപ്യമാക്കുന്നതിന് ഇനിയും കൂടുതൽ പരിശ്രമം ആവശ്യമാണ് എന്ന് കാണുന്നു.

**ശുപാർശകൾ**

**ബാങ്കുകളിലൂടെ ഉപഭോക്താക്കളുടെ താൽപര്യത്തിന് അനുസരിച്ചുള്ള സാമ്പത്തിക ഉൽപന്നങ്ങൾ രൂപപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുന്നതിലൂടെയും ഈ സാമ്പത്തിക ഉൽപന്നങ്ങളുടെ ഫലപ്രദമായ വിതരണം ഫിൻടെക്, ബി സി ശൃംഖല എന്നിവ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് ഉറപ്പാക്കുന്നതിലൂടെയും, അടിസ്ഥാന സാമ്പത്തിക സേവന നിര ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാവുന്നതാണ്. ബാങ്കുകൾ അവരുടെ ബി സി കളുടെ ശേഷി വർദ്ധിപ്പിക്കാൻ കഠിനാധ്വാനം ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നു. അതിലൂടെ അവയെ ലൈഫ്, ലൈഫ് ഇതര ഇൻഷുറൻസ് ഉൽപന്നങ്ങൾ, പെൻഷൻ ഉൽപന്നങ്ങൾ, മ്യൂച്ചൽ ഫണ്ടുകൾ തുടങ്ങിയ സാമ്പത്തിക സേവനങ്ങളുടെ വൻ ശ്രേണി വിതരണം ചെയ്യുന്നതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.**

**കർമ്മപദ്ധതിയും നാഴികക്കല്ലുകളും**

- ☐ പിഎംജെഡിവൈയിൽ അംഗത്വമെടുത്തിട്ടുള്ള താൽപര്യവും അർഹതയുമുള്ള പ്രായപൂർത്തിയായ എല്ലാവരേയും (സമീപകാലത്തായി തൊഴിലെടുത്ത് തുടങ്ങിയിട്ടുള്ള ചെറുപ്പക്കാർ ഉൾപ്പെടെ) മാർച്ച് 2020 ഓടെ ഒരു ഇൻഷുറൻസ് സ്കീമിൽ (പിഎംജെജെബിവൈ, പിഎംഎസ്ബിവൈ മുതലായവയിൽ), ഒരു പെൻഷൻ സ്കീമിൽ (എൻപിഎസ്, എപിവൈ മുതലായവയിൽ) അംഗത്വമെടുപ്പിക്കൽ.
- ☐ മാർച്ച് 2020 ഓടെ മാതൃസ്ഥാപനത്തിലൂടെ അല്ലെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളിലൂടെ എല്ലാ ബി സി കളുടെയും ശേഷി വർദ്ധിപ്പിക്കൽ.
- ☐ മാർച്ച് 2022 ഓടെ പൊതുവായ്പ രജിസ്ട്രി (പിസിആർ) പൂർണമായും പ്രവർത്തനക്ഷമമാക്കണം. അങ്ങനെയായാൽ, അംഗീകൃത സാമ്പത്തിക സ്ഥാപനങ്ങൾക്ക് പൗരന്മാരിൽ നിന്നുള്ള വായ്പാ അപേക്ഷകൾ വിലയിരുത്താൻ അത് ഉപയോഗപ്പെടുത്താനാകും.

**IV. 3 ഉപജീവനമാർഗവും നൈപുണ്യ വികസനവും പ്രാപ്യമാക്കൽ**

സാമ്പത്തിക സംവിധാനത്തിലേക്ക് പുതിയതായി പ്രവേശിക്കുന്നവർ, ഏതെങ്കിലും ഉപജീവനമാർഗ/ നൈപുണ്യ വികസന പരിപാടിയിൽ പങ്കാളിയാകാൻ അർഹതയുള്ളവരും താൽപര്യമുള്ളവരുമാണെങ്കിൽ, അവർക്ക് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സർക്കാർ പരിപാടികളെക്കുറിച്ചുള്ള പ്രസക്തമായ വിവരങ്ങൾ ലഭ്യമാക്കണം. അത് അവരെ തങ്ങളുടെ നൈപുണ്യം വർദ്ധിപ്പിക്കാനും അർത്ഥവത്തായ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുമാനം മെച്ചപ്പെടുത്താനും സഹായിക്കും.

ആഗോളതലത്തിൽ തന്നെ കണ്ടിട്ടുള്ളത്, സുസ്ഥിരമായ ഉപജീവനമാർഗം ഉണ്ടായാൽ ആളുകളെ ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്നും പുറത്തു കൊണ്ടുവരാനാകും എന്നാണ്. ബാങ്കുകളും സർക്കാരും നൈപുണ്യ വികസന ഏജൻസികളും തമ്മിലുള്ള മതിയായ ഏകോപനത്തിലൂടെയും ഒത്തൊരുമിച്ചുള്ള പരിശ്രമത്തിലൂടെയും, സാമ്പത്തിക മേഖലയിലേക്ക് പുതിയതായി പ്രവേശിക്കുന്നവർക്ക് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നൈപുണ്യ വികസന പരിപാടികളെക്കുറിച്ചും സർക്കാരിന്റെ ഉപജീവന മിഷനുകളെക്കുറിച്ചും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**ശുപാർശകൾ**

**ഉപജീവനവും നൈപുണ്യ വികസനവും പ്രാപ്യമാക്കൽ ഉറപ്പു വരുത്തുമ്പോൾ, വിവിധ മാനങ്ങളുള്ള പരിശ്രമം ആവശ്യമാണ്. ഏകീകൃതമായ ഒരു സമീപനത്തിലൂടെ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻആർഎൽഎം), ദേശീയ നഗര ഉപജീവന മിഷൻ(എൻയുഎൽഎം), പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (പിഎംകെവിവൈ) എന്നിവ പോലെ തൊഴിലവസരം സൃഷ്ടിക്കുന്നതും നൈപുണ്യം വികസിപ്പിക്കുന്നതുമായ വിവിധ പരിപാടികളുടെയും മറ്റ് സംസ്ഥാന തല പരിപാടികളുടെയും ലക്ഷ്യങ്ങളുടെ സംയോജനം കൈവരിക്കാൻ ശുപാർശ ചെയ്യുന്നു. ഔപചാരിക സാമ്പത്തിക സംവിധാനത്തിലേക്ക് പുതിയതായി പ്രവേശിക്കുന്നവർക്ക് ഇത്തരം പരിപാടികളെക്കുറിച്ച് വിവരം നൽകുകയും വിവര വ്യാപനത്തിലൂടെയും ഏകോപനത്തിലൂടെയും സഹായം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.**

**കർമ്മ പദ്ധതിയും നാഴികക്കല്ലുകളും**

- ☐ പുതിയതായി പ്രവേശിച്ചവർ അക്കൗണ്ട് തുറക്കുന്ന സമയത്ത്, ആർഎസ്ഇടിഐ, എൻആർഎൽഎം, എൻയുഎൽഎം, പിഎംകെവിവൈ എന്നിവയിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, നൈപുണ്യ വികസനത്തിനും ഉപജീവനമാർഗം ഉണ്ടാക്കുന്നതിനുമുള്ള പരിപാടികളുടെ പ്രസക്തമായ എല്ലാ വിവരങ്ങളും അവർക്ക് ലഭ്യമാക്കുന്നതാണ്. നൈപുണ്യ വികസന പരിപാടിയിൽ പങ്കെടുക്കാനും ഉപജീവനം സൃഷ്ടിക്കാനുള്ള പരിപാടിയുടെ ഭാഗമാകാനും സന്നദ്ധരായ, തൊഴിൽ രഹിതരായ ചെറുപ്പക്കാരും സ്ത്രീകളും ഉൾപ്പെടെയുള്ള എല്ലാ അക്കൗണ്ട് ഉടമകളുടെയും വിശദവിവരങ്ങൾ **മാർച്ച് 2020** ഓടെ ബന്ധപ്പെട്ട നൈപുണ്യ വികസന കേന്ദ്രങ്ങളുമായും/ ഉപജീവന മിഷനുമായും തിരിച്ചും പങ്കുവെയ്ക്കപ്പെടുന്നതാണ്.

- ☐ ദേശീയ നൈപുണ്യ വികസന മിഷൻ **മാർച്ച് 2022** ഓടെ, പുതിയതായി സാമ്പത്തികമായി ഉൾപ്പെടുത്തപ്പെട്ട എസ്എച്ച്ജികൾക്ക്/ സൂക്ഷ്മ സംരംഭകർക്ക് കൈത്താങ്ങ് നൽകുന്നതിന്റെ പ്രധാന്യം കണക്കിലെടുത്ത്, അവരുടെ സാമ്പത്തിക സാക്ഷരതയിലുള്ള അവബോധം, പരിപാലന വൈദഗ്ധ്യം, വായ്പാ, വിപണി ബന്ധങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിനായി പൗര സമൂഹത്തിന്റെ/ബാങ്കുകളുടെ/എൻജിഒകളുടെ പരിശ്രമങ്ങളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധയൂന്നുന്ന സമീപനത്തിനുള്ള ഒരു പദ്ധതി വികസിപ്പിക്കേണ്ടതുണ്ട്.

**IV.4 സാമ്പത്തിക സാക്ഷരതയും വിദ്യാഭ്യാസവും**

സാമ്പത്തിക ഉൽപന്നങ്ങളും നടപടിക്രമങ്ങളും എളുപ്പത്തിൽ മനസിലാക്കുന്നതിനായി സവിശേഷ വിഭാഗത്തിലുള്ള പ്രേക്ഷകരെ/പഠിതാക്കളെ (ഉദാ. കുട്ടികൾ, ചെറുപ്പക്കാർ, സ്ത്രീകൾ, പുതിയ തൊഴിലാളികൾ/ സംരംഭകർ, കുടുംബാംഗം, വിരമിക്കാറായവർ, വിരമിച്ചവർ മുതലായവർ) ലക്ഷ്യം വെച്ച് തയ്യാറാക്കിയിട്ടുള്ള സാമ്പത്തിക സാക്ഷരതാ പാഠങ്ങൾ ശബ്ദ, ദൃശ്യ / ലഘുലേഖ രൂപത്തിൽ ലഭ്യമാക്കും. ഇത് സാമ്പത്തിക മേഖലയിലേക്ക് പുതിയതായി പ്രവേശിക്കുന്നവർക്കും സഹായകമാകും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

ഭാരത സർക്കാരും ആർബിഐയും മറ്റ് പങ്കാളികളും  സാമ്പത്തിക ഉൾപ്പെടുത്തലിനായി നടത്തിയ പരിശ്രമങ്ങളുടെ ഫലമായി രാജ്യത്ത് ബാങ്ക് അക്കൗണ്ടുകളും ബാങ്കിങ് ഔട്ട്ലെറ്റുകളും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അക്കൗണ്ടുകൾ തങ്ങളുടെ നേട്ടത്തിനായി ഉപയോഗിക്കാൻ ഉപഭോക്താക്കളെ പ്രാപ്തരാക്കാനും അതിലൂടെ അവരുടെ സാമ്പത്തിക ക്ഷേമം വർദ്ധിപ്പിക്കാനും സാമ്പത്തിക സാക്ഷരത ഒരു പ്രധാന ഘടകമാണ്.

രാജ്യത്ത് സാമ്പത്തിക സാക്ഷരതാ പ്രചാരണത്തിന് തുടക്കത്തിൽ ബാങ്കുകൾ നേതൃത്വം നൽകുന്ന പരിപാടികളും, പിന്നീട് കാലക്രമേണ, സാമ്പത്തിക സാക്ഷരത ആവശ്യമുള്ള വിവിധ വിഭാഗം ആളുകളിലേക്ക് അത് എത്തിക്കുന്നതിന് സാമ്പത്തിക സാക്ഷരതയെ വിവിധ പങ്കാളികൾ ചേർന്ന് നയിക്കുന്ന സമീപന പരിപാടിയാക്കി മാറ്റുന്നതിന് നിരവധി നടപടികളും സ്വീകരിച്ചു.

**ശുപാർശകൾ**

**സാമ്പത്തിക സാക്ഷരതയും വിദ്യാഭ്യാസവും ഊർജസ്വലമായ സാമ്പത്തിക സംവിധാനത്തിന്റെ അടിസ്ഥാനമായതിനാൽ, ഈ ദിശയിൽ സുസ്ഥിരമായ പ്രയത്നം നടത്തേണ്ടത് പ്രധാനമാണ്. അതിനാൽ താഴെക്കിടയിലുള്ള ജനവിഭാഗങ്ങൾക്കിടയിൽ സാമ്പത്തിക സാക്ഷരത പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള എസ്എൽബിസി/ഡിസിസി/ഡിഎൽആർസി സംവിധാനം പരമാവധി ഉപയോഗപ്പെടുത്തണമെന്നും ആർബിഐ, നബാർഡ്, എൻആർഎൽഎം പ്രവർത്തകർ, എൻജിഒകൾ, പിഎസിഎസ്, പഞ്ചായത്തുകൾ, എസ്എച്ച്ജികൾ, കൃഷിക്കാരുടെ ക്ലബ്ബുകൾ മുതലായവയുടെ ഏകോപിതമായ പ്രവർത്തനം ഉണ്ടാകണമെന്നും ശുപാർശ ചെയ്യുന്നു.**

**കർമ്മ പദ്ധതിയും നാഴികക്കല്ലുകളും**

- ☐ സാമ്പത്തിക വിദ്യാഭ്യാസത്തിനുള്ള ദേശീയ കേന്ദ്ര (എൻസിഎഫ്ഇ)ത്തിലൂടെ, **2021 മാർച്ച് മാസത്തോടെ**, ശ്രവ്യ, ദൃശ്യ ഉള്ളടക്കങ്ങളുടെ/ലഘുലേഖകളുടെ രൂപത്തിൽ സാമ്പത്തിക സേവനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന സാമ്പത്തിക സാക്ഷരതാ പാഠ്യപരിപാടി വികസിപ്പിക്കുക. ഈ പരിപാടി പ്രത്യേകമായി ലക്ഷ്യം വെച്ചിരിക്കുന്ന പ്രേക്ഷകരെ (ഉദാ. കുട്ടികൾ, ചെറുപ്പക്കാർ, സ്ത്രീകൾ, പുതിയ തൊഴിലാളികൾ/ സംരംഭകർ, മുതിർന്ന പൗരന്മാർ മുതലായവരെ) ഉദ്ദേശിച്ചുള്ളതായിരിക്കണം.

- ☐ **2019– 2024** കാലയളവിൽ, സാമ്പത്തിക ഉൽപന്നങ്ങളെക്കുറിച്ച് മനസിലാക്കാനും സാങ്കേതികവിദ്യയിൽ നയിക്കപ്പെടുന്ന ഡിജിറ്റൽ കിയോസ്കുകൾ, മൊബൈൽ ആപ്പുകൾ തുടങ്ങിയവയിലൂടെ ഈ ഉത്പന്നങ്ങൾ ഉപയോഗിക്കാനും ഉപഭോക്താക്കളെ ശാക്തീകരിക്കുന്ന ആശയ സാക്ഷരതയിലും പ്രക്രിയാ സാക്ഷരതയിലും ശ്രദ്ധയൂന്നുക.

- ☐ സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ (സിഎഫ്എൽ) **2024 മാർച്ച് മാസത്തോടെ** രാജ്യത്തെ എല്ലാ ബ്ലോക്കുകളിലേക്കും വ്യാപിപ്പിക്കുക.

## IV.5 ഉപഭോക്തൃ സംരക്ഷണവും പരാതി പരിഹരിക്കലും

ഉപഭോക്താക്കളെ തങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് ലഭ്യമായിട്ടുള്ള മാർഗങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കണം. ഉപഭോക്താക്കളുടെ ബയോമെട്രിക് വിവരങ്ങളും ജനസംഖ്യാപരമായ വിവരങ്ങളും സംഭരിക്കുകയും പങ്കുവെയ്ക്കുകയും ചെയ്യുമ്പോൾ അവരുടെ സ്വകാര്യത സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

ഔപചാരിക സാമ്പത്തിക സേവന മണ്ഡലത്തിലേക്ക് വലിയ തോതിൽ പുതിയ ഉപഭോക്താക്കൾ ഉൾപ്പെടുത്തപ്പെടുകയും ഡിജിറ്റൽ സാമ്പത്തിക സേവന രംഗത്ത് ക്ലോണിങ്, ഹാക്കിങ്, ഫിഷിങ്, വിഷിങ്, സ്മിഷിങ്, ഫാമിങ്, മാൽവെയർ മുതലായവ മൂലം അപകട സാധ്യത വർദ്ധിച്ചുവരികയും ചെയ്യുന്നതിനാൽ ശക്തമായ ഉപഭോക്തൃ സംരക്ഷണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഡാറ്റാ സംരക്ഷണം, വിവര സുരക്ഷ, സൈബർ സുരക്ഷ എന്നിവയും ഉപഭോക്തൃ സംരക്ഷണ ചട്ടത്തിൻ കീഴിൽ കൈകാര്യം ചെയ്യേണ്ട പുതിയ മേഖലകളാണ്.

**ശുപാർശകൾ**

**സാമ്പത്തിക സംവിധാനം നിക്ഷേപകരിൽ നിന്നും സംരംഭകരിലേക്ക് മൂലധനം എത്തിക്കുന്നതിനുള്ള ഇടനിലക്കാരനായി പ്രവർത്തിക്കുകയും, കൂടാതെ, വ്യക്തികളുടെ പണമിടപാടുമായി ബന്ധപ്പെട്ടതും സാമ്പത്തികവുമായ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നതിനാൽ ഈ സംവിധാനത്തിലുള്ള വിശ്വാസത്തിന്റെ പ്രധാന്യം പരമപ്രധാനമായി തുടരുന്നു. അതിനാൽ, വിവിധ തലങ്ങളിൽ ശക്തമായ ഉപഭോക്തൃ പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. ആഭ്യന്തര ഓഡിറ്റുകൾ ബാങ്കുകളിൽ നിലവിലുള്ള പരാതി പരിഹാര സംവിധാനത്തിന്റെ, അതായത്, ആഭ്യന്തര ഓംബുഡ്സ്മാൻ സ്കീമിന്റെ, ഗുണപരമായ കാര്യക്ഷമതയും വിലയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.**

**കർമ്മ പദ്ധതിയും നാഴികക്കല്ലുകളും**

- ☐ ഫലപ്രദവും യഥാസമയത്തുള്ളതുമായ പ്രതികരണം ലഭ്യമാക്കുന്നതിന് **2020 മാർച്ചോടെ** സാമ്പത്തിക സേവന ദാതാക്കളുടെ ആഭ്യന്തര പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തൽ.
- ☐ സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട എല്ലാ പങ്കാളികളും ഒത്തുചേർന്ന് **2021 മാർച്ചോടെ**, പരാതി സമർപ്പിക്കുന്നതിനും അതിന്റെ പുരോഗതിയും സ്ഥിതിയും അന്വേഷിക്കുന്നതിനും ഒരു പൊതു സമ്പർക്കമുഖമായി പ്രവർത്തിക്കുന്ന ശക്തമായൊരു ഉപഭോക്തൃ പരാതി പോർട്ടൽ/മൊബൈൽ ആപ്പ് വികസിപ്പിക്കുക.
- ☐ **മാർച്ച് 2022 ഓടെ**, ബാങ്കിങ്, ഓഹരി വിപണി, ഇൻഷുറൻസ്, പെൻഷൻ മേഖലകളിലെ ഉപഭോക്തൃ പരാതികളുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് മറുപടി കൊടുക്കുന്ന ഒരു പൊതു ടോൾഫ്രീ ഹെൽപ് ലൈൻ തുടങ്ങുക.
- ☐ **മാർച്ച് 2022 ഓടെ**, ഉപഭോക്തൃ പരാതി പരിഹാരത്തിനായി നിയന്ത്രണ അതോറിറ്റികൾ തമ്മിലുള്ള ഏകോപനം സുഗമമാക്കുന്ന ഒരു പോർട്ടൽ വികസിപ്പിക്കുക.

**IV.6 ഫലപ്രദമായ ഏകോപനം**

ഉപഭോക്താക്കൾ സേവനങ്ങൾ സുസ്ഥിരമായ രീതിയിൽ ഉപയോഗിക്കാൻ ശേഷിയുള്ളവരാണ് എന്ന് ഉറപ്പാക്കുന്നതിന് സാമ്പത്തിക മേഖലയിലെ പ്രധാന പങ്കാളികളായ സർക്കാർ, നിയന്ത്രകർ, സാമ്പത്തിക സേവന ദാതാക്കൾ, ടെലികോം സേവന നിയന്ത്രകർ, നൈപുണ്യ പരിശീലന സ്ഥാപനങ്ങൾ തുടങ്ങിയവർ തമ്മിൽ ശ്രദ്ധയോടെയുള്ള നിരന്തരമായ ഏകോപനം ഉണ്ടായിരിക്കണം. ഈ ഏകോപനം, ഉപഭോക്താവിലേക്കുള്ള ദൂരത്തിന്റെ കാര്യത്തിൽ, അതായത് ബിസിനസ് കറസ്പോണ്ടന്റ്മാരുടെ ശേഷി വർദ്ധിപ്പിക്കൽ, ഉപയോഗവും വിതരണവും അനായാസമാക്കുന്നതിനായി ഡിജിറ്റൽ സാമ്പത്തിക സേവനങ്ങൾ ശക്തിപ്പെടുത്താൻ ഗ്രാമീണ തലത്തിൽ മികച്ച പണമടവ് സംവിധാനം രൂപീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധവെയ്ക്കുന്നതിലൂടെ കൈവരിച്ച മുൻകാല നേട്ടങ്ങളെ കൂട്ടിച്ചേർക്കുന്നതിന് വേണ്ടിയുള്ളതായിരിക്കണം.

സാമ്പത്തിക ഉൾപ്പെടുത്തലിന്റെ കാര്യത്തിൽ ഇന്ത്യ ബഹുദൂരം സഞ്ചരിച്ചു കഴിഞ്ഞു. കാര്യക്ഷമമായ ഏകോപനത്തിന്റെ പങ്ക് പരമ പ്രധാനമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി, സാമ്പത്തിക ഉൾപ്പെടുത്തൽ ബാങ്കുകൾ നയിക്കുന്ന മാതൃകയിൽ നിന്നും വിവിധ പങ്കാളികൾ ചേർന്ന് നയിക്കുക എന്ന സമീപനത്തിലേക്ക് മാറിയിട്ടുണ്ട്. സമഗ്രമായ വളർച്ചയ്ക്കുള്ള പ്രയത്നത്തിൽ ടെലികോം സേവന ദാതാക്കളും ഫിൻടെക് കമ്പനികളും പ്രധാന പങ്കാളികളായി ഉയർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

**ശുപാർശകൾ**

**ഇന്ത്യയുടെ മുഴുവൻ വിസ്തൃതിയും വൈവിധ്യവും സാമ്പത്തിക ഉൾപ്പെടുത്തലിന്റെ വിവിധ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് നയ നിർമാതാക്കൾ ഒരു ഏകോപിത സമീപനം പിന്തുടരേണ്ടത് അനിവാര്യമാക്കുന്നു. എസ്എൽബിസി/ഡിസിസി/ബിഎൽബിസി പോലുള്ള വേദികൾ വിവിധ സേവന പങ്കാളികൾക്കിടയിൽ ഏകോപനത്തിനായി ശ്രമിക്കുമ്പോൾ തന്നെ, ഇവയിലെ അംഗങ്ങൾ എല്ലാവർക്കും പ്രത്യേകമായ ഉത്തരവാദിത്തങ്ങൾ നിശ്ചയിച്ച് ഇത്തരം വേദികൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുന്നു. കൂടാതെ, പ്രത്യേകമായ ചെറിയ ചെറിയ വേദികൾ രൂപീകരിച്ച് സാങ്കേതിക വിദ്യയിലൂടെ ഏകോപനം പ്രോത്സാഹിപ്പിക്കുന്നതും ആസൂത്രണത്തിനും വികസനത്തിനും ഒരു വികേന്ദ്രീകൃത സമീപനം സ്വീകരിക്കുന്നതും പ്രാദേശിക തലത്തിലുള്ള സാമ്പത്തിക ഉൾപ്പെടുത്തലിനെ ത്വരിതപ്പെടുത്തും.**

**കർമ്മ പദ്ധതിയും നാഴികക്കല്ലുകളും**

- ☐ സർക്കാർ/നിയന്ത്രകർ/സാമ്പത്തിക സേവന ദാതാക്കൾ/ പൗര സമൂഹം തുടങ്ങിയവർക്കിടയിലുള്ള പ്രവർത്തന ഏകോപനം ഉറപ്പാക്കുന്നതിന് താഴേക്കിടയിൽ എല്ലാ പങ്കാളികളുടെയും ഉത്തരവാദിത്തങ്ങൾ/അഭിലാഷങ്ങൾ വ്യക്തമായി സംയോജിപ്പിക്കുക. ലീഡ് ബാങ്ക് സ്കീം 2019ൽ 50 വർഷം പൂർത്തിയാക്കുകയാണ്. എസ്എൽബിസികൾക്ക് അവരുടെ കാഴ്ചപ്പാടും കർമ്മ പദ്ധതികളും എൻഎസ്എഫ്ഐ കാലയളവിൽ (2019-24) കൈവരിക്കേണ്ട നാഴികക്കല്ലുകളും പുനഃരവലോകനം ചെയ്യാവുന്നതാണ്.
- ☐ സ്ഥലസംബന്ധിയായ വിവര സാങ്കേതിക വിദ്യ (ജിയോസ്പേഷ്യൽ ഇൻഫോർമേഷൻ ടെക്നോളജി)യുടെ പുരോഗതിക്കൊപ്പം, അഭിലഷിത ജില്ലകൾക്കും വടക്ക് കിഴക്കൻ പ്രദേശത്തിനും ഇടതു തീവ്രവാദം ബാധിച്ചിട്ടുള്ള ജില്ലകൾക്കും പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ട്, സാമ്പത്തിക ഉൾപ്പെടുത്തൽ പരിപാടിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി മേൽപ്പറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്ന ശക്തമായ നിരീക്ഷണ സംവിധാനം വികസിപ്പിക്കാനാകും. **2022 മാർച്ചോടെ** ഒരു നിരീക്ഷണ ചട്ടക്കൂടും ഒരു ജിഐഎസ് നിയന്ത്രണോപകരണ സജ്ജീകരണവും വികസിപ്പിക്കേണ്ടതാണ്.

# V ശുപാർശകൾ

ഈ അധ്യായം മുൻ അധ്യായത്തിന്റെ വിശാലമായ ഒരു സംഗ്രഹമാണ്. കൂടാതെ മുൻ അധ്യായത്തിൽ സൂചിപ്പിക്കപ്പെട്ട കർമ്മ പദ്ധതികൾക്കായുള്ള തന്ത്രപ്രധാനമായ ഓരോ നെടുംതൂണുകൾക്ക് കീഴിലും കൈവരിക്കേണ്ടതായ സുപ്രധാന ശുപാർശകളുടെ പട്ടിക നിരത്തുകയും ചെയ്യുന്നു.

### V.1 സാമ്പത്തിക സേവനങ്ങൾ സാർവത്രികമായി പ്രാപ്യമാക്കൽ

- ☐ ബാങ്ക് ശാഖകൾ, ബി സി ഔട്ട് ലെറ്റുകൾ, മൈക്രോ എടിഎം, പിഒഎസ് ടെർമിനലുകൾ, സ്ഥിരതയുള്ള ഇന്റർനെറ്റ് സൗകര്യം എന്നിവയും വൈദ്യുതിയും തമ്മിൽ കൂട്ടിയോജിപ്പിച്ചുള്ള ഒരു മികച്ച ശൃംഖലയിലൂടെ രാജ്യത്തെ ഡിജിറ്റൽ അടിസ്ഥാന സൗകര്യം വിപുലീകരിക്കേണ്ടതുണ്ട്. ഉപഭോക്താക്കളെ പൂർണമായും ഡിജിറ്റലായി ഉൾക്കൊള്ളുന്നതിലേക്ക് മുന്നേറുന്നതിന് വിവിധ പങ്കാളികളുടെ ഏകോപനത്തിലൂടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ പരിശ്രമിക്കേണ്ടതുണ്ട്.
- ☐ ജനങ്ങളെ ഡിജിറ്റൽ പണമിടപാടുകൾ തിരഞ്ഞെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ഔപചാരിക സാമ്പത്തിക സംവിധാനത്തിലേക്ക് കൊണ്ടുവരികയും ചെയ്യുക. ഡിജിറ്റൽ പണമിടപാടുകളിലൂടെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കാൻ പരമ്പരാഗത ബാങ്കിങ് ഔട്ട്ലെറ്റുകൾ കൂടാതെ, സഹകരണ ബാങ്കുകൾ, പെയ്മെന്റ്സ് ബാങ്കുകൾ, സ്മോൾ ഫിനാൻസ് ബാങ്കുകൾ, വളം വിൽപനശാലകൾ, ന്യായവില കടകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകൾ, പഞ്ചായത്ത്, പൊതു സേവന കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയെയും ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.
- ☐ ബി സി ശൃംഖലകളുടെ പ്രവർത്തനത്തിൽ പ്രതിബന്ധം സൃഷ്ടിക്കുന്ന ബി സി കൾക്കുള്ള പ്രതിഫലം, പണാധിഷ്ഠിത ഈടുകൾ സമർപ്പിക്കണമെന്ന ആവശ്യം, പണം കൈകാര്യം ചെയ്യുന്നതിലെ പ്രശ്നങ്ങൾ, പണം കൊണ്ടുപോകുന്നതിന് ഇൻഷുറൻസ് ഇല്ലായ്മ, തുടങ്ങിയ പ്രശ്നങ്ങൾ ബാങ്കുകൾ യഥാസമയം തന്നെ പരിഹരിക്കേണ്ടതുണ്ട്.

### V.2 അടിസ്ഥാന സാമ്പത്തിക സേവന നിര ലഭ്യമാക്കൽ

- ☐ ബാങ്കുകൾക്ക് അവരുടെ നിലവിലുള്ള സാമ്പത്തിക ഉൽപന്നങ്ങളുടെ ആനുകാലികമായ അവലോകനം നടത്തുകയും സാമ്പത്തിക ഉൽപന്നങ്ങൾ രൂപപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുന്ന സമയത്ത് ഒരു ഉപഭോക്തൃ കേന്ദ്രീകൃത സമീപനം പുലർത്തുകയും ചെയ്യാവുന്നതാണ്.
- ☐ ഫിൻടെക്കുകളും ബി സി ശൃംഖലകളും ഉപയോഗപ്പെടുത്തി ഫലപ്രദമായ വിതരണ സംവിധാനം ഉറപ്പ് വരുത്തുക.
- ☐ ബി സി കളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അവയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക. ആവശ്യമായ സർട്ടിഫിക്കറ്റുകൾ നേടാൻ അവരെ പ്രേരിപ്പിക്കുക. സാമ്പത്തിക ഉൽപന്നങ്ങളുടെ വിപുലമായ ശ്രേണി ലഭ്യമാക്കാൻ അവരെ പ്രാപ്തരാക്കുക.

### V.3 ഉപജീവനമാർഗവും നൈപുണ്യ വികസനവും പ്രാപ്യമാക്കൽ

- ☐ ഏകീകൃതമായ സമീപനത്തിലൂടെ സാമ്പത്തിക ഉൾപ്പെടുത്തൽ കൂടുതൽ ആഴമുള്ളതാക്കുന്നതിന് ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെയും, നഗര ഉപജീവന മിഷന്റെയും ലക്ഷ്യങ്ങൾ സംയോജിപ്പിക്കണം

- ☐ നൈപുണ്യവികസനത്തിനും ഉപജീവനമാർഗം സൃഷ്ടിക്കുന്നതിനും ആർഎസ്ഇടിഐ, എൻആർഎൽഎം, എസ്ആർഎൽഎം, പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന മുതലായവയിലൂടെ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ ഉപയോഗപ്പെടുത്തി ബാങ്കുകളും മറ്റ് സാമ്പത്തിക സേവന ദാതാക്കളും തമ്മിലുള്ള പരസ്പര ബന്ധം വികസിപ്പിക്കാവുന്നതാണ്.

### V.4 സാമ്പത്തിക സാക്ഷരതയും വിദ്യാഭ്യാസവും

- ☐ ഉൽപന്നങ്ങളുടെ സ്വഭാവം, അത് അവരുടെ ആവശ്യങ്ങൾക്ക് എത്രമാത്രം ഇണങ്ങിയതാണ്, അതിന്റെ ചിലവ്, അതിൽ നിന്ന് കിട്ടാവുന്ന പ്രതിഫലം തുടങ്ങിയ കാര്യങ്ങൾ ഉപഭോക്താക്കളോട് ലളിതമായ ഭാഷയിൽ വിശദീകരിക്കേണ്ടതുണ്ട്.

- ☐ സാമ്പത്തിക സാക്ഷരതാ പരിപാടികൾ സംഘടിപ്പിക്കുമ്പോൾ അടിസ്ഥാന തല ഉദ്യോഗസ്ഥർ, അതായത്, ലീഡ് ജില്ലാ മാനേജർ (എൽഡിഎം), നബാർഡിന്റെ ജില്ലാ വികസന മാനേജർ (ഡിഡിഎം), ആർബിഐയുടെ ലീഡ് ജില്ലാ ഓഫീസർ (എൽഡിഒ), ജില്ലാ, തദ്ദേശ ഭരണ വകുപ്പുകൾ, ബ്ലോക്ക്തല ഉദ്യോസ്ഥന്മാർ, എൻജിഒകൾ, എസ്എച്ച്ജികൾ, ബി സി കൾ, കൃഷിക്കാരുടെ ക്ലബുകൾ, പഞ്ചായത്തുകൾ, പിഎസിഎസ്, വില്ലേജ് തല ഉദ്യോഗസ്ഥർ മുതലായവർക്കിടയിലെ ഏകോപനം ഉറപ്പാക്കാൻ സംഘടിതമായ പരിശ്രമം ആവശ്യമാണ്.

### V.5 ഉപഭോക്തൃ സംരക്ഷണവും പരാതി പരിഹരിക്കലും

- ☐ വ്യത്യസ്ത തലങ്ങളിലുള്ള ശക്തമായ ഉപഭോക്തൃ പരാതി പരിഹാര സംവിധാനം യഥാസമയം പരാതികൾ പരിഹരിക്കാൻ ബാങ്കുകളെ സഹായിക്കുന്നു.

- ☐ ഉപഭോക്താക്കളുടെ പരാതികൾ പരിഹരിയ്ക്കുന്നതിന് വിവിധ നിയന്ത്രകർ തമ്മിലുള്ള ഏകോപനം സാധ്യമാക്കാൻ ഒരു പോർട്ടൽ വികസിപ്പിക്കുക.

### V.6 ഫലപ്രദമായ ഏകോപനം

- ☐ സാമ്പത്തിക ഉൾപ്പെടുത്തൽ നയപരിപാടിയുടെ ലക്ഷ്യം താഴേക്കിടയിൽ കൈവരിക്കുന്നതിനായി ലീഡ് ബാങ്ക് സ്കീമിന് കീഴിലുള്ള എസ്എൽബിസി/ഡിസിസി/ബിഎൽബിസി തുടങ്ങിയ വിവിധ വേദികൾ ശക്തിപ്പെടുത്തുക.

- ☐ സാമ്പത്തിക സേവന മേഖലയിലെ വിവിധ പങ്കാളികളുടെ ഫലപ്രദമായ ഏകോപനം വർദ്ധിപ്പിക്കുന്നതിന് ഒരു ഡിജിറ്റൽ നിയന്ത്രണോപകരണ സജ്ജീകരണം/എംഐഎസ് നിരീക്ഷണം ഏർപ്പെടുത്തിക്കൊണ്ട് സാങ്കേതികവിദ്യയിലെ പുതിയപുതിയ വികാസങ്ങൾ ഉപയോഗപ്പെടുത്തുക.

- ☐ സാമൂഹ്യ ഓഡിറ്റ് പോലുള്ള വിവിധ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി സാമ്പത്തിക ഉൾപ്പെടുത്തൽ ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്ത്/പൗരസമൂഹം/എൻജിഒകളെ സജീവമായി ഉൾപ്പെടുത്തുന്നതിന് വേണ്ടി ഒരു വേദി രൂപീകരിച്ചുകൊണ്ട് ആസൂത്രണത്തിനും വികസനത്തിനും വികേന്ദ്രീകൃത സമീപനം പ്രോത്സാഹിപ്പിക്കുക.

ശുപാർശകളിന്മേൽ എടുത്ത നടപടികളെക്കുറിച്ച് 2021 മാർച്ചിൽ അവലോകനം സംഘടിപ്പിക്കുകയും അതിൻ പ്രകാരം, മുന്നോട്ടുപോക്കിൽ തിരുത്തലുകൾ അവതരിപ്പിക്കുകയും ചെയ്യാവുന്നതാണ്.

# VI സാമ്പത്തിക ഉൾപ്പെടുത്തലിന്റെ പുരോഗതി അളക്കൽ

VI.1 വിവിധ സാമ്പത്തിക ഉൾപ്പെടുത്തൽ ഘടകങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ നയങ്ങളുടെ ആനുകാലികമായ വിലയിരുത്തൽ, നയങ്ങൾ രൂപീകരിക്കുന്നവർക്കും പങ്കാളികൾക്കും രാജ്യത്ത് ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ മനസിലാക്കാനും ഒരു ഏകോപിതമായ സമീപനത്തിലൂടെ പ്രശ്നങ്ങളും വെല്ലുവിളികളും കൈകാര്യം ചെയ്യാനും ആവശ്യമായ ഉൾക്കാഴ്ച പ്രദാനം ചെയ്യുന്നു. സാമ്പത്തിക സുസ്ഥിരത വികസന കൗൺസിലാണ്(എഫ്എസ്ഡിസി) ഉപരി സമതി. ഇത് എഫ്എസ്ഡിസി ഉപസമിതികളുടെ (എസ്എസ്ഡിസി-എസ്സി) ആഭിമുഖ്യത്തിൽ, സാമ്പത്തിക ഉൾപ്പെടുത്തലിനും സാമ്പത്തിക സാക്ഷരതയ്ക്കുമുള്ള സാങ്കേതിക ഗ്രൂപ്പ് (ടിജിഎഫ്ഐഎഫ്എൽ) വഴി സാമ്പത്തിക ഉൾപ്പെടുത്തലും സാക്ഷരതയും പരിപാലിക്കുകയും ചെയ്യുന്നു. സാമ്പത്തിക ഉൾപ്പെടുത്തൽ ഉപദേശക സമിതി (എഫ്ഐഎസി) അതിന്റെ മറ്റ് ലക്ഷ്യങ്ങൾക്കൊപ്പം സാമ്പത്തിക ഉൾപ്പെടുത്തൽ നയങ്ങളുടെ അവലോകനവും നിർവ്വഹിക്കുന്നു. കൂടാതെ, സംസ്ഥാന തലത്തിൽ, എസ്എൽബിസി, സാമ്പത്തിക ഉൾപ്പെടുത്തലും വികസനവും സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള നിരീക്ഷണത്തിനും ഏകോപനത്തിനുമുള്ള ഉപരി സമിതിയായി പ്രവർത്തിക്കുകയും ചെയ്യുന്നു.

VI.2 സാമ്പത്തിക ഉൾപ്പെടുത്തൽ സൂചകങ്ങളുടെ രൂപപ്പെടുത്തലിന്റെ കാര്യത്തിൽ, സാമ്പത്തിക ഉൾപ്പെടുത്തൽ പുരോഗതിയുടെ അളവ് നിരീക്ഷിക്കുന്നതിന് വിവിധ പ്രവർത്തന സമ്പ്രദായങ്ങളിലും ഉപകരണങ്ങളിലും കാതലായ ഗവേഷണങ്ങൾ നടക്കുന്നുണ്ട്. ജി20 സാമ്പത്തിക ഉൾപ്പെടുത്തൽ സൂചകങ്ങൾ രാജ്യാടിസ്ഥാനത്തിൽ പ്രത്യേക സൂചകങ്ങളും ലക്ഷ്യങ്ങളും രൂപപ്പെടുത്തുന്നതിൽ ഉപയോഗപ്രദമായ വഴികാട്ടിയും ഒരു തുടക്കത്തിനുള്ള സഹായവുമാകുന്നു. ഐഎംഎഫിന്റെ സാമ്പത്തിക പ്രാപ്യതാ സർവ്വേ, ലോകബാങ്കിന്റെ ആഗോള ഫിൻഡെക്സ് ഡാറ്റാബേസ്, സംരംഭ സർവേകൾ എന്നിവ ഉൾപ്പെടെയുള്ള ചില സുപ്രധാന ഡാറ്റാ സ്രോതസുകൾ ലോകരാജ്യങ്ങളിൽ സാമ്പത്തിക ഉൾപ്പെടുത്തൽ അളക്കുകയും ചെയ്യുന്നു.

VI.3 ഇന്ത്യയിൽ ആർബിഐ, ബാങ്കുകളിൽ നിന്നും, സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതികൾ, മുൻഗണനാ വിഭാഗത്തിന് കീഴിലുള്ള വായ്പാ നീക്കം, ന്യൂനപക്ഷങ്ങളിലേക്കുള്ള വായ്പാ ഒഴുക്ക്, മുഖ്യ സർക്കാർ പദ്ധതികളിൽ ഉണ്ടാക്കിയിട്ടുള്ള പുരോഗതി തുടങ്ങിയവയുടെ വിവരങ്ങൾ ശേഖരിക്കുന്നു. ആർബിഐ ശേഖരിക്കുന്ന ഈ ഡാറ്റയ്ക്ക് പുറമെ, നബാർഡ് ഗ്രാമീണ സഹകരണ ബാങ്കുകളിൽ നിന്നും മേഖലാ ഗ്രാമീണ ബാങ്കുകളിൽ നിന്നും ഡാറ്റ ശേഖരിക്കുന്നു. സാമ്പത്തിക മേഖലയിലെ മറ്റ് നിയന്ത്രകരും അവർ നിയന്ത്രിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഡാറ്റ ശേഖരിക്കുന്നു. ഭാരത സർക്കാരിന്റെ ധനകാര്യ മന്ത്രാലയവും സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ഒരു സൂചിക തയ്യാറാക്കുന്നുണ്ട്.

VI.4 ഡാറ്റാ ശേഖരണ പ്രക്രിയകളെല്ലാം അർത്ഥപൂർണമാക്കുകയും ഭാവിയിലെ നയപരമായ ഇടപെടലുകൾക്ക് വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിന് താഴെ പറയുന്ന സമീപനം സ്വീകരിക്കുന്നതിനായി പരിഗണിക്കാവുന്നതാണ്:

i. ഒരു ആട്ടോമാറ്റിക് ഡാറ്റാ എക്സ്ട്രാക്ഷൻ രീതിയിൽ സജ്ജമാക്കിയിരിക്കുന്ന ഡാറ്റാ സംഭരണ സംവിധാനത്തിൽ നിന്നും ഇലക്ട്രോണിക് രൂപത്തിൽ നേരിട്ട് ഡാറ്റകൾ ശേഖരിക്കണം. ഇത്തരത്തിലുള്ള ഡാറ്റാ ശേഖരണം തടസമില്ലാത്ത പ്രക്രിയയും ഏറ്റവും കുറഞ്ഞ മനുഷ്യ ഇടപെടലും വർദ്ധിച്ച ഡാറ്റാ സത്യസന്ധതയും സാധ്യമാക്കും.

ii. താഴേക്കിടയിൽ സാമ്പത്തിക ഉൾപ്പെടുത്തൽ പുരോഗതിക്ക് തടസം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ മനസിലാക്കാൻ എല്ലാ സാമ്പത്തിക മേഖലാ നിയന്ത്രകർക്കും ഇടയിലുള്ള ഡാറ്റാ സംയോജനം അവയെ വിശദമായി വിശകലനം ചെയ്യാവുന്ന ഒരു ഡിജിറ്റൽ എംഐഎസ് ഡാഷ്ബോർഡിന്റെ

രൂപത്തിലായിരിക്കണം. ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രസക്തമായ വേദികളിൽ ഉചിതമായ രീതിയിൽ ഉന്നയിക്കപ്പെടുകയും അതിന്റെ പുരോഗതി നിരീക്ഷിക്കപ്പെടുകയും ചെയ്യാം.

iii. മുന്നോട്ട് പോകുമ്പോൾ, ഔപചാരിക സാമ്പത്തിക സേവനങ്ങൾ പ്രാപ്യമാക്കുന്നതിൽ സ്ത്രീകൾ നേരിടുന്ന ലിംഗപരമായ അകലം ഇല്ലാതാക്കാൻ സഹായകമാകുന്ന നയങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ, മാറ്റം വരാത്തതും, വിശ്വാസയോഗ്യവും അന്താരാഷ്ട്രതലത്തിൽ താരതമ്യപ്പെടുത്താവുന്നതുമായ, ലിംഗാടിസ്ഥാനത്തിൽ വേർതിരിച്ചുള്ള ഡാറ്റ അത്യന്താപേക്ഷിതമാണ്. കൂടാതെ, സ്ത്രീകൾക്ക് സാമ്പത്തിക സേവനങ്ങൾ പ്രാപ്യമാകുന്നതിൽ രാജ്യമെമ്പാടും പ്രാദേശികമായുള്ള വ്യത്യാസങ്ങളും അസന്തുലിതാവസ്ഥയും മനസിലാക്കുന്നത് ഗാർഹിക സാമ്പത്തികകാര്യങ്ങൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിലൂടെ സാമ്പത്തിക ക്ഷേമം കൈവരിക്കാൻ സ്ത്രീകളെ സഹായിക്കുന്നതിന് അനുയോജ്യമായ നയപരമായ ഇടപെടലുകൾ നടത്താൻ സഹായിക്കും.

VI.5 സാമ്പത്തിക ഉൾപ്പെടുത്തൽ പുരോഗതി കണക്കാക്കുന്നത് സാധാരണയായി പ്രാപ്യത, ഉപയോഗം, ഗുണമേന്മ എന്നീ മൂന്ന് തലങ്ങളിലായാണ്.

**ചിത്രം VI.1 - സാമ്പത്തിക ഉൾപ്പെടുത്തൽ കണക്കാക്കൽ**




VI. 6 പ്രാപ്യതാ സൂചകങ്ങൾ, ബാങ്കിങ് ഔട്ട്ലെറ്റുകൾ (ബാങ്ക് ശാഖകൾ, ബിസിനസ് കറസ്പോണ്ടന്റ് ഔട്ട്ലെറ്റുകൾ), ഓട്ടോമേറ്റഡ് ടെല്ലർ മെഷീനുകൾ(എടിഎം), പോയന്റ് ഓഫ് സെയിൽ (പിഒഎസ്) ടെർമിനലുകൾ എന്നിവയുടെ രൂപത്തിലുള്ള പ്രാപ്യതാ സംവിധാനങ്ങളുമായി (ആക്സസ് പോയന്റ്) ബന്ധപ്പെട്ട വിവരങ്ങൾ വ്യക്തമാക്കുന്നു. പ്രാപ്യതാ ഘടകങ്ങൾ ഭൂമിശാസ്ത്രപരമായ കാര്യങ്ങളെയും (ഉദാ. ഓരോ 1000 ചതുരശ്ര കിലോമീറ്ററിനുള്ളിലുമുള്ള ബാങ്കിങ് ഔട്ട്ലെറ്റുകളുടെ എണ്ണം), ജനസംഖ്യാശാസ്ത്രപരമായ കാര്യങ്ങളെയും (ഉദാ. പ്രായപൂർത്തിയായ ഓരോ 100000 പേർക്കും ഉള്ള ബാങ്കിങ് ഔട്ട്ലെറ്റുകളുടെ എണ്ണം) പ്രതിനിധീകരിക്കുന്നതായിക്കും. സാധാരണഗതിയിൽ, പ്രാപ്യതാ സൂചകങ്ങൾക്കുള്ള ഡാറ്റ സർക്കാരിൽ നിന്നുള്ള/നിയന്ത്രകരിൽ നിന്നുള്ള ഡാറ്റയിൽ നിന്നാണ് ലഭ്യമാകുന്നത്.

**ചിത്രം VI.2 - സാമ്പത്തിക സേവന പ്രാപ്യത അളക്കാനുള്ള വിശാലമായ സൂചകങ്ങൾ**




VI.7 ലക്ഷ്യംവെയ്ക്കപ്പെട്ടിട്ടുള്ള ഉപഭോക്താക്കൾ ഈ ഉൽപന്നങ്ങൾ എങ്ങനെ ഉപയോഗിച്ചു എന്നത് ഉപയോഗ സൂചകങ്ങൾ വ്യക്തമാക്കുന്നു. പ്രഥമ, ദ്വിതീയ സ്രോതസുകളിൽ നിന്ന് ഉപയോഗത്തെക്കുറിച്ചുള്ള ഡാറ്റ ശേഖരിക്കാനാകും. അക്കൗണ്ടുകളുടെ എണ്ണം, ഉൽപന്നങ്ങൾ മുതലായവയുടെ ഡാറ്റ സാമ്പത്തിക സേവന ദാതാവിൽ നിന്നും ശേഖരിക്കാനാകുമ്പോൾ, വ്യത്യസ്ത സാമ്പത്തിക ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഉപയോഗത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ സർവേകളിലൂടെ/ഉപഭോക്താക്കളിൽ നിന്നുള്ള പ്രതികരണങ്ങളിലൂടെ നേടാവുന്നതാണ്.

**ചിത്രം VI.3 - സാമ്പത്തിക സേവനങ്ങളുടെ ഉപയോഗം അളക്കാനുള്ള വിശാലമായ സൂചകങ്ങൾ**



VI.8 ഗുണനിലവാര സൂചകങ്ങൾ ഉപഭോക്താക്കൾക്ക് സാമ്പത്തിക സേവനങ്ങൾ അവരുടെ സംതൃപ്തിക്കായി ഉപയോഗിക്കാൻ കഴിയുന്ന സഹായക സ്തംഭങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. ഉദാഹരണത്തിന്, സാമ്പത്തിക സാക്ഷരതയും ശേഷിയും ഉപഭോക്താക്കളെ ശരിയായ തിരഞ്ഞെടുപ്പിന് സഹായിക്കുന്ന പ്രധാന ഘടകങ്ങളാണ്. എന്നിരുന്നാലും, സേവന ദാതാവിൽ നിന്നുള്ള ശരിയായ സേവനത്തിന്റെ അഭാവം ഉപഭോക്താവിന്റെ അസംതൃപ്തിക്ക് കാരണമായേക്കും. അത് സാമ്പത്തിക ഒഴിവാക്കലിൽ എത്തുകയും ചെയ്യും. ഗുണനിലവാരം എന്നതിന് ആത്മനിഷ്ഠമായ ഒരു തലം കൂടി ഉള്ളതിനാൽ, ഡാറ്റ ശേഖരിക്കുമ്പോൾ ഒരു പരിധിവരെ അയവ് അനുവദിക്കുന്ന സുനിർവചിതമായ ഒരു അളവുകോൽ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ഗുണനിലവാരം അളക്കുന്നതിൽ സാമ്പത്തിക സാക്ഷരതയും ശേഷിയും, സേവന ദാതാവിന്റെ ആശയവിനിമയത്തിലുള്ള വ്യക്തതയും സുതാര്യതയും, ഉപഭോക്താവിന്റെ സംതൃപ്തി, പരാതി പരിഹാര സംവിധാനത്തിന്റെ ലഭ്യത, സമയബന്ധിതമായ പരാതി പരിഹാര സംവിധാനം എന്നിവയും ഉൾപ്പെടുത്താം.

**ചിത്രം VI.4 സാമ്പത്തിക സേവനത്തിന്റെ ഗുണനിലവാരം അളക്കുന്നതിനുള്ള വിശാലമായ സൂചകങ്ങൾ**






**1 സാമ്പത്തിക സാക്ഷരതയും ശേഷിയും**

സാമ്പത്തിക ജ്ഞാനത്തിന്റെ സ്കോർ: അടിസ്ഥാന സാമ്പത്തിക ആശയങ്ങളായ (എ) പണപ്പെരുപ്പം; (ബി) പലിശ നിരക്ക്; (സി) കൂട്ടുപലിശ; (ഡി) പണത്തെ നാമമാത്രമായ മൂല്യത്തിൽ കാണൽ അഥവാ പണ മിഥ്യാബോധം; (ഇ) റിസ്ക് വൈവിധ്യവത്ക്കരണം; (എഫ്) ഇൻഷുറൻസിന്റെ പ്രധാന ഉദ്ദേശ്യം തുടങ്ങിയവ സംബന്ധിച്ച ചോദ്യങ്ങളോടുള്ള ശരിയായ പ്രതികരണങ്ങൾ കണക്കുകൂട്ടുന്ന ഗണിതശാസ്ത്ര സ്കോർ.




**2 പരാതി പരിഹരിക്കൽ**

ആന്തരികവും ബാഹ്യവുമായ തർക്കം തീർപ്പാക്കലിനുള്ള ഔപചാരിക സംവിധാനത്തിന്റെ സ്ഥിതി താഴെ പറയുന്നവയിലൂടെ അളക്കപ്പെടുന്നു:

i) കൈപ്പറ്റിയ പരാതികളുടെ എണ്ണം.
ii) പരിഹരിക്കപ്പെട്ട പരാതികളുടെ എണ്ണം.

| VI.9 സാമ്പത്തിക ഉൾപ്പെടുത്തൽ സൂചകങ്ങളുടെ ഒരു വിശദീകരണം താഴെ കൊടുക്കുന്നു. | | | |
|---|---|---|---|
| ക്രമ നമ്പർ | വിഭാഗം | സൂചകം | സൂത്രവാക്യം |
| | | **പ്രാപ്യത** | |
| 1 | ഭൗതിക സേവന കേന്ദ്രം | പ്രായപൂർത്തിയായ ഓരോ 100000 പേർക്കുമുള്ള ബാങ്ക് ശാഖകളുടെ എണ്ണം | ബാങ്കിങ് ഔട്ട് ലെറ്റുകളുടെ ആകെ എണ്ണം / പ്രായപൂർത്തിയായ ആകെ ആളുകൾ X 100000 |
| 2 | | പ്രായപൂർത്തിയായ ഓരോ 100000 പേർക്കുമുള്ള എടിഎമ്മുകളുടെ എണ്ണം. | എടിഎമ്മുകളുടെ ആകെ എണ്ണം / പ്രായപൂർത്തിയായ ആകെ ആളുകൾ X 100000 |
| 3 | | രാജ്യത്തൊമ്പാടുമായി പ്രായപൂർത്തിയായ ഓരോ 100000 പേർക്കുമുള്ള നിക്ഷേപ മധ്യവർത്തി സേവന കേന്ദ്രങ്ങളുടെ എണ്ണം | നിക്ഷേപ മധ്യവർത്തി സേവന കേന്ദ്രങ്ങളുടെ ആകെ എണ്ണം / പ്രായപൂർത്തിയായ ആകെ ആളുകൾ X 100000 |
| 4 | | പ്രായപൂർത്തിയായ ഓരോ 100000 പേർക്കുമുള്ള മ്യൂച്ചൽ ഫണ്ട് വിതരണക്കാരുടെ എണ്ണം. | മ്യൂച്ചൽ ഫണ്ട് വിതരണക്കാരുടെ ആകെ എണ്ണം / പ്രായപൂർത്തിയായ ആകെ ആളുകൾ X 100000 |
| | | **ഉപയോഗം** | |
| 5 | ഔപചാരിക ബാങ്ക് അക്കൗണ്ടുള്ള പ്രായപൂർത്തിയായവർ | സേവിങ്സ് ബാങ്ക് അക്കൗണ്ടുള്ള പ്രായപൂർത്തിയായവരുടെ ശതമാനം | സേവിങ്സ് ബാങ്ക് അക്കൗണ്ടുള്ള പ്രായപൂർത്തിയായവരുടെ ആകെ എണ്ണം / പ്രായപൂർത്തിയായ ആകെ ആളുകൾ X 100 |
| 6 | ഔപചാരിക ബാങ്ക് അക്കൗണ്ടുള്ള സ്ത്രീകൾ | സേവിങ്സ് ബാങ്ക് അക്കൗണ്ടുള്ള സ്ത്രീകളുടെ ശതമാനം | സേവിങ്സ് ബാങ്ക് അക്കൗണ്ടുള്ള സ്ത്രീകളുടെ ആകെ എണ്ണം / ആകെ സ്ത്രീകളുടെ എണ്ണം X 100 |
| 7 | ഔപചാരിക ബാങ്കിങ് സംവിധാനത്തിലുള്ള എംഎസ്എംഇകൾ | ബാങ്ക് വായ്പാ പ്രാപ്യതയുള്ള എംഎസ്എംഇകളുടെ ശതമാനം | ബാങ്ക് വായ്പാ പ്രാപ്യതയുള്ള എംഎസ്എംഇകൾ / എംഎസ്എംഇകളുടെ ആകെ എണ്ണം X 100 |
| 8 | ഔപചാരിക ബാങ്കിങ് സംവിധാനത്തിലുള്ള കാർഷിക മേഖല | ബാങ്ക് വായ്പാ പ്രാപ്യതയുള്ള എസ്എംഎഫിന്റെ ശതമാനം | ബാങ്ക് വായ്പാ പ്രാപ്യതയുള്ള എസ്എംഎഫിന്റെ ആകെ എണ്ണം / എസ്എംഎഫിന്റെ ആകെ എണ്ണം X 100 |
| 9 | പെൻഷനുള്ള പ്രായപൂർത്തിയായവർ | പെൻഷൻ പോളിസിയുള്ള (എൻപിഎസ്,എപിവൈ ഉൾപ്പെടെ) പ്രായപൂർത്തിയായവരുടെ ശതമാനം | പെൻഷൻ അക്കൗണ്ടുള്ള പ്രായപൂർത്തിയായവരുടെ ആകെ എണ്ണം / പ്രായപൂർത്തിയായ ആകെ ആളുകൾ X 100 |
| 10 | ലൈഫ് ഇൻഷുറൻസുള്ള പ്രായപൂർത്തിയായവർ | ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങളുള്ള പ്രായപൂർത്തിയായവരുടെ ശതമാനം | ലൈഫ് ഇൻഷുറൻസുള്ള പ്രായപൂർത്തിയായവരുടെ ആകെ എണ്ണം / പ്രായപൂർത്തിയായ ആകെ ആളുകൾ X 100 |

| ക്രമ നമ്പർ | വിഭാഗം | സൂചകം | സൂത്രവാക്യം |
|---|---|---|---|
| 11 | ലൈഫ് ഇതര (നോൺ–ലൈഫ്) ഇൻഷുറൻസുള്ള പ്രായപൂർത്തിയായവർ | ലൈഫ് ഇതര (നോൺ–ലൈഫ്) ഇൻഷുറൻസ് ഉൽപന്നങ്ങളുള്ള പ്രായപൂർത്തിയായവരുടെ ശതമാനം. | ലൈഫ് ഇതര (നോൺ- ലൈഫ്) ഇൻഷുറൻസുള്ള പ്രായപൂർത്തിയായവരുടെ ആകെ എണ്ണം / പ്രായപൂർത്തിയായ ആകെ ആളുകൾ X 100 |
| 12 | വായ്പാ ഉൽപന്നങ്ങളുള്ള പ്രായപൂർത്തിയായവർ | ബാങ്കുകളിൽ നിന്ന് വായ്പാ ഉൽപന്നങ്ങളുള്ള പ്രായപൂർത്തിയായവരുടെ ശതമാനം | ബാങ്കുകളിൽ നിന്നുള്ള വായ്പാ ഉൽപന്നങ്ങളുള്ള പ്രായപൂർത്തിയായവരുടെ എണ്ണം / പ്രായപൂർത്തിയായ ആകെ ആളുകൾ X 100 |
| 13 | മ്യൂച്ചൽ ഫണ്ട് ഉൽപന്നങ്ങൾ (ഫോളിയോ) ഉള്ള പ്രായപൂർത്തിയായവർ | മ്യൂച്ചൽ ഫണ്ട് ഉൽപന്നങ്ങൾ(ഫോളിയോ) ഉള്ള പ്രായപൂർത്തിയായവരുടെ ശതമാനം | മ്യൂച്ചൽ ഫണ്ട് ഉൽപന്നങ്ങൾ(ഫോളിയോ) ഉള്ള പ്രായപൂർത്തിയായവരുടെ എണ്ണം / പ്രായപൂർത്തിയായ ആകെ ആളുകൾ X 100 |
| 14 | ഡീമാറ്റ് അക്കൗണ്ടുള്ള പ്രായപൂർത്തിയായവർ | ഡീമാറ്റ് അക്കൗണ്ടുള്ള പ്രായപൂർത്തിയായവരുടെ ശതമാനം | ഡീമാറ്റ് അക്കൗണ്ടുള്ള പ്രായപൂർത്തിയായവരുടെ എണ്ണം / പ്രായപൂർത്തിയായ ആകെ ആളുകൾ X 100 |
| 15 | പെൻഷനുള്ള സ്ത്രീകൾ | പെൻഷൻ ഉൽപന്നങ്ങൾ (എപിവൈ/ എൻപിഎസ് ഉൾപ്പെടെ) ഉള്ള സ്ത്രീകളുടെ ശതമാനം | പെൻഷൻ അക്കൗണ്ടുള്ള സ്ത്രീകളുടെ ആകെ എണ്ണം / ആകെയുള്ള സ്ത്രീകൾ X 100 |
| 16 | ലൈഫ് ഇൻഷുറൻസുള്ള സ്ത്രീകൾ | ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങളുള്ള സ്ത്രീകളുടെ ശതമാനം | ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങളുള്ള സ്ത്രീകളുടെ ആകെ എണ്ണം / ആകെയുള്ള സ്ത്രീകൾ X 100 |
| 17 | നോൺ ലൈഫ് ഇൻഷുറൻസുള്ള സ്ത്രീകൾ | നോൺ ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങളുള്ള സ്ത്രീകളുടെ ശതമാനം | നോൺ ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങളുള്ള സ്ത്രീകളുടെ ആകെ എണ്ണം / ആകെയുള്ള സ്ത്രീകൾ X 100 |
| 18 | വായ്പാ ഉൽപന്നമുള്ള സ്ത്രീകൾ | ഔപചാരിക വായ്പാ ഉൽപന്നമുള്ള സ്ത്രീകളുടെ ശതമാനം | ഔപചാരിക വായ്പാ ഉൽപന്നമുള്ള സ്ത്രീകളുടെ ആകെ എണ്ണം / ആകെയുള്ള സ്ത്രീകൾ X 100 |
| 19 | മ്യൂച്ചൽഫണ്ട് ഉൽപന്നങ്ങൾ(ഫോളിയോസ്) ഉള്ള സ്ത്രീകൾ | മ്യൂച്ചൽഫണ്ട് ഉൽപന്നങ്ങൾ (ഫോളിയോസ്) ഉള്ള സ്ത്രീകളുടെ ശതമാനം | മ്യൂച്ചൽഫണ്ട് ഉൽപന്നങ്ങൾ (ഫോളിയോസ്) ഉള്ള സ്ത്രീകളുടെ എണ്ണം / ആകെയുള്ള സ്ത്രീകൾ. X 100 |
| 20 | ഡീമാറ്റ് അക്കൗണ്ടുള്ള സ്ത്രീകൾ | ഡീമാറ്റ് അക്കൗണ്ടുള്ള സ്ത്രീകളുടെ ശതമാനം | ഡീമാറ്റ് അക്കൗണ്ടുള്ള സ്ത്രീകളുടെ എണ്ണം / ആകെയുള്ള സ്ത്രീകൾ. X 100 |
| | | **ഗുണനിലവാരം** | |
| 21 | സാമ്പത്തിക സാക്ഷരതയും ശേഷിയും. | സാമ്പത്തിക ജ്ഞാനത്തിന്റെ സ്കോർ: അടിസ്ഥാന സാമ്പത്തിക ആശയങ്ങളായ (എ) പണപ്പെരുപ്പം; (ബി) പലിശ നിരക്ക്; (സി) കൂട്ടുപലിശ; (ഡി) പണത്തെ നാമമാത്രമായ മൂല്യത്തിൽ കാണൽ അഥവാ പണ മിഥ്യാബോധം; (ഇ) റിസ്ക് വൈവിധ്യവത്ക്കരണം; (എഫ്) ഇൻഷുറൻസിന്റെ പ്രധാന ഉദ്ദേശ്യം തുടങ്ങിയവ സംബന്ധിച്ച ചോദ്യങ്ങളോടുള്ള ശരിയായ പ്രതികരണങ്ങൾ കണക്കുകൂട്ടുന്ന ഗണിതശാസ്ത്ര സ്കോർ. | വിശദമായ ഉത്തരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ചോദ്യങ്ങളിലൂടെ നടത്തുന്ന ആഴത്തിലുള്ള സർവ്വേകളിലൂടെ. |

| ക്രമ നമ്പർ | വിഭാഗം | സൂചകം | സൂത്രവാക്യം |
|---|---|---|---|
| 22 | പരാതി പരിഹാരം | ആന്തരികവും ബാഹ്യവുമായ തർക്കം തീർപ്പാക്കലിനുള്ള ഔപചാരിക സംവിധാനത്തിന്റെ സ്ഥിതി താഴെ പറയുന്നവയിലൂടെ അളക്കപ്പെടുന്നു:<br>i) കൈപ്പറ്റിയ പരാതികളുടെ എണ്ണം.<br>ii) പരിഹരിക്കപ്പെട്ട പരാതികളുടെ എണ്ണം.<br>iii) പരാതികളുടെ വിഭാഗം<br>iv) പരാതികൾ പരിഹരിക്കുന്നതിന് എടുക്കുന്ന ശരാശരി സമയം | ബാങ്കിങ് ഓംബുഡ്സ്മാൻ സ്കീമിൽ നിന്നും ബാങ്കുകളിൽ നിന്നും ലഭിക്കുന്ന ഡാറ്റയിലൂടെ. |

**പഠനങ്ങൾ/സർവേകൾ സംഘടിപ്പിക്കൽ**

VI.10 സാമ്പത്തിക സേവന ദാതാക്കളിൽ നിന്ന് ശേഖരിക്കുന്ന ഡാറ്റ കൂടാതെ, സാമ്പത്തിക ഉൽപന്ന ഉപഭോക്താക്കളുടെ ആശയങ്ങളും ഉൾക്കാഴ്ചകളും കൂടി അന്വേഷിക്കേണ്ടതുണ്ട്. ലോകബാങ്കിന്റെ ഗ്ലോബൽ ഫിൻഡെക്സ് ഡിമാന്റ് സൈഡ് ഡാറ്റ ആൻഡ് എന്റർപ്രൈസ് സർവേ, ഫിൻ സ്കോപ്, ക്രിസിലിന്റെ ഇൻക്ലൂസിക്സ് തുടങ്ങിയവ ഉൾപ്പെടെ നിരവധി ഡിമാന്റ് സൈഡ് സർവേകളുണ്ട്. സാമ്പത്തിക ഉൾപ്പെടുത്തലിന് കീഴിലുള്ള ബഹുതല പരിപാടികൾ മനസിലാക്കുന്നതിനുള്ള വിശാലമായ സൂചകങ്ങളും ഉപകരണങ്ങളുമായി ഇവ ഉപകരിക്കുമെങ്കിലും പ്രാദേശികമായ വ്യത്യാസങ്ങൾ, അസമത്വത്തിനും ഒഴിവാക്കലിനും കാരണമാകുന്ന ആവശ്യകതയുടെ അവസ്ഥാവിശേഷങ്ങൾ എന്നിവ സംബന്ധിച്ച പ്രശ്നങ്ങളും വൈഷമ്യങ്ങളും വകതിരിവോടുകൂടി മനസിലാക്കുന്നതിന് പ്രാദേശികമായ പ്രത്യേക പ്രശ്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സർവേകൾ രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്.

VI.11 പ്രാരംഭമായി, സാമ്പത്തിക സേവന പങ്കാളികളുടെ സാമ്പത്തിക ഉൾപ്പെടുത്തൽ പരിശ്രമങ്ങളുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന പ്രശ്നങ്ങൾ വിലയിരുത്തുന്നതിന് ഒരു അടിസ്ഥാന തല സർവ്വേ നടത്താവുന്നതാണ്. പരിശോധിക്കേണ്ട മറ്റു വിഷയങ്ങൾക്കൊപ്പം താഴെ പറയുന്നവ കൂടി ഉൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്യപ്പെടുന്നു.

എ. ഒരു അക്കൗണ്ട് ആരംഭിക്കുമ്പോൾ, വായ്പ തേടുമ്പോൾ, അല്ലെങ്കിൽ മൈക്രോ ഇൻഷുറൻസ്, പെൻഷൻ, നിക്ഷേപം, പണമടയ്ക്കൽ പോലുള്ള മറ്റ് സാമ്പത്തിക ഉൾപ്പെടുത്തൽ ഉൽപന്നങ്ങൾ ആരംഭിക്കുമ്പോൾ സാമ്പത്തിക സേവനങ്ങൾ പ്രാപ്യമാക്കുന്നതിൽ നേരിടുന്ന വെല്ലുവിളികൾ.

ബി. ഡിജിറ്റൽ സാമ്പത്തിക സേവനങ്ങൾ ഉപയോഗിക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ.

സി. സാമ്പത്തിക സേവന ദാതാവിന്റെ മനോഭാവം.

ഡി. ഉപാധികളും നിബന്ധനകളുമടക്കം ഉൽപന്നത്തിന്റെ സവിശേഷതകളെക്കുറിച്ചുള്ള പൂർണമായ അറിവ്.

ഇ. ഉപഭോക്താവിന്റെ അവകാശങ്ങളെക്കുറിച്ചുള്ള അറിവ്.

എഫ്. പരാതി പരിഹാര സംവിധാനം.

ജി. ഉൽപന്നങ്ങൾ ഉപയോഗിക്കുന്നതിലുള്ള സംതൃപ്തി.

# VII ഉപസംഹാരം

VII.1 ഈ രേഖ സാമ്പത്തിക ഉൾപ്പെടുത്തലിന് പ്രതിബന്ധമായി നിൽക്കുന്ന പ്രധാന പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുകയും സുസ്ഥിര സാമ്പത്തിക ഉൾപ്പെടുത്തലിനെ പിന്തുണയ്ക്കുന്നതിന് അടുത്ത അഞ്ചു വർഷത്തേക്കുള്ള ശുപാർശകളും കർമ്മപദ്ധതിയും അവതരിപ്പിക്കുകയും ചെയ്യുന്നു.

VII.2 ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മാത്രമല്ല, പൗര സമൂഹം അടക്കമുള്ള മറ്റ് പങ്കാളികളിൽ നിന്നും ഗണ്യമായ പരിശ്രമം ആവശ്യമാണ്. അതിനാൽ, ഈ രേഖ, സാമ്പത്തിക സേവനങ്ങളുടെ സാർവത്രിക പ്രാപ്യതയും അടിസ്ഥാന സാമ്പത്തിക സേവനങ്ങളുടെ നിര ലഭ്യമാക്കലും നയപരിപാടിയുടെ തുടക്കമായി കാണുന്നു. അടുത്ത ഏതാനും വർഷങ്ങൾ കൊണ്ട്, ബന്ധപ്പെട്ട പങ്കാളികൾ നിർവ്വഹിക്കുന്ന വ്യക്തതയോടെയുള്ള പരിശ്രമത്തിലൂടെ പൂർണ സാമ്പത്തിക ഉൾപ്പെടുത്തലുമായി സംയോജിപ്പിച്ചുള്ള ഭൗതികവും ഡിജിറ്റലുമായ കണക്റ്റിവിറ്റി ഒരേസമയം എല്ലായിടത്തും സാധ്യമാക്കാനാകുമെന്ന് മനസിലാക്കുന്നു. ഉൽപന്നം രൂപപ്പെടുത്തുന്നതിനും വിതരണത്തിനും പ്രസക്തമായ അധ്യായങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെയുള്ള ഉപഭോക്തൃ കേന്ദ്രീകൃതമായ സമീപനം, സാമ്പത്തിക സാക്ഷരതയിലും ഉപഭോക്തൃ സംരക്ഷണ ചട്ടങ്ങൾ ശക്തിപ്പെടുത്തുന്നതിലും ശ്രദ്ധകേന്ദ്രീകരിക്കൽ പോലുള്ള പ്രശ്നങ്ങൾക്കുമേൽ മതിയായ ശ്രദ്ധയൂന്നൽ ആവശ്യമുണ്ട്. അന്തിമ ഉപഭോക്താക്കൾക്ക് മികച്ച വിതരണവും തെരഞ്ഞെടുക്കാനുള്ള അവസരവും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിന് സ്വകാര്യമേഖലയിൽ അടക്കമുള്ള സേവന ദാതാക്കളുടെ സജീവമായ പങ്കാളിത്തത്തോടെ സർക്കാരിന്റെ പിഎംജെഡിവൈ ഉണ്ടാക്കുന്ന ചലനശക്തി മുന്നോട്ട് കൊണ്ടുപോകുന്നു എന്ന് ഉറപ്പാക്കേണ്ട ആവശ്യമുണ്ട്.

VII.3 സാമ്പത്തിക ഉൾപ്പെടുത്തൽ നയ ചർച്ചകളിൽ ഡിജിറ്റൽ സാമ്പത്തിക ഉൾപ്പെടുത്തലും ഫിൻടെക് കമ്പനികളുടെ പങ്കും അർത്ഥവത്തായി സംയോജിപ്പിക്കപ്പെടുന്നില്ലെങ്കിൽ സാമ്പത്തിക ഉൾപ്പെടുത്തിനെക്കുറിച്ചുള്ള സംവാദം അപൂർണമായിരിക്കും. ജൻ ധൻ - ആധാർ - മൊബൈൽ എന്ന ത്രിത്വത്തിൽ നിന്ന് കഴിഞ്ഞ ഏതാനും വർഷങ്ങളായി, ഇന്ത്യ വലിയ തോതിൽ നേട്ടമുണ്ടാക്കുമ്പോൾ തന്നെ, ഡിജിറ്റൽ പണമിടപാട് സംവിധാനങ്ങളുടെ ഉപയോഗത്തെക്കുറിച്ച് വർദ്ധിച്ച അവബോധം, കൂടുതൽ പ്രാപ്യതാ കേന്ദ്രങ്ങൾ/സാമ്പത്തിക സേവനങ്ങൾ സ്വീകരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, അനുമതിയുടെയും സ്വകാര്യതയുടെയും അടിസ്ഥാന തത്ത്വങ്ങൾ കൂടി കൂട്ടിച്ചേർക്കപ്പെട്ട സുരക്ഷിതമായ പരിതസ്ഥിതി എന്നിവ കൂടി ഉൾപ്പെടുന്ന ഡിജിറ്റൽ സാമ്പത്തിക സേവന ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് പര്യാപ്തമായ നടപടികളും ആവശ്യമുണ്ട്. അടുത്ത ഏതാനും വർഷങ്ങളിലായി, നിയന്ത്രകർക്കും സാമ്പത്തിക സേവന ദാതാക്കൾക്കും, ഏറ്റവും പ്രധാനമായി ഡിജിറ്റൽ മാർഗങ്ങളിലൂടെ സാമ്പത്തിക സേവനങ്ങൾ ലഭ്യമാകുന്ന ഉപഭോക്താക്കൾക്കും ഇടയിൽ മതിയായ ധാരണ വളർത്തിയെടുക്കുക എന്നത് ആവശ്യമാകും വിധം ഫിൻടെക് കമ്പനികൾ അവയുടെ ഇപ്പോഴത്തെ അവസ്ഥയിൽ നിന്ന് ഉയരുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. അതിനാൽ ആദ്യംതന്നെ പുതിയതായി ഡിജിറ്റലായി ഉൾപ്പെടുത്തപ്പെട്ട ഉപഭോക്താക്കളെ മതിയായ ബോധവത്ക്കരണത്തിലൂടെയും സാക്ഷരതയിലൂടെയും അഭിസംബോധന ചെയ്യണം എന്നത് പ്രധാനമാണ്.

VII.4 സാമ്പത്തിക ഉൾപ്പെടുത്തലിൽ ഉണ്ടാക്കിയിട്ടുള്ള പുരോഗതിയുടെ ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ വിലയിരുത്തൽ വേണം എന്നത് അവഗണിക്കാനാകില്ല. ഡാറ്റ ശേഖരിക്കുന്നതിനായി വലിയ തോതിൽ പരിശ്രമം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ, സാമ്പത്തിക സേവന ദാതാക്കളിൽ നിന്നു മാത്രമായി ശേഖരിക്കപ്പെടുന്ന ഡാറ്റയ്ക്കും അപ്പുറത്തേക്ക് പോകേണ്ടതുണ്ട്. സാമ്പത്തിക സേവനങ്ങൾ ചെന്നെത്തുന്ന ഇടങ്ങളുടെ വ്യാപ്തിയെക്കുറിച്ചും അവയുടെ ഉപയോഗത്തെക്കുറിച്ചും സമഗ്രമായ കാഴ്ചപ്പാട് കൈവരിക്കുന്നതിന് സർവേകളും ഉപഭോക്താക്കളിൽ നിന്നുള്ള പ്രതികരണങ്ങളും, വൻ ഡാറ്റാ ശേഖരങ്ങൾ ഉപയോഗപ്പെടുത്തലും ഏറ്റവും താഴേക്കിടയിലുള്ള വിവരങ്ങൾ പോലും ഉൾക്കൊള്ളുന്ന വിശദമായ ഡാറ്റ (ഗ്രാനുലർ ഡാറ്റ) പ്രധാന്യത്തോടെ ശേഖരിക്കലും വിശകലനം ചെയ്യലും അത്യന്താപേക്ഷിതമാണ്. മൊത്തത്തിലുള്ള സാമ്പത്തിക ക്ഷേമത്തിൽ സാമ്പത്തിക ഉൾപ്പെടുത്തൽ നയങ്ങളുടെ സ്വാധീനം കാണാൻ, ലക്ഷ്യമിട്ടിരിക്കുന്ന വിവിധ ഗ്രൂപ്പുകളിൽ ലഭ്യമാക്കപ്പെടുന്ന സാമ്പത്തിക സേവനങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച വളരെ ഉപകാരപ്രദമായിരിക്കും.

# സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള ദേശീയ നയപരിപാടി

## ഗ്രന്ഥസൂചി


1. പിഎഫ്ആർഡിഎയെക്കുറിച്ച്. (2018, ഒക്ടോബർ 09). പെൻഷൻ ഫണ്ട് നിയന്ത്രണ, വികസന അതോറിറ്റിയുടെ http://www.pfrda.org.in/ എന്ന വെബ്സൈറ്റിൽ നിന്ന്.

2. ഡിഎഫ്എസ്, എം ഒ. (2018, ഒക്ടോബർ 09). 2018 ആഗസ്റ്റ് 14 ന് അപ്പുറത്തേക്ക് പിഎംജെഡിവൈയുടെ തുടർച്ച. പിഎംജെഡിവൈ: https://www.pmjdy.gov.in/files/E-Documents/Continuation_of_PMJDY.pdf എന്ന വെബ്പേജിൽ നിന്ന്.

3. ഡിഎഫ്എസ്, ധന മന്ത്രാലയം. (2018, ഒക്ടോബർ 09). പിഎംജെജെബിവൈ. ഭാരത് സർക്കാർ, ധന മന്ത്രാലയം, സാമ്പത്തിക സേവന വകുപ്പിന്റെ https://financialservices.gov.in/insurance-divisions/

   Government-Sponsored-Socially-Oriented-Insurance-Schemes/Pradhan-Mantri-Jeevan-Jyoti-Bima-Yojana(PMJJBY) എന്ന വെബ്സൈറ്റിൽ നിന്ന്.

4. ഡിഎഫ്എസ്, ധന മന്ത്രാലയം. (2018, ഒക്ടോബർ 09). പിഎംഎസ്ബിവൈ. ഭാരത് സർക്കാർ, ധന മന്ത്രാലയം, സാമ്പത്തിക സേവന വകുപ്പിന്റെ https://financialservices.gov.in/insurancedivisions/Government-Sponsored-Socially-Oriented-Insurance-Schemes/Pradhan-Mantri- Suraksha-Bima-Yojana(PMSBY) എന്ന വെബ്സൈറ്റിൽ നിന്ന്.

5. ഡിഎഫ്എസ്, ധന മന്ത്രാലയം, ഭാരത് സർക്കാർ. (2014, ആഗസ്റ്റ്). പിഎംജെഡിവൈ മിഷൻ രേഖ. PMJDY: https://www.pmjdy.gov.in/files/E-Documents/PMJDY_BROCHURE_ENG.pdf എന്ന വെബ്സൈറ്റ് പേജിൽ നിന്ന്.

6. ഗിരിധർ, ജി., ജെയിംസ്, കെ., കുമാർ, എസ്., ശിവരാജു, എസ്., അലാം, എം., ഗംഗാധരൻ, കെ.,... ഗുപ്ത, എൻ. (2017). കെയറിങ് ഫോർ ഔർ എൽഡേഴ്സ്: ഇന്ത്യ ഏജിങ് റിപ്പോർട്ട് 2017. ന്യൂ ഡൽഹി, ഇന്ത്യ: യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട്. ഒക്ടോബർ 09, 2018, https://india.unfpa.org/sites/default/files/pub-pdf/India%20Ageing%20Report%20-%202017%20%28Final%20Version%29.pdf

7. ഹോം. സുസ്ഥിര വികസന ലക്ഷ്യങ്ങൾ. (2018, ആഗസ്റ്റ് 09). UNDP: http://www.undp.org/content/undp/en/home/sustainable-development-goals.html

8. ആർബിഐ. (2015, ഡിസംബർ 28). സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള ഇടക്കാല മാർഗ സമിതിയുടെ റിപ്പോർട്ട്. https://rbidocs.rbi.org.in/rdocs/PublicationReport/Pdfs FFIRA27F4530706A41A0BC394D01CB4892CC.PDF

9. ആർബിഐ. (2018, ഒക്ടോബർ 09). അധ്യായം IV - വായ്പാ വിതരണവും സാമ്പത്തിക ഉൾപ്പെടുത്തലും; ആർബിഐയുടെ വാർഷിക റിപ്പോർട്ട് 2017-18. RBI: https://www.rbi.org.in/scripts/AnnualReportPublications.aspx?Id=1231

10. എസ്ഐഡിബിഐ. (2018, ഒക്ടോബർ 09). സർട്ടിഫൈഡ് ക്രെഡിറ്റ് കൗൺസിലേഴ്സ്. SIDBI Udyami Mitra:https://udyamimitra.in/Home/CCC

11. സാമൂഹിക സംരക്ഷണ ഉപദേശക സേവനം, ലോക ബാങ്ക്. (2018, ഒക്ടോബർ 09). വേൾഡ് ബാങ്ക് പെൻഷൻ റിഫോം പ്രൈമർ - വേൾഡ് ബാങ്ക് പെൻഷൻ കൺസെപ്ചൽ ഫ്രെയിം വർക്ക്. worldbank.org: http://siteresources.worldbank.org/INTPENSIONS/Resources/395443-1121194657824/PRPNoteConcept_Sept2008.pdf

12. സാർവത്രിക സാമ്പത്തിക പ്രാപ്യത 2020. (2018, ഒക്ടോബർ 09). ലോകബാങ്ക് വെബ്സൈറ്റ്: http://www.worldbank.org/en/topic/financialinclusion/brief/achieving-universal-financial-accessby-2020

13. വെൽഫെയർ, എം. ഒ. (2018, ഒക്ടോബർ 09). ചെറുകിട കർഷകർക്കുള്ള ഇൻസ്റ്റിറ്റ്യൂഷണൽ ക്രെഡിറ്റ് - പ്രസ് ഇൻഫോർമേഷൻ ബ്യൂറോ. http://pib.nic.in/newsite/PrintRelease. aspx?relid=175181

14. ലോക ബാങ്ക് ഗ്രൂപ്പ്. (2018). ദേശീയ സാമ്പത്തിക ഉൾപ്പെടുത്തൽ നയപരിപാടി വികസിപ്പിക്കലും പ്രാവർത്തികമാക്കലും. വാഷിങ്ടൺ ഡിസി: ലോക ബാങ്ക് ഗ്രൂപ്പ്.